Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൭ ഫെബ്രുവരി ൧൦-ാംനു- | ലക്കം ൨൧൮
പേജ് ൧൬ | ൧൧൨൨ കുംഭം ൧-ാംനു- തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

# അമേരിക്കയിലെ നീഗ്രോ

മഹേശ് ചന്ദ്രജുഗ്രാൻ

അമേരിക്കയിൽ സ്വാതന്ത്ര്യം എന്നൊന്നുണ്ടെങ്കിൽ അതു് സമുദായത്തിലെ ഒരുവിഭാഗത്തിനു മാത്രമാണുള്ളതു്. അമേരിക്കൻപൗരന്മാർ എന്ന നിലയിൽ അവൎക്കു അവകാശമുള്ള സൗജന്യങ്ങൾ വെള്ളക്കാരിൽ തന്നെ എല്ലാവൎക്കും അനുഭവത്തിനു ലഭിക്കുന്നില്ല.

നമ്മുടെ നാട്ടിലുള്ളതുപോലെതന്നെ സങ്കുചിതവും ഗർഹണീയവുമായ ഒരു ജാതിക്കൂട്ടു് യൂണൈറഡ് സ്റ്റേറ്റ്സിലും ഉണ്ടു്. അതിന്റെ ദുഷ്ഫലങ്ങൾ അനുഭവിക്കുന്നതു നീഗ്രോകളാണു്.

അമേരിക്കൻഡെമോക്രസി നീഗ്രോകളോടു പെരുമാറുന്നതു് ഏതുവിധത്തിലാണു്? അമേരിക്കയിലെ കറുത്തനിറമുള്ള പൗരന്മാരെ ഹിംസിക്കുന്നതിനു വെള്ളക്കാരായ പൗരന്മാർ ഉപയോഗിക്കുന്ന ആയുധങ്ങൾ എന്തെല്ലാമാണു്? അവ അമേരിക്കൻ വൎത്തമാനപ്പത്രങ്ങൾ, അമേരിക്കൻകോടതികൾ, ക്ളക്ലക്സ്ക്ലാൻ (കെ. കെ. കെ. എന്നു ചുരുക്കപ്പേർ) തുടങ്ങിയ നീഗ്രോവിരുദ്ധ സംഘടനകൾ എന്നിവയാണെന്നു ചുരുക്കിപ്പറയാം.

## വൎത്തമാനപ്പത്രങ്ങൾ നീഗ്രോകളെ ദ്രോഹിക്കുന്നു

ആദ്യമായി അമേരിക്കൻ വൎത്തമാനപ്പത്രങ്ങളുടെ കാൎയ്യത്തെപ്പററി ആലോചിക്കാം. അമേരിക്കക്കാർ പറയുന്നതു് "ഞങ്ങളുടേതു് ഒരു സ്വതന്ത്രമായ പത്രലോകം" ആണെന്നാണു്. അതു വാസ്തവമല്ല. അവരുടേതു് "ഒരു സ്വതന്ത്രമായ പത്രലോകമാണെ"ന്ന വിശ്വാസം അമേരിക്കക്കാൎക്കുള്ള അടിസ്ഥാനരഹിതങ്ങളായ പല വിശ്വാസങ്ങളിൽ ഒന്നു മാത്രമാണു്.

അമേരിക്കയിലെ പ്രവിശ്യാസ്ഥലങ്ങളിൽ വൎത്തമാനപ്പത്രങ്ങളുടെ ബാഹുല്യം കണ്ടു നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. എന്നാൽ കാൎയ്യമായി അന്വേഷിക്കുമ്പോൾ അമേരിക്കൻഗൃഹങ്ങളിലേക്കു പ്രവഹിക്കുന്ന "ന്യൂയാൎക്ക് ഡെയിലി ന്യൂസ്" തുടങ്ങിയ അനേകശതം ദിനപ്പത്രങ്ങളുടെയും "സാറർഡെ ഈവിനിംഗ് പോസ്റ്റ്" തുടങ്ങിയ വാരികകളുടെയും ഉടമസ്ഥത ഏതാനും ചില വ്യക്തികൾക്കാണുള്ളതെന്നറിഞ്ഞു നിങ്ങൾ വിസ്മയിക്കുന്നു.

അമേരിക്കയിലെ പത്രലോകം വാസ്തവത്തിൽ ഹേഴ്സ്റ്റ്, പാറേർസൺ, കൎണ്ണൽ മക്കോർമിക്ക് തുടങ്ങിയ ഏതാനും ചില വ്യക്തികളുടെ നിയന്ത്രണാധീനമാണു്. ദിനപ്പത്രങ്ങളുടെയും വാരികകളുടെയും നയനിയന്ത്രണം മാത്രമല്ല അവരിൽ സ്ഥിതിചെയ്യുന്നതു്. വാൎത്താവിതരണശാലകളും അവരുടെ ഉടമസ്ഥതയിൽ തന്നെയാണു്.

ഉറച്ച ബുദ്ധിയുള്ള മുതലാളിമാരാണു് അവർ. കഴിയുമെങ്കിൽ ഒരു രാത്രി പുലരുന്നതിനകം അമേരിക്കൻ മുഖംതന്നെ മാററിക്കളയുന്നവരാണു് അവർ. അമേരിക്കയിലെ സകല ജൂതന്മാരെയും പ്രാസിക്യൂട്ടുചെയ്യുകയും, വിദേശീയരെ നാടുകടത്തുകയും, നീഗ്രോജാതിക്കാരെ തെക്കൻദിക്കിലുള്ള പഞ്ഞിത്തോട്ടങ്ങളിലയച്ചു അടിമകളാക്കി തൊഴിൽചെയ്യിക്കുകയും ചെയ്യുന്നതിനു കഴിയുമായിരുന്നെങ്കിൽ അവർ അവർ മടിക്കുകയില്ല.

ഭരണയന്ത്രത്തിന്റെ ചരടുപിടിത്തം നേരിട്ടു നടത്തുന്നതിനു സാദ്ധ്യമല്ലാത്ത ഈ അവസരത്തിൽ അവർ വെള്ളക്കാരായ അമേരിക്കക്കാരിൽ ഒരു വൎഗ്ഗബോധം ഉണ്ടാക്കുന്നതിലാണു ബദ്ധശ്രദ്ധരായി കാണപ്പെടുന്നതു്. നീഗ്രോകളുടെ ദോഷവശങ്ങളെപ്പററി കഴിവുള്ളത്ര പ്രസിദ്ധീകരണം നൽകി അവർ ഇതു സാധിക്കുന്നു. ജേൎജ്ജ് വാഷിംഗ്ടൺ കാർവർ തുടങ്ങിയ ശാസ്ത്രജ്ഞന്മാരെയും പാൾറോബ്സൺ തുടങ്ങിയ കലാകാരന്മാരെയും സൃഷ്ടിച്ച അമേരിക്കയുടെ പുരോഗമനത്തിനു ആ വൎഗ്ഗം നൽകിയിട്ടുള്ള മഹത്തായ സംഭാവനകളെപ്പററി അവർ മൂകത്വം അവലംബിക്കുകയാണു ചെയ്യുന്നതു്.

ജാൺ എന്നും വിൽസൺ എന്നും രണ്ടുപേർ ഉണ്ടെന്നു വിചാരിക്കുക. ജാൺ ഒരു നീഗ്രോയും വിൽസൺ വെള്ളക്കാരനുമാണു്. രണ്ടുപേരുടേയും പേരിൽ ഉള്ള ആരോപണം ഒരു യുവതിയെ മാനഭംഗംചെയ്തു എന്നാണു്. പത്രങ്ങൾ ഈ വാൎത്തകൾ പ്രസിദ്ധപ്പെടുത്തുന്നതിങ്ങനെയായിരിക്കും. വിൽസണെപ്പററിയുള്ള വാൎത്ത ഇപ്രകാരമാണു പ്രസിദ്ധപ്പെടുത്തുന്നതു്.

'വിൽസൺ (17 വയസ്സു്), ഓൾനിഅവന്യൂ എന്നയാളിനെ ഒരു ക്രിമിനൽകുററത്തിനു വിസ്തരിക്കുകയും അയാൾക്കു അഞ്ചുമാസത്തിൽ കുറയാതെ കഠിനതടവുശിക്ഷ വിധിക്കുകയും ചെയ്തിരിക്കുന്നു.'

ജാൺ എന്ന നീഗ്രോയെപ്പററിയുള്ള വാൎത്തയ്ക്കു അവർ ഇത്തരമൊരു ചായ്‌വു കൊടുക്കുന്നതായിരിക്കും. 'സൗത്ത്ഫിലാഡൽഫിയായിൽ ജോൺ (19 വയസ്സു്) എന്ന നീഗ്രോയ്ക്കു 5 വൎഷത്തെ കഠിനതടവുശിക്ഷ നൽകി വിധി പ്രസ്താവിച്ചിരിക്കുന്നു. 14 വയസ്സുമാത്രം പ്രായമുള്ള വെള്ളക്കാരിയായ ഒരു വനിതയെ മാനഭംഗം ചെയ്യുമ്പോൾ അയാളെ പോലീസുകാർ പിടികൂടി ചാൎജ്ജുചെയ്യുകയാണുണ്ടായതു്.'

ഇപ്രകാരമുള്ള വൎത്തമാനം വായിക്കുമ്പോഴെല്ലാം അവർ ഒരു പൊതുതത്വമെന്നോണം പറയും 'നീഗ്രോകളെല്ലാം അങ്ങനെയുള്ളവരാണു്.'

'ഈ നിഗ്ഗേഴ്സോ?' ഫിലാഡൽഫിയായിലെ ഒരു ഫാക്ടറിതൊഴിലാളി അയാളുടെ പ്രാകൃതഭാഷയിൽ എന്നോടുപറഞ്ഞു, 'നിങ്ങൾ പത്രം വായിച്ചുനോക്കിയാൽ അവരെങ്ങനെയുള്ളവരാണെന്നു കാണാം. ഇത്തരം നീചത്വങ്ങൾ ചെയ്യാനല്ലാതെ മറെറാന്നും അവൎക്കു വശമില്ല.'

> [ലേഖനകൎത്താവു് ഫിലാഡൽഫിയായിലെ ടെമ്പിൾ യൂണിവേഴ്സിററിയിൽ പത്രപ്രവൎത്തനം സംബന്ധിച്ച ഉപരിപഠനം കഴിഞ്ഞു് ഈയിടെ തിരിച്ചെത്തിയതാണു്. അദ്ദേഹം അമേരിക്കയിൽ മൂന്നരവൎഷം താമസിച്ചു് രാജ്യം ചുററിസഞ്ചരിച്ചിട്ടുണ്ടു്. മി: ഹെൻറി വാലസ്, മിസ്സിസ്സ് എലീനോർ റൂസ്‌വെൽററ് എന്നിവരെ സന്ദൎശിച്ചു് സംഭാഷണം നടത്തുന്നതിനു് സന്ദർഭം ലഭിച്ച ആദ്യത്തെ ഇൻഡ്യൻ പത്രപ്രവൎത്തകനാണു് ഇദ്ദേഹം. സ്വാതന്ത്ര്യത്തിന്റെ പൎയ്യായമായ ഐക്യനാടുകളിലെ നീഗ്രോ വൎഗ്ഗക്കാരുടെ ഇന്നത്തെ സ്ഥിതിയാണു് ഇതിൽ ചിത്രീകരിച്ചിരിക്കുന്നതു്. ഇൻഡ്യയിലെ പിന്നോക്കസമുദായങ്ങളുടെ സ്ഥിതിയെപ്പററി ഖേദം പ്രകടിപ്പിക്കുന്ന വെള്ളക്കാരായ ഭിഷഗ്വരന്മാർ അവരുടെ രോഗത്തിനുതന്നെ ഔഷധം സേവിക്കുമെങ്കിൽ!]

## നീതിന്യായക്കോടതികളിലെ അക്രമം

നീഗ്രോവൎഗ്ഗക്കാരുടെ കുററങ്ങൾ പരസ്യപ്പെടുത്തുകയും വെള്ളക്കാരുടേതു മറയ്ക്കുകയും ചെയ്ക മാത്രമല്ല നടക്കുന്നതു്. കൃത്രിമമായ ആരോപണങ്ങളിന്മേൽ നീഗ്രോകളെ ബന്ധനസ്ഥരാക്കി ദീർഘകാലത്തേക്കുള്ള ശിക്ഷകളും അവൎക്കു നൽകിവരുന്നു. യൂണൈറഡ്സ്റ്റേററ്സിന്റെ തെക്കുഭാഗങ്ങളിലെ കോടതികൾ നീഗ്രോകൾക്കു ഒരു ശാപംതന്നെയാണു്. അമേരിക്കയിലെ ചില കോടതികൾ നീഗ്രോകൾക്കു നൽകുന്ന ശിക്ഷയുടെ സ്വഭാവം താഴെക്കാണുന്ന ഉദാഹരണങ്ങൾ വ്യക്തമാക്കുന്നതാണു്.

ഒരു വാൎത്ത ഇങ്ങനെയാണു്. 'ബലാൽസംഗം, കൊള്ള എന്ന കുററങ്ങൾക്കു കൃത്രിമമായി ചാൎജ്ജുചെയ്യപ്പെട്ടു വിചാരണ നടത്തിയശേഷം ഫെസ്റ്റസുകോൾമാൻ എന്ന നീഗ്രോയ്ക്കു അറുപത്തിഅഞ്ചുവൎഷത്തെ തടവുശിക്ഷ വിധിച്ചിരിക്കുന്നു. പതിനേഴുവയസ്സുള്ള ഒരു വിദ്യാൎത്ഥിനിയും ഒരു സൈനികഉദ്യോഗസ്ഥനുംകൂടി പാൎക്കിൽ സ്വൈരവിഹാരത്തിലേൎപ്പെട്ടിരുന്നപ്പോൾ അപ്രതീക്ഷിതമായി അയാൾ അവിടെ കടന്നുചെല്ലുകയും ഉദ്യോഗസ്ഥനും അയാളുമായി അതുസംബന്ധിച്ചുണ്ടായ സംഘട്ടനത്തിനിടയ്ക്കു അറസ്റ്റുചെയ്യപ്പെടുകയുമാണുണ്ടായതു്.'

അമേരിക്കയിലെ വെള്ളക്കാരന്റെ വെള്ളനിറത്തെപ്പററി അവനുതന്നെ ഒരു ബോധമുണ്ടു്. യുദ്ധകാലത്തു വെള്ളക്കാരനായ അമേരിക്കനോടൊപ്പം ത്യാഗങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും നീഗ്രോയെ നിറത്തേണ്ടതെവിടെയെന്നു സൈനിക ഉദ്യോഗസ്ഥന്മാൎക്കു അറിയാമായിരുന്നു.

മറെറാരുവാൎത്ത ഇങ്ങനെയാണു്. ഒരു ബലാൽസംഗക്കേസ്സിൽ കുററക്കാരെന്നുകണ്ടു റിച്ചാർഡ് ആഡംസ്, ജേൺ ബോർഡോനേവ്, ലാറൻസ് മിച്ചെൽ എന്നീ മൂന്നു നീഗ്രോഭടന്മാർ ഒക്ടോബർ ൩൦-ാംനു- വധശിക്ഷ അനുഭവിക്കുന്നതിനു വിധികല്പിച്ചിരിക്കുന്നു. വെള്ളക്കാരിയായ ഒരു വേശ്യയാണു് ഈ കേസ്സിലെ വാദി."

നീഗ്രോയുടെ പുരോഗതി തടയുക എന്നതാണു അമേരിക്കയിലെ, പ്രത്യേകിച്ചു തെക്കൻനാടുകളിലെ, വെള്ളക്കാരന്റെ പ്രധാന ഉദ്ദേശം. ഒരു ജനസഞ്ചയത്തിന്റെ പുരോഗമനത്തിനു അത്യന്താപേക്ഷിതമായവയെല്ലാം അവനു നിഷേധിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, തെക്കൻ നാടുകളിലൊന്നിലുംതന്നെ ഒരു തെരഞ്ഞെടുപ്പിലും വോട്ടുചെയ്യുന്നതിനു നീഗ്രോകൾക്കു അവകാശമില്ല. എഴുതാനും വായിക്കാനും അറിവും വസ്തു ഉടമസ്ഥതയും ഇല്ലാത്തവൎക്കു വോട്ടവകാശം അവിടെ അനുവദിക്കപ്പെടണമെങ്കിൽ അവർ "തലവരി" അഥവാ "പോൾ ടാക്സ്" എന്ന നികുതി കൊടുക്കുന്നവരായിരിക്കണം എന്നാണു് നിയമം. നീഗ്രോയെ രാഷ്ട്രീയജീവിതത്തിൽനിന്നു പുറം തള്ളുന്നതിനു വെള്ളക്കാർ കണ്ടുപിടിച്ച ഒരു മാൎഗ്ഗമാണു് "തലവരി" എന്ന നികുതി. "തലവരി" കൊടുക്കുന്നതിനു പ്രാപ്തിയില്ലാത്തവരാണു് നീഗ്രോകൾ. അവർ അത്ര ദരിദ്രരാണു്. വസ്തു ഉടമസ്ഥതയും എഴുത്തും വായനയും അവൎക്കെവിടെ!

## അമേരിക്കൻ ഹിററ്ലർമാർ

"തലവരി" ഏൎപ്പാടു് അക്രമവും അനീതിയുമാണെന്നു മററു രാജ്യക്കാർ അഭിപ്രായപ്പെട്ടേയ്ക്കാം. "തലവരി"യേക്കാൾ അക്രമമായ അനീതികളാണു് "ക്ളക്ലക്സ്ക്ലാൻ" തുടങ്ങിയ നീഗ്രോവിരുദ്ധ സംഘടനകൾ നീഗ്രോകളുടെ തലയിൽ വാരിച്ചൊരിയുന്നതു്. "ക്ളക്ലക്സ്ക്ലാൻ (ചുരുക്കപ്പേർ കെ. കെ. കെ എന്നാണു് ലോകമൊട്ടാകെ അറിയുന്നതു്.) "അമേരിക്കൻ ഹിററ്ലറന്മാരുടെ' ഒരു പ്രസ്ഥാനമാണു്. അതേ, അമേരിക്കയിൽ കുറെ ഹിററ്ലർമാരുണ്ടു്. നീഗ്രോവിരുദ്ധവും, യഹൂദവിരുദ്ധവും, കമ്മ്യൂണിസ്റ്റ്‌വിരുദ്ധവുമായ ഒരു കുരിശുയുദ്ധംതന്നെ നാട്ടിൽ നടത്തുകയെന്നതാണു് അവരുടെ പ്രാഥമികമായ ഉദ്ദേശം. അമേരിക്കൻ നാഷണലിസ്ററുകൾ എന്നാണു് ഈ സംഘം സ്വയം പേരിട്ടിരിക്കുന്നതു്. "അമേരിക്ക യഥാൎത്ഥ അമേരിക്കാക്കാൎക്കു്" എന്നതാണു അവരുടെ മുദ്രാവാക്യവും. അമേരിക്കൻ ഭരണഘടനയാണു് രാജ്യം ഭരിക്കുന്നതെങ്കിൽ, ഭരണഘടനയെ ഭരിക്കുന്നതു് കെ. കെ. കെ യാണു—തെക്കൻ നാടുകളെ സംബന്ധിച്ച ചില സന്ദർഭങ്ങളിൽ നീഗ്രോവധവും അവർ അനുവദിക്കുന്നുണ്ടു്! നീഗ്രോകളുടെ വ്യാപാരശാലകൾ കൊള്ളയിടുക, വീടുകയറി ആക്രമിക്കുക, സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഹിംസിക്കുക എന്നിവയാണു് അവരുടെ പരിപാടികളിലെ അംശങ്ങൾ. Lynch(ലിഞ്ചു്) എന്ന വാക്കാണു നീഗ്രോകളെ ഹിംസിക്കുന്നതിനെ സൂചിപ്പിക്കുന്നതു്. വിചാരണകൂടാതെ ജനക്കൂട്ടം നടത്തുന്ന ക്രൂരമായ ശിക്ഷയെയാണു ഈ വാക്കു സൂചിപ്പിക്കുന്നതു്.)

ഇവരുടെ ദുഷ്കൃത്യങ്ങളിൽ പൊലീസിന്റെ ആനുകൂല്യംകൂടിയുണ്ടെന്നു പ്രസ്താവിക്കുന്നതിൽ ചിലർ അത്ഭുതപ്പെട്ടേക്കും. കോടതിവിധികളും അവൎക്കു അനുകൂലമായാണു്. എല്ലാവൎക്കും നീതിയും സ്വാതന്ത്ര്യവും എന്ന അധിഷ്ഠാനത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യമായ അമേരിക്കയിൽ, പട്ടാപ്പകൽ ഇത്തരം ചട്ടമ്പിത്തരം നടമാടുകയെന്നതു് ഹൃദയഭേദകമായ ഒരു വസ്തുതയാണു്.

## മാനസികമായ പീഡനം

"ലിഞ്ചു"ചെയ്യപ്പെടുകയെന്നതാണു് അമേരിക്കൻനീഗ്രോയുടെ അനുഭവത്തിന്റെ പ്രധാന വശം. എന്നാൽ അതിലേറെ കഠിനതരമാണു് വെള്ളക്കാരായ അവന്റെ ക്രൂസ്തീയസഹോദരന്മാർ അവനെ ഏല്പിക്കുന്ന മാനസിക ബന്ധനം. അതു നിൎത്തലാക്കുന്നതുവരെ നീഗ്രോ അടിമത്വത്തിൽതന്നെ കിടക്കുന്നതാണു്.

(ശേഷം 15-ാംപേജിൽ)

മലയാളരാജ്യം

ജീവചരിത്രപംക്തി—

# ബംഗാൾ പ്രധാനമന്ത്രി ഹുസൈൻസഹീദസുഹ്രവർദി

By "Acacia"

ഈയിടെ നടന്ന ക്രൂരമായ വർഗ്ഗീയലഹള ബംഗാൾകാര്യങ്ങൾക്കു വർത്തമാനപ്പത്രലോകത്തിൽ പ്രാധാന്യം സമ്പാദിച്ചുകൊടുത്തിരിക്കുകയാണ്. സുഹ്രവാർദിയുടെ നേതൃത്വത്തിലുള്ള ബംഗാളിലെ ലീഗുമന്ത്രിസഭ ഇതുസംബന്ധിച്ച പൊതുജനാഭിപ്രായമാകുന്ന കോടതിമുമ്പാകെ വിചാരണയ്ക്കു വിധേയമായിരിക്കുന്നു. "അക്കേഷിയ"യുടെ ഈ പ്രത്യേകലേഖനം ബംഗാൾപ്രധാനമന്ത്രിയുടെ ഒരു തൂലികാചിത്രം വായനക്കാരുടെമുമ്പാകെ സമർപ്പിക്കുന്നു.

ഒരു ജനകീയഗവമ്മെൻറിൻെറ ഉത്തരവാദമേറിയ മേധാവിയായിരിപ്പാൻ യോജിക്കാത്തവിധത്തിൽ ബങ്കാൾപ്രധാനമന്ത്രി മി: ഹുസൈയിൻ സഹീദസുഹർവർദിയെപ്പോലെ പ്രകൃതി മററാരെയും തന്നെ സജ്ജീകരിച്ചിട്ടില്ല. എന്നുവച്ച് അദ്ദേഹത്തിൻെറ ബഹുമുഖസിദ്ധികൾ ഇതിനാൽ നിഷേധിക്കപ്പെടുന്നു എന്നു അർത്ഥമില്ല. ബങ്കാളിലെ ഏററവും സം



സ്കാരസമ്പന്നമായ ഒരു കുടുംബത്തിൽ—മാതൃഭാഷ ഉർദുവായുള്ള ചുരുക്കം ചില ബങ്കാളിലെ മുസ്ലിംകുടുംബങ്ങളിലൊന്നിൽ—ജനിച്ച അദ്ദേഹത്തിന് ഉത്തമമായ വിദ്യാഭ്യാസമാണു സിദ്ധിച്ചിട്ടുള്ളത്. ആക്സ്ഫോർഡിൽ അതു കുറതീരുകയും ചെയ്തു. അദ്ദേഹത്തിൻെറ വിദ്യാലയകാലനേട്ടങ്ങൾ ലീഗുനേതൃത്വത്തിലെ പ്രതിയോഗി ഖ്വാജാ നാസിമുദ്ദീൻെറ വിഷയത്തിലെന്നപോലെ ശോഭാരഹിതമായിരുന്നില്ല. അദ്ദേഹത്തിൻെറ നിയമപരമായ കഴിവുകളും അഗണ്യമായിരുന്നില്ല. നിയമവൃത്തിയെ അദ്ദേഹം സവ്വാത്മനാ ആശ്ലേഷിച്ചിരുന്നെങ്കിൽ സ്വപിതാവായ സർ സാഹിദുസുഹർവാർദി—ദീർഘകാലം കല്ക്കത്താ ഹൈക്കോടതിയിലെ ഒരു സമാദരണീയന്യായാധിപനായിരുന്നു ഇദ്ദേഹം—യെപ്പോലെ അദ്ദേഹത്തിനും തീർച്ചയായും ഒരു ന്യായാധിപസ്ഥാനം ലഭിക്കമായിരുന്നു. ശക്തിയായി പ്രസംഗിക്കാൻ കഴിവുള്ള അദ്ദേഹം വാദപ്രതിവാദചതുരനാംകൂടിയാണ്. വാസ്തവത്തിൽ ഇന്നത്തെ ബങ്കാൾ അസംബ്ളിയിൽ യഥാർത്ഥവാദപ്രതിവാദസമർത്ഥന്മാർ രണ്ടുപേർമാത്രമേയുള്ളു — ശ്യാമപ്രസാദമുക്കർജിയും സാഹീദസുഹർവാർദിയും. മുക്കർജി തൻെറ 'നാടൻ'ശൈലിയിൽ ഗർജ്ജിക്കുമ്പോൾ പ്രധാനമന്ത്രിയുടെ പ്രസംഗശൈലിയാവട്ടെ കുററമററതായി വിലസുന്നു. ഓരോ നിമിഷത്തിലും ആക്സ്ഫോർഡിൻെറ മുദ്ര അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്നു. പക്ഷേ ഉത്തരവാദരാഹിത്യം അദ്ദേഹത്തിൽ മികച്ചുനില്ക്കുന്നു. ഔചിത്യശൂന്യത ഒരു സൽഗുണമായി അദ്ദേഹം കരുതുന്നുണ്ടാവണം. സാമൂഹ്യമായ പെരുമാററത്തിലെ അദ്ദേഹത്തിൻെറ അപമര്യാദ ചിലപ്പോൾ അതിഭയങ്കരവുമാണ്. അദ്ദേഹത്തെപ്പോലെയുള്ള ആളുകൾ ഏതെങ്കിലും ടീമിനും ഒരു ദുർവിധിയാണ്. അത്തരം നേതൃത്വത്തെ ആധാരമാക്കേണ്ടിവരുന്നവരുടെ കഷ്ടകാലം വർണ്ണിക്കേണ്ടതില്ല.

ഇന്നത്തെ പ്രമുഖലീഗുനേതാക്കളിൽനിന്ന് ഒരു കാര്യത്തിൽ ഇദ്ദേഹം ഭിന്നനാണ്. സാഹീദസുഹർവാർദി ആലിഗാർ കണ്ടിരുന്നില്ല. കല്ക്കത്തായിൽനിന്നു 'ഗ്രാഡുവേററ്' ചെയ്തു—സയൻസിൽ ഒന്നാംക്ലാസ്സോടുകൂടി—അദ്ദേഹം ആക്സ്ഫോർഡിലേക്കു പോവുകയാണുണ്ടായത്. അവിടെ എൽ. എൽ. ബി. ഡിഗ്രി സമ്പാദിക്കാനുള്ള യത്നങ്ങൾക്കും ലണ്ടനിലെ ഇൻസ് അഫ് കോർട്ടിലൊന്നിലെ ഡിന്നറുകൾക്കും ഇടയ്ക്കുള്ള സമയം ഏറിയക്രമം സംഗീതത്തിനും നൃത്തം പഠിക്കലിനുമായി വിനിയോഗിച്ചുവന്നതായിട്ടാണു റിപ്പോർട്ട്. അൻപതുകഴിഞ്ഞ ഒരു സ്ഥൂലകായൻെറ വൈഷമ്യങ്ങളെയെല്ലാം തരണംചെയ്യേണ്ടിയിരിക്കുന്ന ഇദ്ദേഹം ഇപ്പോഴും സല്ക്കാരസമ്മേളനങ്ങളിലെ പ്രഭാഷണപരിപാടിയിൽ വിമുഖനല്ല. അദ്ദേഹത്തിൻെറ മുഖ്യമായ ഒരു ക്ഷീണവശം—അതു ക്ഷീണവശമാണെങ്കിൽ—നല്ല ഭക്ഷണം, നല്ല വസ്ത്രധാരണം, നല്ല കൂട്ടുകാർ എന്നിവയാണ്; കല്ക്കത്തായിലെ 'ത്രീ ഹൺഡ്രഡ്' എന്ന നൈററ്ക്ലബ്ബിലെ ഒരു പതിവുകാരനാണദ്ദേഹം. മിതാനുഭോഗം അദ്ദേഹത്തിൻെറ ഗുണവിശേഷങ്ങളിലൊന്നല്ല. ആഡംബരജീവിതത്തെപ്പററി അദ്ദേഹം ലജ്ജിക്കുന്നുമില്ല. ഇതു പലപ്പോഴും ഒരു കക്ഷിനേതാവിനു വൈഷമ്യങ്ങൾ വരുത്തിക്കൂട്ടും. നെൽപാടങ്ങളിൽനിന്നു നേരിട്ട് അസംബ്ളിമന്ദിരത്തിലേക്കു പോന്നിട്ടുള്ളവരാണ് കക്ഷിയിലെ അംഗങ്ങളിൽ മിക്കവരുമെന്നുവരുമ്പോൾ ഈ വൈഷമ്യങ്ങൾ ഏറെക്കുറെ ഊഹിക്കാവുന്നതാണല്ലോ. അദ്ദേഹത്തിൻെറ പരിഷ്കൃതസജ്ജകളോടുകൂടിയ വസതിയിൽ അവർ 'അസ്ഥാനഗത'രെന്ന വിചാരത്താൽ കുഴങ്ങിപ്പോകുന്നു. നേതാവും നിയമസഭാംഗങ്ങളും തമ്മിലുള്ള ഈ അകൽച്ച ഇപ്പോൾതന്നെ വളരെ വർദ്ധിച്ചുകഴിഞ്ഞിരിക്കയാണ്.

ഒന്നാം ലോകമഹായുദ്ധത്തിനുമുമ്പുള്ള ആക്സ്ഫോർഡ് സമർത്ഥരായ അനേകം ഭാരതീയയുവാക്കളുടെ സങ്കേതമായിരുന്നു. സ്വന്തം ഭവനങ്ങളിൽനിന്ന് അനേകായിരം മൈൽ ദൂരെ ഇൻഡ്യൻമജിലിസിൻെറ സല്ക്കാരപൂർണ്ണമായ വാസശാലകൾ അവർക്കു ഭാവനാധികമായിത്തീർന്നിരുന്നു. അന്നത്തെ ആ വിദൂരദിവസങ്ങളിൽ പാകിസ്ഥാൻ ആരും സ്വപ്നം കണ്ടിരുന്നപോലുമില്ല. അവരെല്ലാം തികഞ്ഞ നാഷണലിസ്ററുകളായിരുന്നു. യുവാവായ സാഹീദിനെക്കാൾ ഊററക്കാരായി ആ ഭാരതീയരിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. സാഹീദ് മജ്ലിസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. നോബെൽസമ്മാനം ലഭിച്ചതിനെത്തുടർന്നു മഹാകവി ടാഗോർ ആക്സ്ഫോർഡ് സർവ്വകലാശാല സന്ദർശിച്ച അവസരത്തിൽ ഇൻഡ്യൻവിദ്യാർത്ഥികളുടെ പ്രതിനിധിയായി അദ്ദേഹത്തെ സ്വീകരിക്കുവാനുള്ള ഭാഗ്യവിശേഷം സിദ്ധിച്ചതു് സാഹീദിനായിരുന്നു. സാഹീദസുഹർവാർദി ഒരിക്കലും ഇംഗ്ലീഷുകാരനെ ബഹുമാനിക്കുന്ന കൂട്ടത്തിലയിരുന്നില്ല. അദ്ദേഹവും ഏതാനും സ്നേഹിതന്മാരും—അക്കൂട്ടത്തിൽ ബംഗാളിലെ ഇന്നത്തെ പ്രതിപക്ഷനേതാവ് കിരൻശങ്കർറായിയും ഉൾപ്പെട്ടിരുന്നു എന്നറിയുന്നതു രസാവഹമായിരിക്കും—'നാട്ടുകാ'രനെ മെമ്പറാക്കാൻപാടില്ലെന്ന നിയമത്തോടുകൂടിയ ഒരു ക്ലബ്ബു തുടങ്ങുകപോലും ചെയ്തു. ആക്സ്ഫോർഡുകാലത്തെ ആ ദേശീയത്വത്തിൻെറ ഒരു കണികപോലും 'ജിന്നാബാധ'യ്ക്കുശേഷം അദ്ദേഹത്തിൽ ശേഷിച്ചിട്ടില്ല

ഒന്നാംലോകമഹായുദ്ധകാലത്തുതന്നെ നാട്ടിലേക്കു മടങ്ങിവന്ന സാഹീദ കല്ക്കത്താ ഹൈക്കോടതിയിൽ ഒരു ബാരിസ്റ്ററായി പ്രാക്ടീസു തുടങ്ങുകയും, ജൂനിയറിൻെറ നിലയിൽ ശരിക്കു പ്രവർത്തിച്ചുപോരികയും ചെയ്തു. അക്കാലത്തു അദ്ദേഹം പാളിററിക്സിൽ വലിയ താല്പര്യമൊന്നും പ്രദർശിപ്പിച്ചിരുന്നില്ല. പുതിയ കാർപ്പൊറേഷൻ ആക്ട് പ്രവൎത്തനത്തിൽ വന്നു കല്ക്കത്താമേയർ ദേശബന്ധു ചിത്തരഞ്ജനദാസ് തൻെറ ഡെപ്യൂട്ടിയായി സാഹീദിനെ തിരഞ്ഞെടുത്തപ്പോൾ സാഹിദ് യഥാർത്ഥത്തിൽ 'ഒരു കരിംകുതിര' യായിരുന്നതേയുള്ളു. മുപ്പതുവയസ്സു തികഞ്ഞിരുന്നില്ലാത്ത സുഭാഷ് ആയിരുന്നു ആദ്യത്തെ ചീഫ് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻ. മഹാനായ ദേശബന്ധുവിനു ഭാവിയെപ്പററി നേരത്തെ അറിയുവാൻ കഴിഞ്ഞിരുന്നു എങ്കിൽ തീർച്ചയായും അദ്ദേഹം കാൺഗ്രസ്സിനെ കാർപ്പൊറേഷൻെറ പിടിയിൽനിന്നു അകററിവയ്ക്കുകതന്നെ ചെയ്യുമായിരുന്നു. ബങ്കാളിൽ കാൺഗ്രസ്സിനു ഇത്രമാത്രം നിർജ്ജീവതയ്ക്കുള്ള സർവ്വപ്രധാനകാരണം കാർപ്പൊറേഷനാണ്. പ്രവിശ്യയിലെ കാൺഗ്രസ്സ് വഴക്കുകളിൽ പലതും കാർപ്പൊറേഷൻ പാളിററിക്സുമായി നേരിട്ടു ബന്ധമുള്ളവയാണ്. ദേശീയത്വത്തിൽനിന്നുള്ള സാഹീദിൻെറ ആദ്യത്തെ വ്യതിയാനംതന്നെ കാർപ്പൊറേഷൻനിമിത്തമായിരുന്നു. സർ സ്ററവാർട്ടഹാഗ്മാക്കററിൻെറ പരിധിയ്ക്കുള്ളിൽവച്ചു ഒരു വൃദ്ധഫക്കീർ മൃതിയടഞ്ഞു. ഫക്കീറിൻെറ ശിഷ്യരായുണ്ടായിരുന്ന അല്പം ചിലർക്ക് നിര്യാണസ്ഥാനത്തുതന്നെ ഫക്കീറിൻെറ മൃതശരീരം അടക്കംചെയ്യണമെന്നു നിർബന്ധമായി. ഒന്നാംതരം ഒരു രാഷ്ട്രീയതർക്കം ഇതിൽനിന്നുത്ഭവിച്ചു. കാർപ്പൊറേഷൻ രണ്ടു വർഗ്ഗീയകക്ഷികളായി പിരിഞ്ഞു. പൂർണ്ണസമ്മതത്തോടുകൂടിയല്ലെങ്കിലും സാഹീദ സ്വമതാനുയായികളുടെ കക്ഷിയിലേക്കു ആകർഷിക്കപ്പെട്ടു. വൃത്തികേടു തുടങ്ങിക്കഴിഞ്ഞു. ദേശബന്ധുവിൻെറ നിര്യാണത്തെ തുടർന്നു ഹിന്ദുകൗൺസിലന്മാരിൽ ഒരു വിഭാഗം ഡെപ്യൂട്ടിമേയരുടെ പേരിൽ ഒരു അവിശ്വാസപ്രമേയം അവതരിപ്പിച്ചപ്പോൾ കാര്യങ്ങൾ കൂടുതൽ വഷളായി. അദ്ദേഹം രാജിവച്ചു. ക്ഷതമേററ അഭിമാനവും വികാരങ്ങളും അദ്ദേഹത്തെ ഒരു ദ്വേഷബുദ്ധിയാക്കിത്തീർത്തു. ആ ദിവസത്തിനിപ്പുറം ബങ്കാളിലെ രാഷ്ട്രീയമണ്ഡലത്തിൽ സാഹീദ സുഹർവാർദിയെക്കാൾ കൂടുതൽ ഉറച്ച ഒരു വർഗ്ഗീയവാദി ഉണ്ടായിട്ടില്ലെന്നു പറയാം.

ലെജിസ്ലേററീവ് കൗൺസിലിൽ അദ്ദേഹം ഏററവും ശബ്ദബഹുലനായ മുസ്ലീംതാല്പര്യവാദിയായിത്തീർന്നു. സ്ത്രീകളോടുള്ള കുററകൃത്യങ്ങൾ തടയത്തക്കശിക്ഷയായി അവയ്ക്കു അടിശിക്ഷ വിധിയ്ക്കുന്ന ഗവമ്മെണ്ടുബില്ലിനെതിരായി ചെയ്ത ശക്തിയേറിയ പ്രസംഗമായിരുന്നു സാഹീദിൻെറ ചെയ്തികളിൽ ഏററവും വികൃതമായിരുന്നതു്. ഹിന്ദുക്കളുടെ പത്രങ്ങൾ അദ്ദേഹത്തെ ചട്ടമ്പികളുടെ സഖാവായി ചിത്രീകരിച്ചു. മുസ്ലീംകുററവാളികളുടെ വക്കാലത്തു പിടിച്ചു പോലീസുകോടതികളിലും ഠാണാകളിലും കൂടെക്കൂടെ അദ്ദേഹം ഹാജരായിക്കൊണ്ടിരുന്നതു ജനങ്ങളുടെ ആ വിശ്വാസത്തെ സ്ഥിരീകരിക്കയുംചെയ്തു. 'മിനാപെഷവാറിയുടെ കൂട്ടുകാരൻ',—കല്ക്കത്തായിൽനിന്നു പുറത്താക്കപ്പെട്ട ഒരു അക്രമിയാണ് ഈയാൾ—എന്നപേരു സാഹിദിൻെറ ആയുഷ്കാലംമുഴുവൻ നിലനില്ക്കുമെന്നാണ് തോന്നുന്നതു്. അദ്ദേഹം കൂട്ടുകാരെ തിരഞ്ഞെടുക്കുന്നതിൽ കുറേക്കൂടി ദൃഷ്ടിചെലുത്തിയിരുന്നെങ്കിൽ!

ആദ്യത്തെ പ്രവിശ്യാസ്വയംഭരണതിരഞ്ഞെടുപ്പിൽ കല്ക്കത്തായിലെ രണ്ടു നിയോജകമണ്ഡലങ്ങളിൽനിന്നു വൻപിച്ച ഭൂരിപക്ഷത്തോടെ സുഹ്രവാർദി വിജയിയായി. ഈ ഇരട്ടവിജയത്തിൻെറഫലമായിമാത്രമാണ് ഖ്വാജാനാസിമുദ്ദീനു നിയമസഭാതലത്തിൽ വീണ്ടും പ്രവേശനത്തിനു ഒരു അവസരം കിട്ടിയതു്. പതുവാഖലി നിയോജകമണ്ഡലത്തിൽ മൌൽവി ഫസ്ലുൽഹക്കിനാൽ തോല്പിക്കപ്പെട്ട നാസിമുദ്ദീനു ഉത്തരകല്ക്കത്തായിൽനിന്നു സാഹീദ് രാജിവച്ച സ്ഥാനം ലഭിക്കയാണുണ്ടായതു്.

അൻപതു മുതൽ എല്ലാം മന്ത്രിസഭകളിലും—ഫസ്ലുൽഹക്കിൻെറ ഒരു മന്ത്രിസഭ ഒഴിച്ച്—തുടർച്ചയായി സുഹർവാർദി മെമ്പറായിരുന്നു. ഗവർണർ സർ ജാൺ സ്ററവർട്ട് സമാപിപ്പിച്ച ഹക്ക്മന്ത്രിസഭയിൽമാത്രമേ അദ്ദേഹം ഇല്ലാതിരുന്നിട്ടുള്ളു. തൻമൂലം അദ്ദേഹം മിക്ക പ്രധാനപോർട്ട്ഫോളിയോകളും വഹിച്ചിട്ടുള്ള ഒരു തഴക്കിയ മന്ത്രിയാണ്. വിജയപൂർണ്ണനായ ഒരുഭരണനിർവ്വാഹകനാകുവാനുള്ള പല യോഗ്യതകളും അദ്ദേഹത്തിനുണ്ട്—അദ്ദേഹം ഊർജ്ജസ്വലതയും കാര്യശേഷിയുമുള്ളയാളാണ്. എത്രവേണമെങ്കിലും വേലചെയ്യാൻ അദ്ദേഹത്തിനു കഴിയും. നിർദ്ദയം വേല ചെയ്യിക്കുവാനും അദ്ദേഹം മിടുക്കനാണ്. ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവരുടെ വിജയത്തിനു ഇവയെല്ലാം ഒഴിച്ചുകൂടാത്ത ഗുണങ്ങളാകുന്നു. എന്നാൽ അവമാത്രമായാൽ പോരാ. അദ്ദേഹത്തിൻെറ ഏററവും വലിയ ന്യൂനത വിശ്വാസമാർജ്ജിക്കുവാനുള്ള കഴിവില്ലായ്മയാണ്. സ്വന്തം മുസ്ലീംസഹപ്രവർത്തകരുടെപോലും സ്നേഹവിശ്വാസങ്ങൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഖ്വാജാനാസിമുദ്ദീൻസ്ഥാനാർത്ഥിയായി നില്ക്കുവാൻ ഇഷ്ടപ്പെട്ടിരുന്നുവെങ്കിൽ സുഹർവാർദി പ്രധാനമന്ത്രിസ്ഥാനത്തെത്തുകയില്ലായിരുന്നു എന്നു തീർച്ചയാണ്. അദ്ദേഹത്തെ പ്രധാനമന്ത്രിയാക്കുവാൻ ലീഗ്കക്ഷി സമ്മതിച്ചതു ആ സ്ഥാനത്തേയ്ക്കു യോഗ്യതയുള്ളവരായി മററാരുമില്ലാതിരുന്നതുകൊണ്ടാണ്. ഇപ്പോഴും അദ്ദേഹത്തിൻെറ നില വലിയ ഉറപ്പുള്ള ഒന്നല്ല. സാമാന്യ കാലങ്ങളിലായിരുന്നു എങ്കിൽ സ്വന്തം കക്ഷിയിൽപെട്ടവർതന്നെ എത്രയോമുമ്പു അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നു ഇളക്കുമായിരുന്നു. പക്ഷെ കെട്ട പാടുലഞ്ഞകാലം. ബങ്കാളിൽ ഒരു ആഭ്യന്തരസമരംതന്നെ നടക്കുകയാണ്. ആററിൻെറ നടുവിൽവച്ചു കുതിരയെ മാറുവാൻ മുസ്ലീങ്ങൾ തുനിയുകയില്ല. അതുകൊണ്ടു സാഹീദ് പ്രധാനമന്ത്രിപദത്തിൽ തുടരുന്നു. എത്രകാലത്തേയ്ക്കെന്നുകണ്ടറിയണം.

രാഷ്ട്രീയവമ്പുപറച്ചിൽ ബങ്കാളിലെ വിശന്ന വയറുകൾ നിറയ്ക്കയില്ല. ഒരു കാലത്തു കിഴക്കൻദിക്കിലെ ധാന്യപ്പുരയായിരുന്ന ബങ്കാൾ ഇന്നു ഒരു ദുർഭിക്ഷപ്രദേശമാണ്. വ്യാ കാൺഗ്രസ്സുവോട്ടുകൾ അദ്ദേഹത്തെ അധികാരത്തിൽനിന്നു ഓടിക്കയില്ല. പക്ഷെ ക്ഷാമം അതു ചെയ്യും.

(കാപ്പിറൈററ് എൻ. ഡി. പി. പി.)

—o—



ചെറുകഥ

# തീവണ്ടിയിൽ

(മോപ്പസങ്ങ്)

വിവർത്തകൻ:—ജഗതി കെ. എം. പ്രസാദ്.

'കാനേ' സ്റ്റേഷൻ വിട്ടപ്പോൾ ആ തീവണ്ടിമുറി യാത്രക്കാരെക്കൊണ്ട നിറഞ്ഞിരുന്നു. എല്ലാവരും അന്യോന്യം പരിചയമുള്ളവരായിരുന്നതുകൊണ്ട് ഞങ്ങൾ സംഭാഷണത്തിലേയ്ക്കു കടന്നു. "ഇവിടെയാണ് കൊലപാതകങ്ങൾ നടക്കാറുള്ളത്" "ടാരാസ്കോം" സ്റ്റേഷൻ പിന്നിട്ടപ്പോൾ ആരോ പറഞ്ഞു. കഴിഞ്ഞരണ്ട വർഷക്കാലമായി, ഒരിക്കലും പിടികൊടുക്കാതെ, കൂടെക്കൂടെ ഏതെങ്കിലും ഒരു യാത്രക്കാരനെ വധിച്ചുകൊണ്ടിരുന്ന ആ ഭയങ്കരകൊലപാതകിയെപ്പറ്റി ഞങ്ങൾ സംസാരിക്കാനാരംഭിച്ചു. ഓരോരുത്തരും പല സാദ്ധ്യതകളും എടുത്തുപറഞ്ഞ് അവരവരുടെ അഭിപ്രായം രേഖപ്പെടുത്തി. ജനാലകളിൽക്കൂടി സ്ത്രീകൾ അന്ധകാരത്തിലേയ്ക്കു നോക്കിയപ്പോൾ, തീവണ്ടിമുറിയുടെ വാതിൽക്കൽ ഒരു മനുഷ്യന്റെ തല പെട്ടെന്നു പ്രത്യക്ഷപ്പെട്ടേക്കുമെന്നു ചിന്തിച്ച്, അവർ പേടിച്ചുവിറച്ചു. ഭയങ്കരസംഭവങ്ങളെപ്പറ്റിയുള്ള അനേകം കഥകൾ ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. ഒരുഭ്രാന്തനോടൊത്ത് തീവണ്ടിയിൽ സഞ്ചരിച്ചതും, സംശയം തോന്നിയിരുന്ന ചില ആളുകളുടെ എതിർവശത്തു തനിച്ചിരുന്ന് മണിക്കൂറുകൾ എണ്ണിയതും മററും ഓരോരുത്തർ വിസ്തരിച്ചു.

അസാധാരണമായ തന്റേടത്തോടും, മനസ്സാന്നിദ്ധ്യത്തോടുംകൂടി, ചില പ്രത്യേകപരിതഃസ്ഥിതികളിൽ, ഒരുകുററവാളിയെ ഭയപ്പെടുത്തി, അടിച്ചുതാഴത്തിട്ട് തെക്കിക്കൊല്ലാൻ പലക്കും കഴിഞ്ഞിട്ടുണ്ട്. തണുപ്പുകാലങ്ങളിൽ ദക്ഷിണതീരങ്ങളിൽ ജീവിതം നയിച്ചിരുന്ന ഒരു ഡാക്ടർ അദ്ദേഹത്തിനു അറിയാവുന്ന ഒരു കഥ പറയാനാഗ്രഹിച്ചു.

അദ്ദേഹം കഥ ആരംഭിച്ചു.

"ആവിധത്തിൽ എന്റെധൈര്യം പരീക്ഷിക്കുന്നതിനു എനിക്ക ഒരിക്കലും ഇടവന്നിട്ടില്ല. എന്നാൽ എന്റെ ചികിത്സയിലിരുന്നു മരിച്ചുപോയ ഒരുസ്ത്രീയ്ക്കു ലോകത്തിൽവച്ച് ഏററവും ഹൃദയഭേദകവും അസാധാരണവുമായ ഒരു സംഭവമുണ്ടായി."

'അവൾ ഒരു റഷ്യൻസ്ത്രീയായിരുന്നു. കൌണ്ടസ്സ് (പ്രഭ്വി) മേരിബർണൌ. അത്യാകർഷകമായ സൌന്ദര്യമുള്ള ഒരു ധനിക. റഷ്യൻസ്ത്രീകൾ എത്രമാത്രം സൌന്ദര്യവതികളാണെന്നു നമുക്ക എല്ലാവക്കും അറിവുള്ളതാണ്. അവരുടെ ലോലമായ മൂക്കും, തുടുത്ത അധരങ്ങളും, അനിശ്ചിതമായ ഛായയിൽ—ഒരുതരം ചാരവും നീലവും കലന്ന ഛായയിൽ—അടുത്തടുത്തു ശോഭിക്കുന്ന കണ്ണുകളും മനോഹരങ്ങളായി നമുക്ക തോന്നുന്നു. അവരുടെ സൌന്ദര്യം മുതലായവ അതേസമയത്തു അല്പം പരുഷവുമാണ്. ഒരു ഫ്രഞ്ചുകാരന് മതിപ്പു തോന്നത്തക്കവണ്ണം അവരിൽ ചില പരസ്പരവൈരുദ്ധ്യങ്ങൾ സമ്മേളിച്ചിരുന്നു. ജാതിവ്യത്യാസവും, തരവ്യത്യാസവുംകൊണ്ടായിരിക്കണം ഇത്രയും കണ്ടുപിടിക്കാൻ എനിക്ക കഴിയുന്നത്.'

'വളരേക്കാലങ്ങളായി ഹൃദ്രോഗത്തിന്റെ ശല്യത്താൽ വേദന അനുഭവിച്ചുകൊണ്ടിരുന്ന അവളെ ഫ്രാൻസിന്റെ ദക്ഷിണപ്രദേശത്തേയ്ക്കുപോകാൻ അവളുടെ ഡാക്ടർ നിർബന്ധിച്ചുകൊണ്ടിരുന്നെങ്കിലും, 'സെയിൻറ് പീറേറഴ്സ്ബർഗ്' വിടുന്നതിനു അവൾക്ക ഇഷ്ടമില്ലായിരുന്നു. ഒടുവിൽ കഴിഞ്ഞ ശരല്ക്കാലത്തു ഡാക്ടർ അവളെ കൈവിട്ടു. അവളുടെ ഭർത്താവിനെ വിവരം അറിയിച്ചപ്പോൾ, അയാൾ തന്റെ ഭാര്യയോട 'മെൻറൊണി'ലേക്ക പോകാൻ ആജ്ഞാപിച്ചു.'

'തീവണ്ടിമുറിയിൽ അവൾ തനിച്ചാണു യാത്രചെയ്തതു്. വേലക്കാരെല്ലാം പ്രത്യേകം ഒരുമുറിയിലായിരുന്നു. വാതലിൽകൂടി തല വെളിയിലേക്കിട്ട്, പിന്നിട്ടുപോകുന്ന ഗ്രാമങ്ങളെ അവൾ വിഷാദഹൃദയത്തോടെ നോക്കിനിന്നു. സന്താനങ്ങളോ, ബന്ധുക്കളോ അവൾക്കില്ലാത്തതിനെപ്പററി ചിന്തിച്ചു അവൾ ദുഃഖിച്ചു. ജീവിതത്തിൽ താൻ ഏകയാണെന്നുള്ള ബോധം അവൾക്കുണ്ടായി. അവൾക്കൊരു ഭർത്താവുണ്ട്. അയാളുടെ പ്രണയം മുതലപ്രായമായിരുന്നു. അവളോടൊത്ത് പോകുന്നതിനുപകരം രോഗബാധിതനായ ഒരുവേലക്കാരനെ ആത്മപത്നിയിലേക്ക അയയ്ക്കുന്നതുപോലെ അവളെ ലോകത്തിന്റെ അവസാനത്തേയ്ക്കു അയാൾ പറഞ്ഞയച്ചു.

ഓരോസ്റ്റേഷനിലും വണ്ടിനില്ക്കുമ്പോൾ അവളുടെ ഭൃത്യനായ 'ഇവാൻ' തന്റെ കൊച്ചമ്മയുടെ ആവശ്യങ്ങൾ അന്വേഷിക്കാൻ ഓടിയെത്തും. വൃദ്ധനും വിശ്വസ്തനും ആയ ഒരു പരിചാരികനായിരുന്നു അയാൾ. അവളുടെ ഏതു് ആജ്ഞയും അനുസരിക്കാൻ അയാൾ സദാ സന്നദ്ധനായിരുന്നു.

രാത്രിയായി. അതിവേഗത്തിൽ തീവണ്ടി മുൻപോട്ടു പൊയ്ക്കൊണ്ടിരുന്നു. ഹൃദയസ്വാസ്ഥ്യംനിമിത്തം അവൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ഒടുവിൽ പോകാൻ നേരത്ത് ഭർത്താവു കൊടുത്ത നാണയങ്ങൾ അവൾ എണ്ണിനോക്കാനാരംഭിച്ചു. തന്റെ ചെറിയ 'ഹാൻഡ്ബാഗ്' തുറന്ന് സ്വർണ്ണനാണയങ്ങൾ മുഴുവനും അവൾ മടിയിൽ തട്ടി.

പെട്ടെന്ന് ഒരു തണുത്തകാററ് അവളുടെ മുഖത്തു വന്നടിച്ചു. അവൾ വിസ്മയത്തോടെ തല ഉയർത്തിനോക്കി. വാതിൽ തുറന്നു കാണപ്പെട്ടു. കൌണ്ടസ്സ് മേരി ഇതികർത്തവ്യതാമൂഢയായി. വേഗത്തിൽ അവളുടെ 'ടവ്വൽ' നാണയങ്ങളുടെ മീതെ ഇട്ടു മൂടിക്കൊണ്ട് ആരെയോ പ്രതീക്ഷിച്ചിരുന്നു. കുറെനിമിഷങ്ങൾ കഴിഞ്ഞപ്പോൾ, സായാഹ്നവസ്ത്രങ്ങൾ ധരിച്ച ഒരു മനുഷ്യൻ ഉച്ചത്തിൽ ശ്വാസോച്ഛ്വാസംചെയ്തുകൊണ്ട് അവിടെ പ്രത്യക്ഷപ്പെട്ടു. അയാളുടെ തല മറച്ചിരുന്നില്ല. കയ്യിൽ മുറിവു പററിയിരുന്നു. വാതിൽ ചാരി അയാൾ താഴത്തിരുന്ന്, മിന്നിത്തിളങ്ങുന്ന കണ്ണുകൾകൊണ്ട് അവളെ തുറിച്ചുനോക്കി. ഒരു കൈലേസെടുത്ത് ചോരയൊലിച്ചുകൊണ്ടിരുന്ന ഭാഗത്ത് അയാൾ കെട്ടി.

ഭയംകൊണ്ട് തന്റെ ശക്തി ക്ഷയിച്ചുപോകുന്നതായിട്ടവൾക്കതോന്നി. തീർച്ചയായിട്ടും സ്വർണ്ണനാണയങ്ങൾ എണ്ണുന്നതു് കണ്ടുകൊണ്ട് അവളെ കൊന്ന് അയാൾ പണം അപഹരിക്കാൻ വന്നതാണ്. യാതൊരു സംശയവുമില്ല. അവളുടെ പുറത്ത് ചാടിവീഴാൻ സന്നദ്ധനായി ശ്വാസോച്ഛ്വാസംപോലുംചെയ്യാതെ, വികൃതമുഖഭാവത്തോടുകൂടി അയാൾ അവളിൽതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടിരുന്നു.

'നിങ്ങൾ ഭയപ്പെടേണ്ട ആവശ്യമില്ല.' പെട്ടെന്ന് അയാൾ പറഞ്ഞു.

വായുറന്ന് സംസാരിക്കുവാൻ അവൾക്ക് ശക്തിയില്ലാതിരുന്നതുകൊണ്ട് അവൾ ഉത്തരമൊന്നും പറഞ്ഞില്ല. അവളുടെ ഹൃദയം ആഞ്ഞടിച്ചുകൊണ്ടിരുന്നു. ചെവികൾ മുഴങ്ങിക്കൊണ്ടിരുന്നു.

'ഞാൻ ഒരു കുററവാളിഅല്ല' അയാൾ തുടന്നു.

എന്നിട്ടും അവൾ ഒന്നും മിണ്ടിയില്ല. മുട്ടുകൾ തമ്മിൽ അടുപ്പിക്കാൻ ശ്രമിച്ചപ്പോൾ, ഓടയിൽനിന്നും വെള്ളം ഒലിച്ചുപോകുന്നതുപോലെ, സ്വർണ്ണനാണയങ്ങൾ ആ ചവിട്ടുമെത്തയിലേക്ക് ഒഴുകി.

ആശ്ചര്യത്തോടെ ആ ചെറിയ സുവർണ്ണതരംഗിണിയെ അയാൾ നോക്കിനിന്നു. അവ പെറുക്കിയെടുക്കുന്നതിന് അയാൾ കുനിഞ്ഞു.

തന്റെ സകല സമ്പാദ്യങ്ങളും താഴത്തേക്കെറിഞ്ഞിട്ട്, ഒരു ഭ്രാന്തിയെപ്പോലെ അവളെഴുന്നേററ്, പുറത്തുചാടി രക്ഷപ്പെടാൻ വാതിലിനടുത്തേയ്ക്കോടി. അവളുടെ ഉദ്ദേശമെന്തെന്ന് മനസ്സിലാക്കിയ അയാൾ മുൻപോട്ടു കുതിച്ച്, അവളെ അയാളുടെ കൈക്കുള്ളിലൊതുക്കി, ബലംപ്രയോഗിച്ച് പിടിച്ചിരുത്തി.

അവളുടെ കരം ഗ്രഹിച്ചുകൊണ്ട് അയാൾ പറഞ്ഞു.

'ഇതു കേൾക്കുക. ഞാൻ ഒരു കുററവാളിഅല്ല. അതു് തെളിയിക്കുവാൻവേണ്ടി, ഈ നാണയങ്ങൾ മുഴുവനും ഞാൻ പെറുക്കിയെടുത്ത് ഭവതിയെ തിരികെ ഏല്പിക്കുവാൻ പോവുകയാണ്. ഈ രാജ്യത്തിന്റെ അതിർത്തിരേഖ കടക്കാൻ നിങ്ങൾ എന്നെ സഹായിച്ചില്ലെങ്കിൽ, ഞാൻ നഷ്ടപ്പെട്ടുപോകും, ഞാൻ മരിച്ചുപോകും. എനിക്ക് കൂടുതലായൊന്നും പറയാൻ കഴിയുകയില്ല. ഒരു മണിക്കൂറിനകം അവസാനത്തെ റഷ്യൻസ്റ്റേഷനിൽ നാം എത്തും. ഒരുമണിക്കൂർ ഇരുപതുമിനിട്ടിനകം നമുക്ക് ഈ രാജ്യത്തിന്റെ അതിർത്തിരേഖ കടക്കാം. നിങ്ങൾ എന്നെ രക്ഷിച്ചില്ലെങ്കിൽ ഞാൻ നഷ്ടപ്പെട്ടു. ഞാൻ ഇതുവരെ ആരെയെങ്കിലും കൊലപ്പെടുത്തുകയോ, മോഷ്ടിക്കുകയോ, എന്റെ അഭിമാനത്തിനു് വിപരീതമായി എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. ഞാൻ നിങ്ങളോട് സത്യം ചെയ്യുന്നു. എനിക്ക് കൂടുതലായൊന്നും പറയാൻ കഴിയുകയില്ല.'

അയാൾ മുട്ടുകുത്തിയിരുന്ന് സ്വർണ്ണനാണയങ്ങൾ പെറുക്കിയെടുത്തു. ഇരിപ്പിടങ്ങളുടെ അടിയിലേക്ക് ഉരുണ്ടുപോയിരുന്ന നാണയങ്ങൾകൂടി അയാൾ ശേഖരിച്ചു.

ആ ചെറിയ തുകൽസഞ്ചി വീണ്ടും നിറഞ്ഞപ്പോൾ ഒരൊററ അക്ഷരം പോലും പറയാതെ അയാൾ അതവളെ ഏല്പിച്ചിട്ട്, വണ്ടിയുടെ ഒരു മൂലയിൽ ചെന്നിരുന്നു.

അവർ രണ്ടുപേരും ഇരുന്ന സ്ഥലങ്ങളിൽനിന്നും അനങ്ങിയില്ല. ഭയംകൊണ്ടു വീണ്ടും ബോധംകെട്ടു വീഴാൻ സന്നദ്ധയായി ഒരു ജീവച്ഛവ പോലെ അവളിരുന്നു. അല്പാല്പമായി അവളുടെ അസ്വസ്ഥത നീങ്ങിത്തുടങ്ങിയിരുന്നു. അയാളാണെങ്കിൽ, അനങ്ങിയതേയില്ല. ഒരു ചത്ത മനുഷ്യനെപ്പോലെ വിളറി വെളുത്ത്, തന്റെ മുൻപിൽതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ട അയാൾ നിവന്നിരിക്കുകയായിരുന്നു. കൂടെക്കൂടെ അയാളെ അവൾ നോക്കുകയും, പെട്ടെന്നു കണ്ണുകൾ പിൻവലിക്കുകയും ചെയ്തിരുന്നു. ഏകദേശം മുപ്പതുവയസ്സു പ്രായം വരുന്ന സുമുഖനും, കുലീനനും ആയ ഒരു ചെറുപ്പക്കാരനായിരുന്നു അയാൾ.

ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് തീവണ്ടി ഇരുട്ടിൽക്കൂടി പാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ചിലപ്പോൾ അതിന്റെ ഗതി മന്ദമാകും. വീണ്ടും അതി ശീഘ്രത്തിൽ അതു് ഓടിത്തുടങ്ങും. പെട്ടെന്നു അതിന്റെ വേഗത കുറഞ്ഞു. പലപ്രാവശ്യം ചൂളംവിളി മുഴങ്ങി, വണ്ടി നിന്നു.

'ഇവാൻ' ആജ്ഞകൾ സ്വീകരിക്കാൻ വാതിലിനടുത്തു പ്രത്യക്ഷപ്പെട്ടു.

അപരിചിതനായ തന്റെ കൂട്ടുകാരനെ ഒന്നുകൂടി നോക്കിക്കൊണ്ട്, ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു.

"ഇവാൻ, നിനക്ക നാട്ടിലേക്ക് തിരിച്ചു പോകാം. എനിക്ക ഇനി നിന്റെ ആവശ്യമില്ല."

ഒന്നും പറയാൻ കഴിയാതെ അയാൾ മിഴിച്ചു നിന്നുപോയി. അയാൾ വിക്കി വിക്കിപ്പറഞ്ഞു. "എന്നാൽ......... ഞാൻ......" അവൾ തുടന്നു:—"നീ വരണ്ട. ഞാൻ നിശ്ചയിച്ചു കഴിഞ്ഞു. റഷ്യയിൽതന്നെ നീ താമസിക്കണം. തിരിച്ചു പോകുന്നതിനുള്ള വണ്ടിക്കൂലി ഇതാ. നിന്റെ തൊപ്പിയും ചട്ടയും ഇങ്ങുതരിക."

നിരാശനായി ആ വൃദ്ധപരിചാരകൻ അയാളുടെ തൊപ്പിയും ചട്ടയും ഊരിക്കൊടുത്തു. വേലക്കാരുടെ പെട്ടെന്നുള്ള അഭീഷ്ടങ്ങളും, അടക്കാൻ കഴിയാത്ത അത്യാർത്തികളും ആയി വളരെ പരിചയപ്പെട്ടിരുന്നതുകൊണ്ട്, ഉത്തരം പറയാതെതന്നെ അയാൾ എല്ലാം അനുസരിച്ചിരുന്നു. നിറഞ്ഞ കണ്ണുകളോടെ അയാൾ തിരിച്ചു പോയി.

തീവണ്ടി അതിവേഗത്തിൽ ഓടിക്കൊണ്ടിരുന്നു.

"ഇവയെല്ലാം നിങ്ങൾക്കാണ്. എന്റെ ഭൃത്യൻ 'ഇവാനാ'ണ് നിങ്ങൾ. ഒരുകാര്യം മാത്രമേ ഈ ചെയ്യുന്ന ഉപകാരത്തിനു പകരം ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നുള്ളു. അതു നിങ്ങൾ എന്നോടു സംസാരിക്കുകയോ, എന്നെ സംബോധനചെയ്തു വിളിക്കുകയോ, ഏതെങ്കിലും കാരണത്താൽ എന്നോടു കൃതജ്ഞത പ്രകടിപ്പിക്കുകയോ ചെയ്യരുതെന്നുള്ളതാണ്."

(ശേഷം നാലാംപേജിൽ)

## മാധവസർസപാരില

( നറുനീണ്ടിസത്ത് )

വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവർദ്ധകങ്ങളായ ഔഷധങ്ങളും ചേർത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാരില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും, മൂത്രം എരിച്ചിൽ, മൂത്രതടസ്സം; സ്ത്രീപുരുഷന്മാർക്കുണ്ടാകാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും; രക്തവർദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ച്; കുളിർമയും സുഖവും സിദ്ധിക്കുന്നതിനു എപ്പോഴും ഉപയോഗപ്രദം.

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും; വില ബോട്ടൽ 3 ക. മാത്രം. Catalogue free

സ്റ്റാക്കിസ്റ്റ്സ്; കോഴിക്കോട്; പി. കുട്ടൻബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബാംബെ എന്നീ സ്ഥലങ്ങളിൽ സോൾഏജന്റന്മാരേയും സ്റ്റാക്കിസ്റ്റന്മാരേയും ആവശ്യമുണ്ട്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

(മൂന്നാംപേജിൽനിന്നും തുടർച്ച)

ഒരക്ഷരംപോലും പറയാതെ സമ്മതഭാവത്തിൽ അയാൾ തലകുനിച്ചു.

അധികം താമസിയാതെ വണ്ടി വീണ്ടും നിന്നു. 'യൂണിഫാറം' ധരിച്ച ഉദ്യോഗസ്ഥന്മാർ അവിടം സന്ദർശിച്ചു. 'പാസ്പോർട്ട്' തുടങ്ങിയ കടലാസ്സുകൾ അവരെ ഏല്പിച്ചതിനു ശേഷം, വണ്ടിയുടെ പുറകിൽ ചാരിയിരുന്നിരുന്ന ആ മനുഷ്യന്റെ നേരെ ചൂണ്ടി കാണിച്ചുകൊണ്ട് അവൾ പറഞ്ഞു.

"അത് എന്റെ ഭൃത്യൻ 'ഇവാനാ'ണ്. അവന്റെ 'പാസ്പോർട്ട്' ഇതാ."

വണ്ടി മുൻപോട്ടു പൊയ്ക്കൊണ്ടിരുന്നു. ആ രാത്രി മുഴുവനും അവർ രണ്ടുപേരും അടുത്തടുത്ത് മൌനമവലംബിച്ചിരുന്നു.

നേരം വെളുത്തതോടുകൂടി ഒരു ജർമ്മൻ സ്റ്റേഷനിൽ വണ്ടി നിന്നു. അയാൾ താഴെ ഇറങ്ങി വാതിലിനഭിമുഖമായി നിന്നുകൊണ്ടു പറഞ്ഞു.

"എന്റെ പ്രതിജ്ഞ ലംഘിക്കുന്നതിൽ എനിക്ക് മാപ്പു തരിക. ഞാൻ കാരണം നിങ്ങൾക്കു നിങ്ങളുടെ ഭൃത്യനെ പറഞ്ഞയയ്ക്കേണ്ടിവന്നു. അയാളുടെ സ്ഥാനം നികത്തേണ്ടതു ഞാനാണെന്നുള്ളത് പരമാർത്ഥമാണ്. ഭവതിക്കു വല്ലതും ആവശ്യമുണ്ടോ?"

നിർവികാരസ്വരത്തിൽ അവൾ മറുപടി പറഞ്ഞു.

"പോയി എന്റെ വേലക്കാരിയെ കണ്ടുപിടിച്ചുകൊണ്ടുവരിക."

ആജ്ഞ അനുസരിക്കാൻപോയ ആ മനുഷ്യൻ അപ്രത്യക്ഷനായി.

അവൾ വണ്ടിയിൽനിന്നും ഒരു ഹോട്ടലിന്റെ മുൻപിൽ ഇറങ്ങിയപ്പോൾ അല്പം ദൂരെ അയാൾ അവളെ നോക്കിനില്ക്കുന്നതായി കണ്ടു. അവർ 'മെൻററാണി'ലെത്തി.

ഡാക്ടർ ഒരുനിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം വീണ്ടും തുടർന്നു.

'ഒരു ദിവസം ഞാൻ രോഗികളെ സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ, പൊക്കമുള്ള ഒരു ചെറുപ്പക്കാരൻ എന്റെ ആഫീസിലേക്കു കയറിവരുന്നതായി കണ്ടു. അയാൾ എന്നോടു പറഞ്ഞു:—

'ഡാക്ടർ, കൌണ്ടസ്സ് (പ്രഭ്വി) മേരിയെപ്പറ്റിയുള്ള വിവരങ്ങൾ ചോദിക്കാനാണ് ഞാൻ ഇവിടെ വന്നതു്. അവൾ എന്നെ അറിഞ്ഞുകൂടെങ്കിലും, ഞാൻ അവരുടെ ഭർത്താവിന്റെ ഒരു സുഹൃത്താണ്.'

'അവൾ നശിച്ചുകഴിഞ്ഞു. അവൾ ഒരിക്കലും റഷ്യയിലേക്കു തിരിച്ചുപോവുകയില്ല.' ഞാൻ മറുപടി പറഞ്ഞു.

അയാൾ ഉടനെ വിങ്ങിവിങ്ങി കരയാൻതുടങ്ങി. ഒരു കുടിയനെപ്പോലെ ബോധമില്ലാതെ അയാൾ അവിടെനിന്നെഴുന്നേറ്റു വെളിയിലേക്കിറങ്ങിപ്പോയി.

ഒരു അപരിചിതൻ അവളുടെ ആരോഗ്യസ്ഥിതി അറിയാൻ വന്നിട്ടുണ്ടെന്ന് അന്നു രാത്രി ഞാൻ പ്രഭ്വിയോടു പറഞ്ഞു. അവൾ ഒന്നു ഞെട്ടിയതായി എനിക്കു തോന്നി. ഇതുവരെ ഞാൻ പറഞ്ഞകഥ മുഴുവനും അവൾ എന്നെ പറഞ്ഞുകേൾപ്പിച്ചു. അവൾ തുടർന്നു. "എനിക്കു തീരെ പരിചയമില്ലാത്ത ആ മനുഷ്യൻ ഒരു നിഴലെന്നപോലെ എന്നെ പിന്തുടരുന്നു. ഞാൻ വെളിയിലേക്കിറങ്ങുമ്പോഴെല്ലാം അയാൾ എന്നെ ഒരു പ്രത്യേകരീതിയിൽ നോക്കുന്നതു കാണാം. എന്നാൽ അയാൾ എന്നോടു ഇതുവരെ സംസാരിച്ചിട്ടില്ല."

അല്പനേരം കഴിഞ്ഞു അവൾ വീണ്ടും തുടർന്നു.

"എന്റെ ജനാലയുടെ താഴെ അയാൾ ഉണ്ടെന്നു ഞാൻ പന്തയംവയ്ക്കാം."

അവൾ ചാരുകസാലയിൽനിന്നെഴുന്നേറ്റു ജനാലയുടെ തിരശ്ശീല നീക്കി അയാളെത്തന്നെ ചൂണ്ടിക്കാണിച്ചു. എന്നെ കാണാൻ വന്നിരുന്ന ആ മനുഷ്യൻ ഹോട്ടലിലേക്കു നോക്കിക്കൊണ്ട്, 'പബ്ലിക്ക പാർക്കി'നകത്ത് ഒരു ബെഞ്ചിന്മേലിരിക്കുകയായിരുന്നു. ഞങ്ങളെ കണ്ടഉടനെ അയാൾ തിരിഞ്ഞുപോലുംനോക്കാതെ അവിടെനിന്നെഴുന്നേറ്റുപോയി.

ആ നിമിഷംതൊട്ട് അസാധാരണവും സങ്കടകരവും ആയ ആ പരമാർത്ഥം ഞാൻ കണ്ടുപിടിച്ചു—അന്യോന്യം പരിചയംപോലും ഇല്ലാത്ത അവരുടെ നിശ്ശബ്ദപ്രണയം.—

ആപത്തിൽനിന്നും രക്ഷിച്ചതുകൊണ്ടു മരണംവരെ കടപ്പെട്ടുകഴിയുന്ന ഒരു മൃഗത്തിനൊപ്പം അയാൾ അവളെ സ്നേഹിച്ചു. അവരുടെ രഹസ്യം ഞാൻ അറിഞ്ഞുകഴിഞ്ഞെന്നു മനസ്സിലാക്കിയ അയാൾ 'അവൾക്കെങ്ങനെയിരിക്കുന്നു' എന്നറിയാൻ നിത്യവും വന്നുകൊണ്ടിരുന്നു. ദിവസംചെല്ലുന്തോറും അവൾ വിളറി മെലിഞ്ഞുവരുന്നതുകാണുമ്പോൾ അയാൾ കരഞ്ഞുപോകുമായിരുന്നു.

"ഒരിക്കൽമാത്രമേ ആ അസാധാരണമനുഷ്യനോട് ഞാൻ സംസാരിച്ചിട്ടുള്ളു. എങ്കിലും ഇരുപതുവർഷങ്ങളായി അയാളെ എനിക്കു പരിചയമുള്ളതുപോലെതോന്നുന്നു." അവൾ എന്നോടു പറഞ്ഞു.

അവർ തമ്മിൽ കണ്ടുമുട്ടുമ്പോൾ അത്യാകർഷകമായ ഒരു പുഞ്ചിരിയോടുകൂടി അയാളുടെ അഭിവന്ദനം അവൾ തിരികെ കൊടുക്കും. താൻ നശിച്ചുകഴിഞ്ഞെന്ന് സ്വയം അറിയാമായിരുന്നിട്ടും അവൾ ആനന്ദമനുഭവിച്ചിരുന്നു എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇപ്രകാരം ബഹുമാനത്തോടും, സ്ഥിരചിത്തതയോടും, വികാരാവേശത്തോടും കൂടി സ്നേഹിക്കപ്പെട്ടവനാൻ അവൾ ഇഷ്ടപ്പെട്ടിരുന്നു. അവളുടെ ദൃഢനിശ്ചയത്തിനെതിരായി, അയാളെ സ്വീകരിക്കുന്നതിനോ, അയാളുടെ പേരെന്തെന്ന് അറിയുന്നതിനോ അയാളോടു സംസാരിക്കുന്നതിനോ അവൾ ആഗ്രഹിച്ചില്ല. അവൾ പറഞ്ഞു 'വേണ്ടാ അത് എന്റെ ഈ വിചിത്രമായ സൌഹൃദത്തെ എന്നിൽനിന്നും ഇല്ലാതെയാക്കും. ഞങ്ങൾ അന്യോന്യം അപരിചിതരായിത്തന്നെ കഴിയണം'

അയാളാണെങ്കിൽ അവളെ സമീപിക്കാൻ ശ്രമിച്ചിരുന്നതേ ഇല്ല. അക്കാര്യത്തിൽ അയാൾ ഒരു നിശ്ശബ്ദകാമുകനായിരുന്നു. താൻ ഒരിക്കലും സംസാരിക്കുകയില്ലെന്ന് തീവണ്ടിയിൽവച്ച് ചെയ്ത പ്രതിജ്ഞയെ അന്ധമായി പരിപാലിച്ചുകൊണ്ടുപോകുന്നതിനുതന്നെ അയാൾ നിശ്ചയിച്ചു.

പലപ്പോഴും ക്ഷീണിച്ച് മുഷിഞ്ഞിരിക്കുന്ന സമയം, അവൾ ചാരുകസാലയിൽനിന്നും എഴുന്നേറ്റുചെന്ന് ജനാലയുടെ തിരശ്ശീല അല്പം നീക്കി, താഴെ അയാൾ ഉണ്ടോ എന്നു നോക്കും. ബെഞ്ചിന്മേൽ സദാ നിശ്ചലനായിരിക്കുന്ന അയാളെ കണ്ടുകഴിഞ്ഞാലുടൻ ഒരു പുഞ്ചിരിയോടുകൂടി അവൾ തിരികെ പോയി കിടക്കും.

ഒരു ദിവസം പകൽ പത്തുമണിക്ക് അവൾ മരിച്ചു. ഞാൻ ഹോട്ടലിൽനിന്നും ഇറങ്ങിയപ്പോൾ അനാകർഷകമായ മുഖഭാവത്തോടുകൂടി അയാളെന്റെ അടുത്തുവന്നു. ആ വാർത്ത അയാൾ അറിഞ്ഞുകഴിഞ്ഞിരുന്നു:

"നിങ്ങളുടെ സാന്നിദ്ധ്യത്തിൽ ഒരു നിമിഷനേരം അവളെ ഒന്നു കാണാൻ ഞാൻ ആഗ്രഹിക്കുന്നു." അയാൾ പറഞ്ഞു.

അയാളുടെ കൈയ്ക്കുപിടിച്ചുകൊണ്ട് ഞാൻ ഹോട്ടലിലേക്ക് തിരികെ കയറിപ്പോയി.

മരിച്ചുപോയ ആ സ്ത്രീയുടെ കിടയ്ക്കയ്ക്കു സമീപം നിന്നുകൊണ്ട്, അയാൾ അവളുടെ കരം ഗ്രഹിച്ച് വളരെനേരം വികാരാവേശത്തോടെ ചുംബിച്ചു. പെട്ടെന്ന് ഒരു ഭ്രാന്തനെപ്പോലെ അയാൾ വെളിയിലേക്കിറങ്ങി ഓടി.

അല്പനേരത്തെ മൌനത്തിനുശേഷം ഡാക്ടർ പറഞ്ഞു.

"ഇതാണ് എനിക്ക് അറിയാവുന്നതിൽവച്ച് ഏററവും അസാധാരണമായ ഒരു തീവണ്ടി സംഭവം. പുരുഷന്മാർ ചിലപ്പോൾ കിറാതപ്രായന്മാരായി മാറുന്നു എന്നുകൂടി പറയേണ്ടിയിരിക്കുന്നു."

ഒരു സ്ത്രീ മന്ദസ്വരത്തിൽ പറഞ്ഞു.

"നിങ്ങൾ വിചാരിക്കുന്നതുപോലെ അവർ രണ്ടുപേരും അത്ര വ്യാമോഹിതരായിരുന്നില്ല. അവർ......അവർ......"

ആ സ്ത്രീക്ക് തുടരാൻ കഴിഞ്ഞില്ല. അവർ കരയുകയായിരുന്നു. ഞങ്ങൾ അവരെ സമാശ്വസിപ്പിക്കാൻ സംഭാഷണവിഷയം മാററിയപ്പോൾ അവർ എന്താണ് പറയാൻ ആഗ്രഹിച്ചതെന്ന് ഞങ്ങൾക്ക് മനസ്സിലായില്ല.

—o—

# ഘനഭാവം

## അയിരൂർ

ഉദയവേളസമാഗതമായ, തിൻ
ശകുനമങ്ങനെകണ്ടുതുടങ്ങവേ
ജലപിശാചെവിട്ടന്നു കടന്നവ-
ന്നവിടമാകെവിവണ്ണത ചേർപ്പവാൻ

അതിമനോഹരനാകിയ ചന്ദ്രനി
ന്നിനിയുമിങ്ങെതിരായ് നിലകൊള്ളുവാ-
നരമിതേകമിതെന്നുനിനയ്ക്കിൽ നീ (ൻ
സരസനെന്നിഹസമ്മതി നൽകിഞാൻ

അനഘയാംദിനലക്ഷ്മിയിൽ നിന്റെ യീ
വ്യവഹിതക്രിയയാൽ ഘനഭാവമേ
പുരുവിഷാദമണയ്ക്കുമതാണുനിൻ
സഹജരീതിയതിൽക്കുറവില്ലതേ

അനഘരാഗവിലോഭനലഞ്ജനം
തടവിടുന്നതുകണ്ടു സഹിക്കവാൻ
ജളതയാകഴിയാത്തതുമൂലമായ്
നിലവെടിഞ്ഞിവിടെത്തിയതാകിലോ

നയനമോഹനമാകിന പുഞ്ചിരി
പ്പൊലിമകൊൾകിലുമിന്ദ്രദിഗംഗനാ
അലിയുകില്ലണുമാത്രവുമില്ല നീ
ചപലനെന്നവൾ തള്ളിവിടും ധ്രുവം

അഴകിലാഭവഴിഞ്ഞൊഴുകിത്തെളി
ഞ്ഞിടുവതാമനുരാഗസുഭോദയം
അതിലസഹ്യതയന്യർപഴിക്കിലെ-
ന്തയിഭവാനതു നീരദയോഗ്യമാം

അഹഹ ചന്ദ്രനെയിന്നിതിനാൽകുറേ
ദുരഭിമാനവശംവദനാക്കിനീ
മൃദുലശീതളന, പ്രിയസാധുനിൻ
പിടിയിലായവനായതുഭംഗിയാം

ജളമതേകിളരേണ്ടയിതിസ്ഫുടം
കിളികൾപോലുമഹോദൃഷിചെയ്കിലും
ചലനമററുകിടന്നിടുമത്രമേ
ലരിയനിൻഘനഭാവമിതത്ഭുതം

രവിയുദിച്ചതുളാതെ തടപ്പതി-
ന്നവിനയത്തൊടിറങ്ങിയതാകിലോ
തവവിചാരമൊരൊററയടിക്കിളം
പവനനങ്ങുതകർക്കുമതോർക്കണേ

മൃദുലയായസരോജിനിതൻസ്വയം
വരമഹോത്സവവേളയെനീട്ടിഹാ
പരമസാധുവെ വിഫലയാക്കവാ-
നിതിനിടയ്ക്കുകഴിഞ്ഞതുപോരയോ.

—o—

# ധന്യകേരളം

—o—

## പി. എസ്സ്. നായർ

(കൈകൊട്ടിക്കളിപ്പാട്ട്)

1 കേരളമാതൃപാദാരവിന്ദം
ആരാധിക്കുന്നവർക്കാനന്ദം
പാരാലഭിക്കും—ദുരിതങ്ങൾ
തീരെനശിക്കും—ധരിണിയിൽ
പേരുസിദ്ധിക്കും—ജനനിതൻ
ചാരുകൃപയ്ക്കും
പേരാർന്നൂരുമൊന്നായ്ത്തെരു-
മാറീടണമെല്ലാവരു-
മാർത്തരാണല്ലോനാം, ജാതിഭേദം
കാർത്തമ,ല്ലില്ലതുചൊല്ലിവേദം.

2 സ്വാർത്ഥംമുഴുത്ത—ചിലജനം
തീർത്തവ്യവസ്ഥ—മതി,യതു
മാത്രംകുറുത്ത—കളങ്കവും
ചേർത്തുമതത്തെ
തീരാത്തൊരപായത്തിലി-
രുത്തുന്നതകററാനൊരു
മാർഗ്ഗമുണ്ടാക്കണംനമ്മളാരും
വർഗ്ഗപൂജകൊരുങ്ങായ്കിൽപോരും

3 ജാതിവ്യത്യാസം—അമിതമാം
മതവിശ്വാസം—ജനങ്ങടെ
മതിയിൽവാസം—മതിയാക്കി-
നിതെന്തഭാസം!
മാതാവവളൊന്നല്ലയോ
ഭേദംനിജമക്കൾക്കിയ-
ലുന്നതുകൊണ്ടല്ലേയിന്നിവണ്ണം
ഛിന്നഭിന്നാവന്നുകേരളത്തിൽ?

4 കേരംകവുങ്ങും—കദളികൾ
തരാതരങ്ങൾ—വിലയേറും
മരങ്ങൾതിങ്ങും—വനങ്ങളാൽ
പാരാവിളങ്ങും
വരാന്നിധിയോരത്തെഴു
മീമോഹനമാകുംധര,
തെന്നിന്ത്യക്കാശ്മീരം, ഭാരതഭൂ-
തന്നിൽമനോജ്ഞപ്പൂങ്കാവനംതാൻ!

5 കായൽകുളങ്ങൾ—പലവിധ
തോയപൂരങ്ങൾ—നെൽവിളയും
വയൽനിലങ്ങൾ—പ്രകൃതിതൻ
പ്രിയസ്മിതങ്ങൾ
പാരംപൊഴിയുന്നീമല-
ബാറിൻഫലവത്തോർക്കകി-
ലാരാഞ്ഞുചേർക്കുന്നനല്പസൂയ
ദൂരവിദേശക്കാർക്കാനിറയ.
കാടുംമലയും—അരുവികൾ
തോടുംപുഴയും—കരികൾവീ-
ണീടുംകുഴിയും—അധികമാം
ചൂടുംമഴയും
കൂടുംമരാജ്യംവില-
സീടുന്നതുകണ്ടീടുകി-
ലിന്ദ്രാവനിപോലുംഭംഗിമങ്ങും
പൊന്നോമനമലയാളംപൊങ്ങും.

—o—

# ലക്ഷ്യത്തിലെത്തുവാൻ

## എസ്. കെ. പെരിനാട്ട്

വെട്ടിത്തെറിപ്പുകളൊട്ടൊട്ടടങ്ങിതേ
കഷ്ടകാലത്തിന്റെ തീക്കളിക്കാഴ്ചയിൽ;
വിട്ടുമാറുന്നീലയെങ്കിലും, പാഴ്പുക
ദുഷ്ടലോകത്തിൻ തമോമയഭിത്തിയിൽ.
ഇന്നലത്തെ ക്രൂരനാടകമിന്നൊരു
സുന്ദരസ്വപ്നമായ് മാറാം മനുജരിൽ.
നാളെച്ചരിത്രത്തിലേറിട്ടുചക്ര-
വാളത്തിനപ്പുറം ചെന്നുചിരിച്ചിടാം.
കോടാനുകോടി ഉയിരുകൾ ഹോമിച്ചു
നേടുന്നതെന്തിനാം സാമ്രാജ്യവിസ്മൃതി
പാടവമേറും സഹജരെക്കൊന്നിട്ടു
പാടുന്നതെന്തിനാം വീരഗാനങ്ങൾ നാം.
വീരസിരാരക്തധാരയാൽ ഭൂപടം
മാറിയെഴുതാൻതുടങ്ങുന്നു വിപ്ലവം.
പാരിനുനൽകുന്നതെന്തു ശാന്തിയോ
നാരകനശ്വരമാറിവില്ലാന്തിയോ.
എത്രസ്ഫുരിക്കുന്നു മർത്ത്യമസ്തിഷ്കമി-
ന്നത്രയ്ക്കുണ്ടമാർഗ്ഗമാകുന്നു ഹിംസയും
എത്രജന്മങ്ങളെടുക്കണം ശാസ്ത്രമാ-
സത്യപ്രകാശമാം ലക്ഷ്യത്തിലെത്തുവാൻ.

—o—


# വിൽക്കാനുണ്ട്

തിരുവനന്തപുരം വിതുരറോഡിൽ 21-ാമത്തുമൈലിനടുത്തു വിതുരയിൽ ഉദ്ദേശം 20 ഏക്കർ വരുന്നതും റബ്ബർ, കായ്ക്കുന്ന പറങ്കിമാവ്, കമുക്, മുതലായ വൃക്ഷങ്ങളുള്ളതുമായ ഒരു തോട്ടവും, പുനലൂരിനടുത്തു അഞ്ചൽ എന്ന സ്ഥലത്തു ഉദ്ദേശം 25 ഏക്കർ വരുന്ന പുരയിടങ്ങളും 150 സെൻറ നിലവും വിൽക്കാനുണ്ട്. വിവരങ്ങൾക്കു ആവശ്യപ്പെടുക.

ജി. കെ. നായർ
മാഡൽസ്കൂൾ റോഡ്
തൈയ്ക്കാട്ട്— തിരുവനന്തപുരം.

## പരസ്യം

ചേർത്തല പ്രിൻസിപ്പാൽ ഡിസ്ട്രിക്ട് മുൻസിഫ് കോടതിയിൽ

൧൧൦-ൽ സിവിൽനമ്പ്ര ൨൦൨

വാദിദാർ—ഇടപ്പള്ളി വലിയരാജാവ് അവർകൾ.

അഡ്വക്കേറ്റ് ആർ. പരമേശ്വരൻ പിള്ള.

പ്രതി—വയലാർ ഉഴവമുറിയിൽ അറയ്ക്കൽ താമസിക്കും നടുവിത്തറ കുഞ്ഞൻ നീലകണ്ഠൻ.

പ്രതിയെ തെര്യപ്പെടുത്തുന്നത്

ഈ നമ്പ്രിൽ അസ്സൽ വാദിദാർ മരിച്ചുപോകയാൽ അവകാശിയായ ഇപ്പോഴത്തെ വലിയരാജാവവർകളെ കൂടതൽ ൨-ാംവാദിയായി കക്ഷിചേർക്കണമെന്നു ബോധിപ്പിച്ച ഹർജിസംഗതി ൧൨൨ കുംഭം ൮-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അതേപ്പറ്റി വല്ല ആക്ഷേപവും ഉണ്ടെങ്കിൽ വിചാരണദിവസം പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨൨ മകരം ൨൯-ാംനു-

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കുനോട്ടീസ്

—o—

ഏറ്റുമാനൂർ മുൻസിഫ് കോർട്ടിൽ

൧൧൯-ാംമാണ്ടു ഡി. ആർ. പി. നമ്പ്ര ൧൪൯.

ഹർജിക്കാരൻ—മാഞ്ഞൂർപകുതിയിൽ ഓമല്ലൂർകരയിൽ വെട്ടിക്കാട്ടുപറമ്പിൽ ആയ മേനോത്തക്കൽ മത്തായി അവുസേപ്പ്.

൧-ാംതക്കക്കാരി—ചമ്പക്കുളം പകുതിയിൽ അമിച്ചകരി മുറിയിൽ കന്നിയിൽ വീട്ടിൽ താമസിക്കും ചാണ്ടി ഏലി.

ടി എതൃഹർജിക്കാരിയെ തെര്യപ്പെടുത്തുന്നത്

ടി നമ്പ്ര വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാംമാണ്ടു ഇ. പി. ൯൮൦-ാംനമ്പർ ഹർജി സംഗതി ൧൨൨-ാംമാണ്ടു കുംഭമാസം ൧൦-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതികളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ ഗുമസ്ത (ഒപ്പ്)

൧൧൨൨-ാംമാണ്ടു മകരമാസം ൯-ാംനു-

—o—

## നോട്ടീസ്

കൊല്ലം പ്രിൻസിപ്പാൽ മുൻസിഫ് കോർട്ടിൽ

൧൧൦-ാംമാണ്ടു ഡി. ആർ. പി. നമ്പ്ര ൩൧

ഹർജിക്കാർ—കൊല്ലം കോട്ടയ്ക്കകത്തുചേരിയിൽ പടിഞ്ഞാറെതോപ്പിൽ നാരായണപിള്ള കൃഷ്ണപിള്ള മു: പേർ ൩.

എതൃകക്ഷികൾ—കൊല്ലം വടക്കുംഭാഗത്തുചേരിയിൽ കന്റോൺമെന്റു പുത്തൻബംഗ്ലാവിൽ സി. പി. മാമ്മൻ മു. പേർ ൧൧.

സകലമാനപേരേയും തെര്യപ്പെടുത്തുന്നത്

മേൽവിവരിച്ച ഹർജിക്കാരുടെ വക കോടതിയിൽ ഇരുപ്പുള്ളതും അടിയിൽ വിവരിക്കുന്നതുമായ ലി. പട്ടിക ജംഗമസാമാനങ്ങൾ ൧൧൨൨ കുംഭം ൧൦-ാംനു- പകൽ പന്ത്രണ്ടേമുക്കാൽമണിക്കു ഈ കോടതിമുമ്പാകെവച്ചു പരസ്യമായി ലേലത്തിൽ വില്ക്കപ്പെടുന്നതാണ്.

സാമാനവിവരം

൧, ചീലാന്തിതടിയിൽ സോഫാ ൧. ൨, മാവിൻപലകകൊണ്ടുള്ള തട്ടുപടി ൧. ൩, ക്യാൻവാസ് ചെയർ ൧. ൪, മാവിൻ പലകയിൽ ബെഞ്ചു ൨. ൫, ഇരിപ്പുകസേര ൧.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨൨ ധനു ൨൦-ാംനു-.

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

—o—

തിരുവല്ലാ മുൻസിഫ് കോർട്ടിൽ

൧൧൮-ൽ സി. ൯൨൦.

വാദി–പെരിങ്ങരപകുതിയിൽ മേരാൽ മുറിയിൽ കണ്ടഴയായ പനന്താനത്തു നാരായണപിള്ള കേശവപിള്ള.

പ്രതി—൧. ആലപ്പുഴ സബ്‌രജിസ്റ്റർ ആഫീസിൽ ഹെഡ് ക്ലാർക്ക് തൊമ്മൻ വറുഗീസ്.

൧-ാംപ്രതിയെ തെര്യപ്പെടുത്തുന്നത്

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാംമാണ്ടു സിവിൽ പലവക ൪൩-ാം നമ്പർ ഹർജിസംഗതി ൧൨൨-ാംമാണ്ടു കുംഭമാസം ൧൦-ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨൨-ാമാണ്ടു മകരമാസം ൯-ാംനു-.

—o—

## ലേലാൻവാദത്തിനുള്ള അപേക്ഷയെപ്പറ്റി നോട്ടീസ്

—o—

സിവിൽ നടപടി നിയമത്തിന്റെ ൨൮൧-ാംവകുപ്പ്:

ഹരിപ്പാട്ടു മു: കോർട്ടിൽ

൧൧൧൮-ാമാണ്ടു സി ൯൯-ാംനമ്പർ ആദ്യവ്യവഹാരം

വാദി:—അയ്മനംപകുതിയിൽ ഒളശകരയിൽ ഗോവിന്ദപുരം ദേശത്തു ചിരട്ടമൺ ഇല്ലത്തു ഇരവി നാരായണൻ നാരായണൻമൂസ്സ്.

പ്രതികൾ:—൧. കടപ്രപകുതിയിൽ മണ്ണാംതോട്ടുവഴി പടിഞ്ഞാറും മുറിയിൽ ഇലഞ്ഞിക്കലായ കറുകയിൽ മാത്തു കൊച്ചുചാക്കോ. ൨. ടിയിൽ മാത്തു കൊച്ചുമാത്തു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

ടി നമ്പ്രിൽ വിധിത്തുകക്കായി ലേലം ചെയ്യുന്ന വസ്തുക്കളെ വിധിത്തുകയിൽ വകവച്ചു കൂടുതൽ സംഖ്യക്കു വിളിക്കോക്കാൻ അനുവാദം കൊടുക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അങ്ങനെ ചെയ്യുന്നതിൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൧൧൨൨-ാംമാണ്ടു കുംഭമാസം ൮-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഉത്തരവുംപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാംമാണ്ടു മകരമാസം ൧൨-ാംനു-

—o—

## പരസ്യം

ചേർത്തല പ്രിൻസിപ്പാൽ മുൻസിഫ് കോർട്ടിൽ

൧൨൧-ൽ സിവിൽ ൨൯൧

വാദി—തുറവൂർ പടിഞ്ഞാറുംകര വടക്കുംമുറിയിൽ കൊച്ചുമഠത്തിൽ താമസിക്കും കൃഷ്ണൻമൂത്തതു മകൾ പാപ്പിക്കുട്ടിയമ്മ.

വക്കീൽ എം. എൻ. പരമേശ്വരൻപിള്ള

പ്രതികൾ—൨. ചേർത്തല വടക്കുപകുതി വടക്കുംമുറിയിൽ കളിക്കൽ വടക്കേതിൽ താമസിക്കും കൊച്ചുകൊല്ലംപറമ്പുവീട്ടിൽ മാധവിയമ്മ പങ്കജാക്ഷിയമ്മ, ൩. ടി കളിക്കൽ വടക്കേതിൽ നാരായണപ്പണിക്കർ തങ്കപ്പപ്പണിക്കർ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

മേൽനമ്പർ അന്യായത്തിനുത്തരം പറവാനായി ൨-ം ൩-ം പ്രതികളോ വക്കീലോ ഏജന്റോ ൧൨൨ കുംഭം ൮-ാംനു- പകൽ ൧൧ മണിക്കു ഈ കോടതിയിൽ ഹാജരാകേണ്ടതും അല്ലാത്തപക്ഷം ൨-ം ൩-ം പ്രതികളെ കൂടാതെ കേസു തീരുമാനിക്കുന്നതുമാകുന്നു.

ഉത്തരവുംപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൮-൩-൧൨൨.

—o—

## സിവിൽ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

—o—

കൊല്ലം ജില്ലാക്കോർട്ടിൽ

൧൪ സി. ൨൯

പ്രതി—൩൨ പരവൂർ കുറുമണ്ടച്ചേരിയിൽ നെൽപുരയിടത്തു പാറത്തിയിൽ വീട്ടിൽ ഗോവിന്ദക്കുറുപ്പ് അച്യുതക്കുറുപ്പ്.

വാദികൾ—൧ നാവായിക്കുളം അധികാരത്തിൽ തോട്ടയ്ക്കാട്ടുദേശത്തു പുളിയംഗഴികത്തുവീട്ടിൽ നാരായണക്കുറുപ്പ് ചെല്ലപ്പക്കുറുപ്പ് ൨ ടിയിൽ നാരായണക്കുറുപ്പ് വേലുക്കുട്ടിക്കുറുപ്പ് ൩ ടിയിൽ കൊച്ചുകുഞ്ഞമ്മ ജാനകിഅമ്മ ൪ ടി നാവായിക്കുളംദേശത്തു പാലമൂട്ടുവീട്ടിൽ ശങ്കരക്കുറുപ്പ് നാരായണക്കുറുപ്പ് ൯ ടി പുളിയങ്ങഴികത്തുവീട്ടിൽ മൈനർ ജാനകിഅമ്മ സരസമ്മ രക്ഷകർത്താ ൩-ാം വാദി.

ടി വാദികളെ തെര്യപ്പെടുത്തുന്നത്.

ഡിക്രി വിധിനടത്തികിട്ടുന്നതിനു ഉത്തരവുണ്ടാകണമെന്നും മറ്റും പ്രതി ബോധിപ്പിച്ചിരിക്കുന്ന ൧൨൨-ാമാണ്ടു സിവിൽ പലവക ൨൬-ാംനമ്പർ ഹർജിസംഗതി ൧൧൨൨ കുംഭം ൮-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ, ഈ കോടതിയിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും, അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨൨ മകരം ൨൯-ാംനു-

—o—

ചേർത്തല അഡിഷണൽ മുൻസിഫ് കോടതിയിൽ

൧൧൦൨-ൽ സിവിൽ ന: ൪൩൨.

കൂടുതൽ ൧൪-ാം പ്രതി—തുറവൂർ പടിഞ്ഞാറുംകര തെക്കുംമുറിയിൽ അറയ്ക്കപ്പറമ്പിൽ നീലകണ്ഠനാശാരി നരസിംഹനാശാരി.

വാദി—കൂടുതൽ ൨. ചേർത്തല വടക്കുംമുറിയിൽ തെയ്യാരപ്പള്ളിൽ ഇത്താക്കു ജോസഫ്.

പ്രതികൾ ൧. മരിച്ചു. ൨. തുറവൂർ പടിഞ്ഞാറുംകരതെക്കുംമുറിയിൽ അറയ്ക്കപറമ്പിൽ വെങ്കിടാചലൻ നാരായണൻ ആശാരി. ൩, മരിച്ചു അവകാശി ൪-ാം പ്രതി. ൪, ടി മുറിയിൽ കുഴിയത്തു കിഴക്കെ നികത്തിൽ താമസിക്കും കോതനാട്ടു കുട്ടി വാസു. ൯, ടി മുറിയിൽ വടക്കെ തൈച്ചുപറമ്പിൽ കൃഷ്ണൻ നരസിംഹൻ. ൩൧, തുറവൂർ വളമംഗലം മുറിയിൽ ചാന്നുരുത്തിൽ രംഗപ്രഭു ശ്രീനിവാസപ്രഭു. ൭, ടിയിൽ രംഗപ്രഭു ദാമോദരപ്രഭു. ൨൯, ടിയിൽ രംഗപ്രഭു ഗോവിന്ദപ്രഭു. ൮, മരിച്ചു അവകാശികൾ കൂടുതൽ ൧൧ മുതൽ പ്രതികൾ. ൧൦, മരിച്ചു. അവകാശികൾ കൂടുതൽ ൧൧ മുതൽ പ്രതികൾ. കൂടുതൽ ൧൧. ആയ്യാട്ടു മണ്ണഞ്ചേരി മുറിയിൽ ഞാണ്ടിരിക്കൽ എന്നും വയലാറു മുറിയിൽ പുതിയിക്കൽ എന്നും ഭവനപ്പേരുകൾ ഉള്ള ചേർത്തല കിഴക്കുംമുറിയിൽ മണവേലിവീട്ടിൽ ലക്ഷ്മിക്കുട്ടിയമ്മ മകൾ നാരായണിയമ്മ.

൧൨, ടിയിൽ നാരായണിഅയമ്മ മകൾ മൈനർ ഭവാനിയമ്മ. ൧൩, ടിയിൽ മൈനർ നാരായണിഅമ്മ മകൾ സരോജനിയാ... മൈനർകളായ ൧൨-ം ൧൩-ം പ്രതിക... രക്ഷകർത്താവു തള്ളയായ ൧൧-ാം പ്ര...യാകുന്നു.

വാ... പ്രതികളെ തെര്യപ്പെടുത്തുന്നത്.

മേൽ...മ്പരിൽ ൧-ാംപ്രതി മരിച്ചതിന്റെ ...കാരം അവകാശിയെ കൂടുതൽ ൧൪-ാം പ്രതിയായി കക്ഷിചേർക്കാൻ ബോധിപ്പിച്ച ഹർജി സംഗതിക്കു വാദി പ്രതികൾക്കു വല്ല ആക്ഷേപവുമുണ്ടെങ്കിൽ വിചാരണദിവസമായ ൧൧൨൨-ാമാണ്ടു കുംഭമാസം ൨൯-ാംനു- പകൽ ൧൧ മണിക്കു ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളണം. ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ടു മകരമാസം ൧൨-ാംനു-

—o—

## സിവിൽപലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

തിരുവനന്തപുരം പ്രിൻസിപ്പാൾ ഡിസ്ട്രിക്ട് മുൻസിഫ് കോർട്ടിൽ

വിധിനടത്തുന്ന

തൊടുപുഴ മുൻസിഫ് കോർട്ടിൽ

൧൧൦൨ സിവിൽനമ്പർ ൪൩൮

വാദി—തിരുവല്ലാതാലൂക്കിൽ മുല്ലപ്പുഴശ്ശേരി പകുതിയിൽ മുളമൂട്ടിൽ ഇടിക്കുള ഇടിക്കുള

പ്രതികൾ—൧ തിരുവനന്തപുരം ടൗണിൽ ബയിൻസ്‌കാമ്പൗണ്ടിൽ താമസം കെ. എം. സാമുവൽ ൩ കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയ്ക്കുസമീപം തോപ്പിൽബംഗ്ലാവിൽതാമസം ഗീവറുഗീസു ഈപ്പൻ

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൨൧ ാമാണ്ടു വിധിനടത്തുവക ൧൦൩൬-ാം നമ്പർ ഹർജിസംഗതി ൧൨൨-ാമാണ്ടു കുംഭമാസം ൮-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨-൩-൧൨൨

—o—

## പരസ്യനോട്ടിസ്

—o—

സിവിൽ നടപടി നിയമത്തിന്റെ ആഡർ ൨൧—൭൦ ൩൪. വകുപ്പ്.

ചേർത്തല അഡീഷനൽ മുനിസിഫ് കോർട്ടിൽ ൧൧൦ ാമാണ്ടു സി നമ്പർ ൨൩൨ ൧൧൨-ൽ വിധിനടത്തു ഹർജി ൧൧൧൨

വാദിദാർ—എടപ്പള്ളിൽ വലിയരാജാ അവർകൾ

കൂടുതൽ പ്രതികൾ—(൨൩) തുറവൂർ വളമംഗലം മുറിയിൽ അടവാംവേലിച്ചിറയിൽ മത്തായി വക്കി (൨൪) ടിയിൽ മത്തായി കുഞ്ചാക്കോ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപ്പിച്ച വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പറ്റിയും മറ്റും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ടു കുംഭമാസം ൨൯-ാംനു- ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവും പ്രകാരം,

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ടു മകരമാസം ൧൨ ാംനു-

—o—

## ൩-ാംപ്രതിസമൻ

—o—

തൊടുപുഴ മു. കോടതിയിൽ

൧൨൧-ൽ സി നമ്പർ ൨൪൨

വാദി–കാരിക്കോട്ടുപകുതിയിൽ തെക്കുംഭാഗംമുറിയിൽ ചെലാക്കണ്ടത്തിൽ ഇട്ടിയവിരാ അവുസേപ്പ്.

൩-ാംപ്രതി-ലാളംപകുതിയിൽ ടി മുറിയിൽ കൊച്ചുപുരക്കൽ ചാക്കോ മത്തായി കത്തനാർ

൩-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു

മേൽനമ്പരുകേസ്സ് ൧൨൨-ാമാണ്ടു കുംഭമാസം ൮-ാംനു-യ്ക്കു അവധിവച്ചിരിക്കുന്നതിനാൽ ടി പ്രതിതന്നെയോ അധികാരപ്പെടുത്തിയ വക്കീൽമുഖാന്തിരമൊ അന്നേദിവസം പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ഉത്തരംപറഞ്ഞുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി വ്യവഹാരസംഗതി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവുംപ്രകാരം

ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൨൨ മകരം ൧൮

—o—

## വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്സ്

സിവിൽനടപടിനിയമത്തിന്റെ
ആർഡർ൨൧-റൂൾ൩൩, ൩൪, ൯൨, ൯൩
മാവേലിക്കര മുൻസിഫ്‌കോർട്ടിൽ
൧൦൯ സി. ൪൩൭.

വാദി—തൃപ്പെരുന്തുറപകുതിയിൽ ടി മുറിയിൽ പേരയിൽ അമ്പലപ്പാട്ട തമസം കൃഷ്ണനുണ്ണിത്താൻ രാമനുണ്ണിത്താൻ (ലേലക്കാരൻ)

അഡ്വൊക്കേറ്റ മി: കെ. എസ്സ്. പരമുപിള്ള.

പ്രതികൾ—൧, തൃപ്പെരുന്തുറപകുതിയിൽ ടി മുറിയിൽ മല്ലശ്ശേരികിഴക്കതിൽനിന്നുംകിഴക്കെ പഴിമുറിയിൽ തായംകുളങ്ങര തെക്കതിൽ നാണുപിള്ള എന്നുവിളിക്കുന്ന വേലായുധൻ നാരായണൻ. ൨, തൃപ്പെരുന്തുറപകുതിയിൽ ടി മുറിയിൽ മല്ലശ്ശേരിൽകിഴക്കതിൽവീട്ടിൽ വേലായുധൻ നാരായണൻ.

൧-ം ൨-ം പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ സന്നതിൽകൊണ്ട വസ്തു ഒഴിപ്പിച്ചുകൊടുക്കണമെന്നു ലേലക്കാരൻ കൃഷ്ണനുണ്ണിത്താൻ രാമനുണ്ണിത്താൻ അപേക്ഷിച്ചതനുസരിച്ചു ൧൧൨൨ കുംഭമാസം ൧൮-ാംനു സ്ഥലത്തു ഹാജരായി വസ ഒഴിപ്പിച്ചുകൊടുക്കുന്നതിനു് ആമൃനു് ഉത്തരവുകൊടുത്തിരിക്കുന്നതിയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൨൨ മകരം ൧൧ ാംനു
മാവേലിക്കര

—o—

## പരസ്യം

ചേർത്തല പ്രിൻസിപ്പാൾ
മുൻസിപ്പുകോർട്ടിൽ
൧൨൨ സിവിൾ ൧൦൯

വാദി—ചേർത്തലവടക്കുംമുറിയിൽ പാഴമാത്തിലായ പടിഞ്ഞാറേമാളിയക്കൽ നാരായണൻ നാരായണപ്പണിക്കർ

പ്രതികൾ—൧ ടി മുറിയിൽ പാഴമാത്തിലായ പടിഞ്ഞാറേമാളിയക്കൽ നാരായണൻ വാസുദേവപ്പണിക്കർ ൨ ടിയിൽ നാരായണൻ നീലകണ്ഠപ്പണിക്കർ

മേല്പറഞ്ഞ പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ട കുംഭമാസം ൧൪-ാംനു പകൽ ൧൧ മണിക്കു ഈ കോട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാം ചോദ്യങ്ങൾക്കും ഉത്തരംപറവാൻ തക്കവണ്ണം വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാം ചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററ വല്ല ആളോടുകൂടി വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോട്ടുവക്കീൽമുഖാന്തിരമോ ഹാജരായിരിക്കയും വേണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൯-൬-൧൨൨

—o—

## പരസ്യം

മീനച്ചൽ മുൻസിപ്പുകോർട്ടിൽ
൧൨൧-ൽ സിവിൾനമ്പ്ര ൮൧൦

വാദി—പുലിയന്നൂർപകുതിയിൽവള്ളിച്ചിറമുറിയിൽ വണ്ടാനത്തുവീട്ടിൽ കുമാരൻനായർ കൃഷ്ണൻനായർ

അഡ്വക്കേററ പി. എസ്സ്. ഗോപാലപിള്ള

പ്രതികൾ—൧ കിടങ്ങൂർപകുതിയിൽ പിറയാറകരയിൽ കാരുവള്ളിൽവീട്ടിൽ നീലകണ്ഠൻനായർ വേലായുധൻനായർ ൩. ടിയിൽ വേലായുധൻപിള്ള നാരായണപിള്ള.

പ്രതികളുടെമേൽ പ്രാംസറിനോട്ടുംപ്രകാരം കിട്ടേണ്ട സംഖ്യയ്ക്കു വാദി ബോധിപ്പിച്ചിരിക്കുന്ന മേൽനമ്പ്ര അന്യായസംഗതിയിൽ വല്ല തക്കവും പുറപ്പെടുവിക്കുവാനുണ്ടെങ്കിൽ വിചാരണദിവസമായ ൧൧൨൨-ാമാണ്ട കുംഭമാസം ൧൩-ാംനു പകൽ ൧൧ മണിക്കു ടി കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൨൪-൬-൧൨൨

## പരസ്യം

—o—

കോട്ടയം ജില്ലാക്കോർട്ടിൽ
൧൧൬-ൽ ഡി. ആർ. പി. ൬൨൮

ഹർജിക്കാരൻ-കോട്ടയം പകുതിയിൽ ടി കരയിൽ കരിശ്ശുംമൂട്ടിൽ ഉളുപ്പ് ഉളുപ്പ്.

ടി ഹർജിക്കാരന്റെവക ഹർജി പട്ടികവസ്തുവായി ചേർത്തിട്ടുള്ള കോട്ടയംപകുതിയിൽ സർവെ 126/12-30 സെൻറുള്ള കരിശ്ശുംമൂട്ടിൽപുരയിടവും തന്നിൽ ഇരിപ്പുകെട്ടിടവും ഉള്ളതിൽ ടി ഹർജിക്കാരന്റെ വീതം $\frac{1}{4}$ സ്ഥലം പ്രത്യേകം തിരിക്കുന്നതിനു കോടതിയിൽനിന്നും നിയമിച്ച കമ്മീഷണർ തയാറാക്കി ഹാജരാക്കിയിട്ടുള്ള പ്ലാനിൽ ടി ഹർജിക്കാരന്റെ വീതത്തിനു പ്രത്യേകം തിരിച്ചു് എ ബി സി ഡി അടയാളംകൊടുത്തു് കാണിച്ചിട്ടുള്ള 4 സെൻറ് 282 സ്കായർലിംഗ്സ്സ്ഥലവും ടി സ്ഥലത്തുള്ള ദേഹണ്ഡങ്ങളും ടി സ്ഥലത്തിരിപ്പ് കെട്ടിടവും പടിപ്പുരയും നീക്കി ശേഷംഭാഗം 25 സെൻറ് 718 സ്കായർ ലിംഗ്സ്സ്ഥലവും ടി സ്ഥലത്തുള്ള ദേഹണ്ഡങ്ങളും ടി ഹർജിക്കാരന്റെപേക്കു് കോട്ടയംപകുതിയിൽ തിരുനക്കരകരയിൽ പാറയിൽ അയ്യാക്കുട്ടിആചാരി കുട്ടിആചാരിയും ടിയാന്റെ ഭാര്യ ടിയിൽ ഭഗവതിഅമ്മാളും കൂടി 1104 മീനം 20-ാംനു 2369-ാംനമ്പ്രായി എഴുതിക്കൊടുത്തിട്ടുള്ള ചിട്ടിജാമ്യപണയാധാരപ്രകാരം ഈടാകുവാനുള്ള മുതൽ പലിശ ഉൾപ്പെടെയുള്ള സംഖ്യയുടെ അവകാശവുംകൂടി 122 കുംഭം 10-ാംനു പകൽ 1 മണിയ്ക്കു കോട്ടയം ജില്ലാക്കോടതി ഒഫീഷ്യൽറിസീവർആഫീസിൽവച്ചു് പരസ്യമായി ലേലംചെയ്തു് വില്ക്കുന്നതാകുന്നു. സ്ഥാവരവസ്തുവിന്റെ ലേലസംഖ്യയുടെ നാലിലൊന്നുസംഖ്യയും ജംഗമത്തിന്റെ മുഴുവൻ ലേലസംഖ്യയും ലേലദിവസവും സ്ഥാവരവസ്തുവിന്റെ ബാക്കി ലേലസംഖ്യ ലേലത്തീയതിമുതൽ 15 ദിവസത്തിനകവും റിസീവർആഫീസിൽ ഹാജരാക്കി രസീതു വാങ്ങിക്കൊള്ളേണ്ടതും ലേലനിബന്ധനകളെയുംമററും പററിയുള്ള കൂടുതൽവിവരങ്ങൾ ടി ആഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതുമാകുന്നു.

ഒഫീഷ്യൽറിസീവർ (ഒപ്പ്)

കോട്ടയം 24-6-122

—o—

### സിവിൾ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്സ്.

—o—

കരുനാഗപ്പള്ളി മുൻസിഫ് കോർട്ടിൽ
൧൧൨൨-മാണ്ട് സി ൧൬൪.

വാദി—൨. കരുനാഗപ്പള്ളി പകുതി പടനായർകുളങ്ങര വടക്കുംമുറി ഇലഞ്ഞിപ്പുഴ വടക്കേമഠത്തിൽ ലക്ഷ്മി വരാഹയ്യൻ കാന്തിമതിനാഥയ്യൻ.

പ്രതികൾ—൩. തേവലക്കര നടുവിലക്കരമുറി കോതമംഗലത്തുനിന്നും തിരുവനന്തപുരം പാൽക്കുളങ്ങരപകുതി പെരുന്താന്നിമുറിശ്രീഭണ്ഡാരത്തു വീട്ടിൽ കേരളൻപിള്ളപരമേശ്വരൻപിള്ള. ൪. പെരിനാട്ടുപകുതി പാമ്പാലിച്ചേരി തുണ്ടിൽവീട്ടിൽ പി. നാരായണപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

കേസ്സ് കൊല്ലം മുനിസിഫ് കോർട്ടിലയയ്ക്കാൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് സിവിൾ പലവക ൮൨൨൨-ാംനമ്പർ ഹർജി സംഗതി ൧൧൨൨-ാമാണ്ട് കുംഭമാസം ൧൩-ാംതീയതി വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചു കൊള്ളണം അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൨൨—൬—൧൧൨൨.

—o—

## പരസ്യം

—o—

ചേർത്തല മുൻസിഫ് കോടതിയിൽ
൧൧൨൧-ൽ സിവിൽ നമ്പ്ര ൧൨൬൪

വാദി—വയലാർ മേക്കുംപകുതി ഉഴുവ മുറിയിൽ തൈവേലിക്കകത്തു മാത്തുക്കു ജോസഫ്.

൪-ാംപ്രതി—കൊച്ചി കണയന്നൂർ താലൂക്കിൽ ൧൨-ാംനമ്പ്ര കുമ്പളങ്ങി വില്ലേജിൽ തെക്കുംഭാഗത്തു കുന്നേൽ ഇരിക്കും പള്ളിപ്പറമ്പിൽ ചിര മീനാക്ഷി.

൬-ാംപ്രതി—വയലാർ ഉഴുവ മുറിയിൽ തെച്ചുപറമ്പിൽ താമസിക്കും കോനാട്ടുശേരിൽ കുഞ്ഞമ്മ അമ്മക്കുഞ്ഞു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽ നമ്പരിൽ ടി പ്രതികൾക്കു് പല തവണ സമൻസയച്ചതിൽ കയ്യററാതെ മടങ്ങി വന്നിരിക്കുന്നതിനാൽ ഈ നമ്പ്ര വിചാരണക്കു വച്ചിരിക്കുന്നതായ ൧൧൨൨ മാണ്ടു് കുംഭമാസം ൧൦-ാംനു പകൽ ൧൧ മണിക്കു് പ്രതികളോ അധികാരപ്പെടുത്തപ്പെട്ട വക്കീലവർകളോ ഈ കോടതി മുമ്പാകെ ഹാജരായി തക്കം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം അന്നേ ദിവസം പ്രതികളെക്കൂടാതെ കേസ്സ് തീരുമാനിക്കുന്നതാണെന്നുമുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ടു് മകരമാസം ൧൨-ാംനു

—o—

## പ്രതിസമൻസ്

—:—

കൊല്ലം പ്രിൻസിപ്പാൾ
മുൻസിഫ്‌കോർട്ടിൽ
൧൧൨൨ സി. ൧൦൯

വാദി— ദി കായിലോൺടാൻസ്പോർട്ടിംഗ്കമ്പനി ഉടമസ്ഥൻ കൊല്ലം വലിയകടച്ചേരിയിൽ ജോനകപ്പുറത്തു മിയ്യാംനഴികം പുത്തൻവീട്ടിൽ മുഹമ്മദുകാസിൻ സെയ്യുമുഹമ്മദ്.

പ്രതി-1 തിരുവല്ലാംതാലൂക്കിൽ മാന്നാർപ്രവൃത്തിയിൽ കുരട്ടിശ്ശേരിമുറിയിൽ തളിയിൽതെക്കതിൽവീട്ടിൽ പരമേശ്വരൻപിള്ള കൃഷ്ണപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്കു് ഈ കോടതിയിൽനിന്നും സമൻസ്അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൨ കുംഭം ൧൮-ാം തീയതി പകൽ ൧൧ മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻറോ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

122 മകരം 14

—o

## പ്രതിസമൻസ്

കൊല്ലം പ്രി: മു. കോർട്ടിൽ
൧൨൧ സി ൯൨൮

വാദി-കൊല്ലം കമ്പാളത്തിൽ ചിന്നക്കടയിൽ ബീച്ചുറോഡിനുസമീപം കച്ചവടം മുഹമ്മദുകണ്ണു് മുഹമ്മദ്അബ്ദുല്ലാ.

പ്രതി-മാവേലിക്കര പാലമേൽപകുതിയിൽ ആളക്കാട്ടു കുളങ്ങരമുറിയിൽ താവളത്തുവടക്കതിൽ നയിനാരു അബ്ദുൽകാതിരുരാവുത്തർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്കു ഈ കോടതിയിൽനിന്നും സമൻസ്അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൨ കുംഭം ൧൨-ാം തീയതി പകൽ ൧൧ മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ച്ചവരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായം തീർച്ച ചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

122 ധനു 20

—o—

## വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്

—o—

സിവിൾ നടപടിനിയമത്തിന്റെ
ആഡർ ൨൧, റൂൾ ൩൩,൩൪,൯൨,൯൩.
കൃഷ്ണപുരം മുൻസിഫ്‌കോർട്ടിൽ
൧൯-ാമാണ്ട സി നമ്പർ
ആദ്യ വ്യവഹാരം ൮൩൮.
൧൨൨-ാമാണ്ട വിധിനടത്തു
അപേക്ഷ നമ്പർ ൬൨.

വാദി:—കണ്ടല്ലൂർ പകുതിയിൽ കണ്ടല്ലൂർ തെക്കുംമുറിയിൽ മാപ്പിലാത്തുശ്ശേരിൽ വേലായുധൻ മാതേരു്.

പ്രതികൾ:—൧. കണ്ടല്ലൂർപകുതിയിൽ കണ്ടല്ലൂർ തെക്കുംമുറിയിൽ തോപ്പിൽവീട്ടിൽ നാരായണിഅമ്മ ശങ്കരിഅമ്മ. ൨. ടിയിൽ ശങ്കരപ്പിള്ള ചന്ദ്രശേഖരൻപിള്ള. ൩. ടിയിൽ ശങ്കരിഅമ്മ ചെല്ലമ്മ. ൪. ടിയിൽ ശങ്കരിഅമ്മ തങ്കമ്മ. ൮. ആറാട്ടുപുഴപകുതിയിൽ പെരുമ്പള്ളിത്തുറയിൽ കൊടിവീട്ടിൽ കുഞ്ഞൻ രാമൻകുഞ്ഞു്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ ഡിക്രിയിൽകൊണ്ട വസ്തു ഒഴിപ്പിച്ചുകൊടുപ്പിക്കണമെന്നു വാദി അപേക്ഷിച്ചതനുസരിച്ചു് ൧൧൨൨-ാമാണ്ട കുംഭമാസം ൧൦-ാംനു സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു് ആമൃനു ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

വിചാരണ ൭—൭—൧൧൨൨.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൧൧൨൨-ാമാണ്ട മകരമാസം ൨൪-ാംനു

—o—

## രണ്ടാംപ്രതിക്കുള്ള സമൻസ്

—o—

തിരുവല്ലാം മുൻസിഫ്‌കോർട്ടിൽ
൧൨൦-ൽ സിവിൾ നമ്പ്ര ൨൯൨

വാദി—കടപ്ര പകുതിയിൽ വളഞ്ഞവട്ടംമുറിയിൽ ചെമ്പുമാലി കിഴക്കേതിൽ ഗീവറുഗീസ് ഗീവറുഗീസ്.

൨-ാംപ്രതി—കണ്ണറങ്കാട്ട പകുതിയിൽ അട്ടുരുമുറിയിൽ പടിഞ്ഞാറേടത്തുപുത്തൻവീട്ടിൽ മത്യൂമുതലാളി അലക്സാണ്ടർ മുതലാളി.

ഒററിയാധാരപ്രകാരമുള്ള ബാദ്ധ്യത വിട്ടുത്തി വസ്തു ഒഴിപ്പിക്കുന്നതിനായി വാദി ബോധിപ്പിച്ചിരിക്കുന്ന മേൽനമ്പർ അന്യായത്തിനു് ൨-ാംപ്രതിക്കുള്ള തക്കം ബോധിപ്പിക്കുന്നതിനായി ൧൧൨൨ കുംഭം ൧൮-ാം തീയതിക്കു് അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ പത്തുമണിക്കു കക്ഷി നേരിട്ടോ വക്കീൽ മുഖേനയോ ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. അവധിക്കു ഹാജരാകാതിരുന്നാൽതക്കമില്ലെന്നുകണ്ടു് കേസ്സു തീർച്ചചെയ്യുന്നതാണു്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ മകരം ൪-ാംനു

—o—

## പരസ്യം

ചങ്ങനാശേരി മുൻസിഫ്‌കോർട്ടിൽ
119-ൽ സി നമ്പർ 368.

വാദി—മാടപ്പള്ളി പകുതിയിൽ കുറുമ്പനാട്ടു മുറിയിൽ അരശ്ശേരാട്ടു മാറാത്തിൽ വറുഗീസു് ഔസേപ്പു്.

കൂട്ടതൽ 3-ാംപ്രതി—പുതുപ്പള്ളി പകുതിയിൽ വാകത്താനം മുറിയിൽ മുക്കാട തോമ്മാ ചാക്കോ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ഈ നമ്പരിൽ കൂട്ടതൽ 3-ാംപ്രതിക്കു പല പ്രാവശ്യം സമൻസയച്ചതിൽ കൈപ്പററാതെ മനഃപൂർവ്വം മടക്കി അയച്ചിരിക്കുന്നതിനാൽ മേൽ നമ്പർ കേസിന്റെ അടുത്ത വിചാരണ ദിവസമായ 15-7-122. (122 കുംഭം 15-ാംനു) പകൽ 11 മണിക്കു് പ്രതിയോ, നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ, ഏജൻറാ മുഖാന്തിരം ഈ കോടതിമുമ്പാകെ ഹാജരായി തക്കമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും, അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ കേസു തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

122—മകരമാസം 23—ാംനു.

—o—



# സ്റ്റോക്കർ

ഫാക്ടറിച്ചൂളയിലും ആവിയന്ത്രങ്ങളിലും സ്റ്റോക്കർ കല്ക്കരി മുറയ്ക്കു ഇട്ടുകൊണ്ടിരിക്കുന്നതു നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? അവൻ എത്രകണ്ടു അദ്ധ്വാനിക്കുന്നു! എന്നാൽ അയാളുടെ അദ്ധ്വാനവും വിയർപ്പും വ്യർത്ഥമല്ല. വ്യവസായം, ഗതാഗതം ഇവയുടെ നടത്തിപ്പിൽ അയാൾ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരു ഘടകമാണ്.

അതുപോലെതന്നെ ജീവിതചക്രത്തിനും ഒഴിച്ചുകൂടുവാൻപാടില്ലാത്ത ഒരു ഘടകമാണ് ആരോഗ്യവും ആരോഗ്യരക്ഷയും. അഴുക്കുകളും രോഗാണുക്കളും ഉൻമൂലനംചെയ്തു് ഹമാം ദേഹശുദ്ധീകരണം നിർവ്വഹിക്കുന്നു.



# ഹമാം

ഭാരതം ഒട്ടാകെ
ഇഷ്ടപ്പെടുന്ന സോപ്പ്

ടാറ്റാകോ വില്പനശാല
നമ്പർ 4/117 ട്രിച്ചി
റോഡ്, കോയമ്പത്തൂർ

ടി ടാററാഓയിൽമിൽസ്കമ്പനി
ലിമിറ്റഡ്.

**FOR SALE**
One complete
Cinema Talkie Equipment
For details apply to:
**SRI KRISHNA TALKIES,**
**ALLEPPEY.**

ഗ്രന്ഥവിഹാരം

## ആരോഗ്യചന്ദ്രിക

—o—

ഗ്രന്ഥകർത്താ,
പി. കെ. നാരായണൻവൈദ്യൻ
തെക്കാട്ടുശ്ശേരി.
വില രൂ. ൧ അ. ൮

ആയുസ്സും ആരോഗ്യവും ജീവിതത്തിലെ രണ്ടു പ്രധാന ഘടകങ്ങളാണ്. എന്നാൽ മനുഷ്യൻ ഈ രണ്ടു കാര്യങ്ങളിലും കാണിക്കാറുള്ളതുപോലെ അശ്രദ്ധ മററൊന്നിലുംതന്നെ പ്രദർശിപ്പിക്കുന്നില്ല. ആയുസ്സിനെ സംബന്ധിച്ചാണെങ്കിൽ, ദേവോ ന ജാനാതി കുതോ മനുഷ്യഃ എന്നു ജല്പിക്കാറുണ്ടെങ്കിലും പണം പിടുങ്ങാനായി ഗ്രഹങ്ങളെ വരവരച്ചുനിരത്തി പരമായുസ്സു നിർണ്ണയിക്കുന്ന ജാതകക്കുറിപ്പടിയിൽ അവൻ സംതൃപ്തനാണ്. ആയുർദ്ദൈർഘ്യപരമായ സൂക്ഷ്മചിന്തനത്തിനു വേണ്ടുന്ന ശാസ്ത്രപരിചയം സമ്പാദിക്കുകയെന്നുള്ളതൊക്കെ, ആ ദുർഘടങ്ങളൊക്കെ, കുറച്ചു ചക്രംകൊണ്ടുകൂടാതെ കഴിക്കാമെങ്കിൽ അതൊരു വലിയ ആശ്വാസമല്ലേ. ആയുസ്സിൻെറ കാര്യം ഇങ്ങനെ അബദ്ധപ്പഞ്ചാംഗത്തിൽ അടിത്തറകെട്ടിയിരിക്കുന്നപോലെതന്നെയാണ് അവൻെറ ആരോഗ്യവകുപ്പും. ജന്മാന്തരകൃതം പാപം വ്യാധിരൂപേണ ബാധതേ, എന്നു അല്പം കടന്നുപഠിച്ചിട്ടുള്ളവർ ആശ്വാസം തേടുമെങ്കിലും, എന്തായാലും സുഖക്കേടൊരു സാധാരണകാര്യമാണെന്നത്രേ നമ്മുടെ വയ്പ്. സുഖക്കേടിനു സർക്കാരിൽ നിന്നുതന്നെ വൈദ്യന്മാരേയും ഡാക്ടർമാരെയും ഏർപ്പെടുത്തിയിരിക്കുന്നസ്ഥിതിക്കു് അല്പം ചക്രമുണ്ടെങ്കിൽ സുഖക്കേടിനെ ഭയപ്പെടാനില്ലെന്നുതന്നെ അവനു തോന്നിപ്പോയിരിക്കുന്നു. പോരെങ്കിൽ നമ്മുടെ പത്രപംക്തികളിലെ മരുന്നുപരസ്യം കണ്ടാൽ സർവ്വരോഗങ്ങളും ഈ നാട്ടുവിട്ടോടിപ്പോവുമെന്നുതന്നെ തോന്നിപ്പോകും. രോഗങ്ങളുണ്ടായാൽ അതിൻെറ നിവാരണത്തിനുള്ള ഏർപ്പാടുകളല്ലാതെ രോഗഹേതുക്കളെപ്പററി ആരോഗ്യരക്ഷാപരമായ ശാസ്ത്രബോധത്തിനു പൊതുജനാരോഗ്യവകുപ്പോ നമ്മുടെ വിദ്യാഭ്യാസപദ്ധതയോ കാര്യമായ പ്രാധാന്യം നൽകിക്കാണുന്നില്ല. ആരോഗ്യപരമായ വിജ്ഞാനത്തിനെപ്പോലെ അദ്ധ്യാപനപദ്ധതിയിൽ അതിപ്രാധാന്യം കല്പിക്കേണ്ടതായി മററൊന്നാണുള്ളതു്.

പുരാതനശാസ്ത്രകാരന്മാർ ആരോഗ്യവിഷയം ശാസ്ത്രമെന്നോണം അല്ല വേദാധ്യയനമായിത്തന്നെ വിലമതിച്ചുപോന്നിരുന്നു. ആയുർവേദം പവിത്രവും ദേവയോഗ്യവുമായി അവർ ആരാധിച്ചുപോന്നിരുന്നു. ആയുർവേദഗ്രന്ഥങ്ങളായ ചരകത്തിലും അഷ്ടാംഗഹൃദയത്തിലും രോഗനിദാനങ്ങളെപ്പററിയുള്ള വിവരങ്ങൾക്കാൾ ചികിത്സയ്ക്കാണു പ്രാധാന്യം നൽകിയിരിക്കുന്നതു്. നിദാനപരമായി നമുക്കു ലഭിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ പ്രമാണപ്പെട്ടതു് മാധവനിദാനമാണ്. അതിലാകട്ടെ ചികിത്സയെ സ്പർശിക്കാതെ രോഗോല്പത്തിയേയും അതിൻെറ പരിണാമക്രമങ്ങളേയും മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. അക്കാലത്തു രോഗങ്ങളെ സംബന്ധിച്ചിടത്തോളം ആ ഗ്രന്ഥം സമഗ്രവുമാണ്. എന്നാൽ കാലദേശാദ്യവസ്ഥകളുടെ വ്യതിയാനം, വിവിധരാജ്യനിവാസികളുമായി ഇന്നു സർവ്വസാധാരണമായിത്തീർന്നിരിക്കുന്ന പരസ്പരസമ്പർക്കം ആഹാരത്തിലും മററും വന്നുചേർന്നിരിക്കുന്ന പരിഷ്കൃതസ്വഭാവം തുടങ്ങിയ പല കാരണങ്ങളാലും പല പുതിയ രോഗങ്ങളും നമ്മുടെ ഇടയിൽ സ്ഥാനംപിടിച്ചിട്ടുണ്ടു്. ഫിരംഗ്‌രോഗത്തെ സംബന്ധിച്ച 'ഭാവപ്രകാശ'ത്തിലല്ലാതെ അതിനുമുമ്പുള്ള ആയുർവ്വേദഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കുന്നില്ല. ഇതു് പോർട്ടുഗീസുകാർ നമ്മുടെ ഇടയിൽ ഇറക്കുമതിചെയ്തതാണ്.

ശ്രീ. പി. കെ. നാരായണൻവൈദ്യരുടെ ആരോഗ്യചന്ദ്രിക അദ്ദേഹത്തിൻെറ ൪൦ കൊല്ലത്തെ ചികിത്സാവൃത്തിയിൽ നിന്നും അനുഭവപ്രാപിച്ചിട്ടുള്ള ശാസ്ത്രബോധത്തിൻെറ ആവിഷ്കരണമാണ്. അതിൻെറ പ്രമാണപദവിയെ ശ്രീ. കോമത്തേരി ശങ്കരമേനോൻ അവർകൾ സാക്ഷ്യപത്രംകൊടുത്തു പ്രബലമാക്കുന്നുമുണ്ടു്. ജീവിതസാധാരണമായ സംഭവങ്ങളുടെ ശാസ്ത്രീയസ്വഭാവത്തിൽ അനുവർത്തിക്കേണ്ടതിൻെറ ആവശ്യകതയും അതുകൊണ്ടു സിദ്ധമാകുന്ന പ്രയോജനത്തേയുംപററിയല്ലാതെ ഔഷധവിജ്ഞാനീയപരമായ സ്കന്ധങ്ങൾ ഇതിൽ അന്തർഭവിച്ചുകാണുന്നില്ലെന്നുള്ളതു് ഒരു വിശേഷവിധിയാണ്. അങ്ങനെ ഈ ഗ്രന്ഥം നമ്മുടെ നിത്യജീവിതത്തിൽ ഒരുത്തമോപദേഷ്ടാവായി പരിചയപ്പെടുവാനും യോഗ്യമായിട്ടുണ്ടു്. ഫിരംഗ്‌രോഗവിചാരണയിൽ അതിൻെറ ഉത്ഭവത്തെപ്പററി വൈദ്യരവർകൾ ഒരാഖ്യായികയായി ചില ഐതിഹ്യച്ചുരുക്കുകൾ ഒരുക്കിവച്ചിരിക്കുന്നതു് ഗ്രന്ഥത്തിൻെറ ശാസ്ത്രീയസ്വഭാവത്തിനു ന്യൂനതവരുത്തുന്നില്ലേ എന്നു സംശയിക്കുന്നു. ഉപകാരപ്രദമായ വൈദ്യരവർകളുടെ ഈ സദ്വ്യവസായത്തിനു വിജയാശംസചെയ്യുന്നു.

(സി. എം. പി)

—•—

കൊച്ചി S. N. D. P. യോഗം

## സോവനീർ

—•—

പബ്ലിഷ്ഡ് By
കൊച്ചിൻ എസ്. എൻ. ഡി. പി.
യോഗം, തൃശ്ശൂർ.
വില ഒന്നര ഉറുപ്പിക.

കൊച്ചി, എസ്. എൻ. ഡി. പി. യോഗം സ്ഥാപിച്ചിട്ടു ൩൦ കൊല്ലം തികയുന്നതിൻെറ ഓർമ്മയ്ക്കായി യോഗത്തിൽനിന്നു റാവു് സാഹിബ്, കെ. അയ്യപ്പൻ ബി. എ. യുടെയും ശ്രീ. കെ. ആർ. അച്ചുതൻ, എം. എ. ബി. എൽ. ൻെറയും പരിശോധനാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് പ്രസ്തുതസ്മാരകഗ്രന്ഥം. ശ്രീനാരായണഗുരുസ്വാമികളുടെ ചിത്രം ത്രിവർണ്ണാങ്കിതമായി അലങ്കരിച്ച അഗ്ര്യപൂജാസ്ഥാനംകല്പിച്ചു അങ്ങനെ അവർണ്ണനീയമായ ഗുരുഭക്തി ആദ്യമായിതന്നെ നമ്മിൽ ഉദയംചെയ്യിക്കുന്നു. സർ സി. പി. രാമസ്വാമിഅയ്യർ ദിവാൻ, വിജയരാഘവാചാരി ജി. റി. ബോംഗ് തുടങ്ങിയ പ്രശസ്തവ്യക്തികളുടെ അനുമോദനവിഭവങ്ങളെ ആസ്വദിക്കാനായി അവയെ ഒരുക്കിയിരിക്കുന്ന ക്രമമാണു പിന്നീടു ദൃശ്യമാകുന്നതു്. നാല്പത്തിരണ്ടു വിഷയങ്ങൾ ഗദ്യപദ്യാത്മകങ്ങളായി ഇതുൾക്കൊള്ളുന്നു. ബ്രഹ്മശ്രീ നാരായണഗുരുസ്വാമികളുടെയും മഹാകവി കുമാരനാശാൻ അവർകളുടെയും ശ്രീ ബോധാനന്ദസ്വാമികളുടെയും ത്രിവർണ്ണചിത്രങ്ങൾ, കൊച്ചി, തിരുവിതാംകൂർ മഹാരാജാക്കന്മാരുടെയും പല മന്ത്രിപ്രധാനന്മാരുടെയും ചിത്രങ്ങൾ, സമുദായത്തിലെ പല പ്രമുഖവ്യക്തികളുടെയും ചിത്രങ്ങൾ ഈ പ്രസിദ്ധീകരണത്തിനെ ആകർഷണീയതപ്പെടുത്തുന്നുണ്ടു്.

യോഗം പ്രസിഡൻറുതന്നെ എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ ൩൦ കൊല്ലത്തെ ചരിത്രത്തെപ്പററി പ്രഥമതഃ തരുന്ന അനാഖ്യാനം അതിൻെറ സംഭവബഹുലവും ക്രമോന്മുഖവുമായ പുരോഗമനത്തിൽ, ശുഭോദർക്കമായ ഭാവിയിൽ നമ്മെ വിശ്വാസമുള്ളവരാക്കി തീർക്കുന്നു. സമുദായശാഖയിൽ നെടുപ്പമുള്ള പല വ്യക്തികളുടെയും, ജീവിതവിവരണങ്ങൾ, ശാഖായോഗങ്ങളുടെ സ്ഥാപനങ്ങൾ പ്രവർത്തനവിധാനങ്ങൾ തുടങ്ങിയവകളാൽ ഈ സാമുദായികചരിത്രഗ്രന്ഥം ഒരു ഡയറക്ടറിഎന്ന നിലയിൽകൂടി ഉപകാരപ്പെടത്തക്കവിധം ക്രമീകരിക്കപ്പെട്ടു കാണുന്നു. അതിൽ പ്രവർത്തകന്മാർ പ്രത്യേകം അഭിനന്ദിക്കപ്പെടേണ്ടവർ തന്നെ വേണം. സമുദായത്തിൻെറ കർമ്മവിപാകവിജ്ഞാന പ്രതിപാദനത്തിൽ സാഹിത്യം പുറംതള്ളിപ്പോയതിലോ വ്യവസായ വികസനങ്ങളുടെ സൃഷ്ടിപരിപാടി അദൃശ്യമായിപ്പോയതിലോ ഇതിൽ അപൂർണ്ണത ദർശിക്കുവാനവകാശമില്ല. എന്നാൽ ശ്രീ. നാരായണഗുരുസ്വാമികളുടെ ധർമ്മപരിപാലനമുദ്ര ചാർത്തിയിരിക്കുന്ന ഈ സ്മാരകഗ്രന്ഥത്തിൽ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടവർകളുടെ കമ്മ്യൂണിസ്ററു സിദ്ധാന്തവും മി: എം. സി. ജോസഫിൻെറ യുക്തിവാദവും ഉൾപ്പെടുത്തിക്കാണുന്നതു് ആദർശവ്യതിചലനമോ അതല്ല കാലാനുസൃതമായ ആദർശഗ്രഹണൌൽസുക്യമോ എന്നു വ്യവസ്ഥിതിവരുത്തേണ്ട ആവശ്യം ഇല്ല. കൊച്ചി എസ്സ്. എൻ. ഡി. പി. യോഗപ്രവർത്തകരുടെ സമുദായാഭിമാനോദ്ദീപകമായ ഈ സമ്പൂടത്തിനു സഹർഷം സ്വാഗതം പറയുകയും സകല വിധമായ ഭാവിനന്മകളാശംസിക്കുകയും ചെയ്യുന്നു.

(സി. എം. പി.)

—o—

## കാർത്തിക

—o—

ഗ്രന്ഥകർത്താ,
വക്കീൽ, കെ. എൻ. കേശവൻ
പ്രസാധകർ,
നാഷ്യനൽബുക്കഡിപ്പോ, കോട്ടയം.
വില രൂ. ൧ ണ ർ

കേരളഗ്രന്ഥാവലിയിൽ ഏഴാമിടം കൈക്കൊണ്ടിരിക്കുന്ന ഈ കാർത്തിക ആസപ്തമഭാവംകഥകളിലായി കാണിച്ചുതരുന്നു. വക്കീൽ മി. കെ. എൻ. കേശവൻ, പലപ്പോഴായി എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള ഏഴു ചെറുകഥകൾ, അതിൽ ആദ്യത്തെ കഥ, ഗ്രന്ഥനാമം വഹിച്ചിരിക്കുന്നതാണു ഈ കാർത്തിക. സതീത്ഥ്യസ്നേഹം കുചേലഗോപാലവേഷം കെട്ടിആടി കണ്ടിട്ടുള്ള നമുക്കു അതിനെ ഇക്കാലത്തിനനുകൂലിച്ചരീതിയിൽ പെൺവേഷംകെട്ടിച്ചു കാർത്തികാകല്യാണികളാക്കി രംഗപ്രവേശംചെയ്യിച്ചു സ്വഭാവോക്തിയിൽ നമ്മെ രസിപ്പിച്ചു ആദർശപ്രതിഷ്ഠയ്ക്കു അഷ്ടഗന്ധകലശംചെയ്തുവയ്ക്കുന്ന ഗ്രന്ഥകാരൻ അടുത്തതായി സ്നേഹഭാണ്ഡത്തിലെ ചില 'വിഴുപ്പു'കൾ വാരിഇടാൻ തുടങ്ങുന്നു. തൻെറ നിഗൂഢപ്രേമത്തിനു നിലകിട്ടാതെ നിത്യനിരാശയിൽ ഒരു അഭ്യസ്തവിദ്യനായ യുവാവ് ആ പ്രേമദേവതയുടെ ഒരു പഴയ ജാപറം നെഞ്ചോടണച്ചു തെരുവീഥിയിൽ വീണ്ടാടിത്തിരിഞ്ഞു ചാകുന്നു. അഭ്യസ്തവിദ്യയായ യുവതിയിൽ ആദർശപ്രേമം അന്വേഷിച്ചുചെല്ലുന്ന ക്ലാർക്കിനെ ആ ഉദ്യോഗസ്ഥരിവെയ്പ്പുകാരൻെറ അധർഷണംചെയ്യുന്ന അവസരത്തിലേ കഥികൻ ആരംഗത്തിലേക്കു കടത്തിവിടുകയുള്ളൂ. ക്ഷമാപണവും വ്യഭിചാരിഭാവത്തിൽതന്നെ പോകുന്നു.

പക്ഷേ, അതിലെ മല്ലികയ്ക്കു ഒരു വ്യത്യസ്തം ഉണ്ടു്. സന്മാർഗ്ഗവാസനയുള്ള ഒരു ഹൃദയം — ആ ഹൃദയസൗരഭ്യം ആ കഥാഗാത്രത്തിലെ ദുർവാസനകളെ ജയിച്ചുനില്ക്കുന്നതായി അനുവാചകനു അനുഭവപ്പെടും. അഞ്ചാമത്തതു് അഞ്ചൽമുദ്രയാണ്. കാമലേഖനം എന്നു കേൾക്കുമ്പോൾ എടുത്തുചാടാൻതുടങ്ങുന്ന ചെറുപ്പക്കാർക്കു പിണയുന്ന വിഡ്ഢിത്തത്തിനു സ്വാഭാവികത വരുത്തിയിരിക്കുന്നതാണ് ഈ കഥ. അമൃതദീപം, ജീവിതയാത്രയിൽ നമ്മുടെഅനുഭവസമ്പന്നതയെ വ്യയംചെയ്യിക്കുന്ന ചില ദയനീയസംഭവങ്ങളുടെ ചിത്രീകരണമാണു്. കേവലം എഴുത്തുകൊണ്ടുമാത്രം സാധിക്കുന്ന ചെറുകഥാപ്രസ്ഥാനത്തിലുള്ളതാണ് വിവാഹവൈരാഗ്യം. ചെറുകഥാപ്രസ്ഥാനത്തിലെ പല പരിവർത്തനങ്ങളും ഈ കഥകളിൽ വരുത്തുവാൻ ഗ്രന്ഥകാരനു സാധിച്ചിട്ടുണ്ടു്. അവക്രപ്പും അത്യന്തലളിതവുമായ ഭാഷാരീതിയിലാണു് ഈ കഥകളെല്ലാം തന്നെ രചിക്കപ്പെട്ടിരിക്കുന്നതു്. അതിനാൽ പരിശ്രമംകൂടാതെ പ്രസാദഗുണം ഗ്രന്ഥത്തിനു സ്വാധീനമായിട്ടുണ്ടു്. യഥാർത്ഥപ്രേമത്തിനെത്തിരിഞ്ഞു പോകുന്നതിൽ അദ്ദേഹംവിഷാദഭൂമിയിൽ തളർന്നുനിന്നു നെടുവീർപ്പിടുകയാണിതിൽ, നിഷ്കർഷക്കുറവുകൊണ്ടു പദങ്ങൾക്കു ചില സ്ഖലിതങ്ങളും സംഭവിച്ചു കാണുന്നുണ്ടു്. മി. കെ. എൻ. കേശവനു സ്വാധീനമായിക്കഴിഞ്ഞിരിക്കുന്ന സാഹിത്യസിദ്ധി സമുചിതസപര്യകൊണ്ടു സമ്പോഷണം ചെയ്യുകാണ്മാൻ അദ്ദേഹം സന്നദ്ധശ്രദ്ധനാകണം. സി. എം. പി.

—o—

# തിരുമേനിമാക്കു കൃതജ്ഞത

—o—

## ഇൻസ്റ്റിറ്റ്യൂഷൻ അഫ് എഞ്ചിനിയേഴ്സ് രേഖപ്പെടുത്തുന്നു

തിരുവനന്തപുരം ഫെ: 15—ഇന്നലെ നന്ദവനം ഗ്രൗണ്ട്സിൽവച്ചു നടന്ന ഇൻസ്റ്റിറ്റ്യൂഷൻ അഫ് എൻജിനിയേഴ്സ് യോഗത്തിൽ മി. ഡി. കെ. മംഗ്ലൂരി ഒരു പ്രബന്ധം വായിച്ചു. ഹൈദരബാദ്, ബാംബെ, ബാംഗ്ലൂർ, മദ്രാസ് എന്നിവിടങ്ങളിലെ ചില പ്രശസ്ത ഡെലിഗേറ്റുകൾ അതിനെ സംബന്ധിച്ച ചർച്ചകളിൽ പങ്കെടുത്തു.

ഇന്നുകാലത്തു ബംഗാളിലെ ജലമാർഗ്ഗങ്ങളെ സംബന്ധിക്കുന്ന മി. കെ. ബി. റായിയുടെ പ്രബന്ധം അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ അദ്ധ്യക്ഷൻ അവതരിപ്പിക്കയും ചർച്ചകൾ നടക്കുകയും ചെയ്തു.

ഉച്ചതിരിഞ്ഞു മി: കെ. എഫ്. ആന്റിയായുടെ പ്രബന്ധത്തെ സംബന്ധിച്ചു ചർച്ചകൾ നടന്നു. അദ്ദേഹം സന്നിഹിതനായിരുന്നില്ല. വിവിധ വിമർശനങ്ങൾക്കു അദ്ദേഹം നൽകുന്ന മറുപടി ഇൻസ്റ്റിറ്റ്യൂഷന്റെ ജേണലിൽ ഏതെങ്കിലും ലക്കത്തിൽ പ്രസിദ്ധംചെയ്യുന്നതാണ്.

ഡെലിഗേറ്റുകൾക്കും അവരുടെ കുടുംബങ്ങൾക്കും ഇൻസ്റ്റിറ്റ്യൂഷന്റെ ദക്ഷിണേന്ത്യൻസെന്ററിന്റെ വകയായി ഇന്നു വൈകുന്നേരം നന്ദവനത്തിൽവച്ച് ഒരു അറ്റ്ഹോം നൽകപ്പെട്ടു.

പ്രബന്ധയോഗത്തിനുശേഷം നടന്ന ഇൻസ്റ്റിറ്റ്യൂഷൻമെമ്പറന്മാരുടെ സംയുക്തയോഗത്തിൽ സംഘടനയുടെ വാർഷികപൊതുയോഗം തിരുവനന്തപുരത്തുവച്ചു നടത്തുവാൻ ക്ഷണിച്ചതിലും മെമ്പറന്മാരെ സംസ്ഥാനാതിഥികളായി സ്വീകരിച്ചതിലും മഹാരാജാവുതിരുമനസ്സിനോടും തിരുമനസ്സിലെ ഗവമ്മെന്റിനോടും സചിവോത്തമനോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്ന പ്രമേയങ്ങൾ പാസ്സാക്കി.

ഇളയരാജാതിരുമനസ്സിലെ ഉത്തേജകമായ പ്രസംഗത്തിനു തിരുമനസ്സിലെക്കു യോഗം കൃതജ്ഞത രേഖപ്പെടുത്തി.

സ്ഥലത്തെ താമസം സന്തോഷപ്രദവും രസാവഹവും വിജ്ഞാനപ്രദവുമാകത്തക്ക സകല സൗകര്യങ്ങളും നൽകിയതിൽ ചീഫ് എൻജിനീയർ തുടങ്ങിയ സ്ഥലത്തെ എക്സിക്യൂട്ടീവുകമ്മിറ്റിഅംഗങ്ങളോടും യോഗം കൃതജ്ഞത പ്രദർശിപ്പിച്ചു.

അടുത്ത രണ്ടുദിവസം ഡെലിഗേറ്റുകൾ സംസ്ഥാനത്തെ വിവിധസ്ഥലങ്ങൾ സന്ദർശിക്കുന്നതാണ്.

—o—

# ഹരിജനോദ്ധാരണ വകുപ്പ്

—o—

മദ്രാസ് ഫെബ്റ ൧൪—ഹരിജനോദ്ധാരണവകുപ്പ് പ്രത്യേകം രൂപവൽക്കരിക്കാൻ കഴിഞ്ഞ ബഡ്ജററിൽ ഒരുകോടിരൂപാ അനുവദിച്ചതിൻപ്രകാരം മദ്രാസ്ഗവമ്മെണ്ട് ഒരു പുതിയ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ലേബറിന്റെ ഡെപ്യൂട്ടികമ്മീഷണരുടെ ചാർജ്ജിലാണു ഈ ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുന്നതു്. ഹരിജനോദ്ധാരണത്തിനുവേണ്ടി൯ ഡിസ്ട്രിക്റ്റ് ലേബർആഫീസറന്മാരെ നിയമിച്ചിരിക്കുന്നു. (എ-പി)

—o—

# മി. ജിന്നാ

—o—

കറാച്ചി, ഫെ. ൧൫—മി: എം. എ. ജിന്നാ കറാച്ചിയിൽനിന്നു ൧൦ മൈൽ അകലെയുള്ള മാലിർ എന്ന സ്ഥലത്തെ വിശ്രമം കുറേദിവസത്തേക്കുകൂടി നീട്ടിയിരിക്കുന്നു. ഈ മാസം മദ്ധ്യത്തിൽ ബാംബെയിലേക്കു പോകണമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നതു്. അദ്ദേഹത്തിന്റെ അടുത്തപ്രോഗ്രാം ഇക്കാലം തീരുമാനിച്ചിട്ടില്ല. (എ-പി)

—o—

# പണ്ഡിതജിയും ഗാന്ധിജിയും തമ്മിൽ എഴുത്തുകുത്ത്

## സന്ദേശവാഹകനായ സുധീർബോസ് കൽക്കട്ടായിൽ

### ക്രിപ്സും പെത്തിക്ക്ലാറൻസും നെഹ്റുവിനോടു യോജിക്കുന്നതായി മി. ലങ്കാസുന്ദരം

ന്യൂഡെൽഹി, ഫെബ്റ. ൧൬-പണ്ഡിതജവഹരിലാൽനെഹ്റുവും മഹാത്മാഗാന്ധിയും തമ്മിൽ എഴുത്തുകുത്തു നടത്തിവരുന്നതായി അറിയുന്നു. ഇടക്കാലഗവമ്മെന്റിലെ ലീഗംഗങ്ങളുടെ നിലയെപ്പററിയും അതുസംബന്ധിച്ചു കാൺഗ്രസ്സ് കൈക്കൊള്ളേണ്ട പടിയെപ്പററിയുമാണ് ഈ കത്തിടപാടുകളെന്നു വിചാരിക്കപ്പെടുന്നു. ഇതിനകം പണ്ഡിതനെഹ്റുവിൽനിന്നുള്ള കത്തിനു ഗാന്ധിജിയുടെ മറുപടിക്കത്തുകളും വാഹിച്ചുകൊണ്ട് സുധീർബോസ് വിമാനമാർഗ്ഗം ഡൽഹിയിലെത്തുകയും അവിടെനിന്നു ആ കത്തുകൾക്കുള്ള മറുപടിയുമായി വിമാനത്തിൽ തിരിച്ചുപോവുകയും ചെയ്തതായറിയുന്നു. അദ്ദേഹം തന്റെ യാത്രയ്ക്കിടയിൽ കൽക്കട്ടായിലെത്തിയിരിക്കുന്നു.

**ബ്രി: ഗവമ്മെണ്ടാലോചിക്കും**

ലണ്ടൻ ഫെ: ൧൫—കാൺസംബ്ളിയിൽ ചേരാത്ത ലീഗ് ഇടക്കാലഗവമ്മെണ്ടിൽ തുടരുന്നതിനെപ്പററി പണ്ഡിറ്റ്നെഹ്റു ഇന്ത്യാസെക്രട്ടറിയ്ക്കു് അയച്ചിട്ടുള്ള നിവേദനത്തെപ്പററി അടുത്ത ആഴ്ചയിൽ ബ്രിട്ടീഷ്മന്ത്രിസഭ ആലോചിക്കുന്നതാണത്രേ. അതേസമയം പ്രസ്തുത വിഷയത്തെപ്പററിയുള്ള ലീഗിന്റെ നിവേദനവും ആലോചിക്കപ്പെടുന്നതാണ്. പണ്ഡിതനെഹ്റു രണ്ടാമതൊരു കത്തുകൂടി അയച്ചിട്ടുണ്ടെന്നുള്ളതിനെപ്പററി ഇവിടെ അറിവൊന്നുമില്ല. എങ്കിലും അതയച്ചിട്ടുണ്ടെന്നു രാഷ്ട്രീയകേന്ദ്രങ്ങൾ വിചാരിക്കുന്നു.

ബ്രിട്ടനിലെ കൽക്കരിക്ഷാമം ഇപ്പോൾ ഗവമ്മെന്റിന്റെ അടിയന്തിരശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഒരുപക്ഷെ അവിചാരിതസംഭവങ്ങൾ മൂലം ഇന്ത്യൻ പ്രശ്നം ആലോചിക്കപ്പെട്ടില്ലെന്നു വരാവുന്നതാണ്.

**മന്ത്രിസഭയിൽ ഭിന്നാഭിപ്രായം**

കറാച്ചി, ഫെബ്റ: ൧൬—"പണ്ഡിതനെഹ്റുവിന്റെ കത്തിൽനിന്നുത്ഭവിക്കുന്നകാര്യത്തെപ്പററി ബ്രിട്ടീഷ്മന്ത്രിസഭയിൽ ഒരു ഭിന്നതയുള്ളതായി തോന്നുന്നു. പെതിക്ലാറൻസ്പ്രഭുവും സർ സ്റ്റാഫോർഡുക്രിപ്സും പണ്ഡിതനെഹ്റുവിന്റെ നിലയെ സാരമമായി അനുകൂലിക്കുന്നതായും എന്നാൽ മി: അലക്സാണ്ടറും പ്രധാനമന്ത്രി മി: ആററ്ലിയും ഇക്കാര്യത്തിൽ അവലംബിക്കേണ്ട മാർഗ്ഗത്തെപ്പററി ഇപ്പോഴും നിശ്ചിതമായ അഭിപ്രായത്തിലെത്തിയിട്ടില്ലെന്നും ലണ്ടനിൽ റിപ്പോർട്ടുകൾ പ്രചരിക്കുന്നു" എന്നാണ് യു. എൻ. ഒായിലെ മനുഷ്യാവകാശകമ്മിററി ജനറൽഅസംബ്ളിയിൽ ഇൻഡ്യൻഡെലിഗേററ് മി: ലങ്കാസുന്ദരം ഇന്നു ഇവിടെ വന്നുചേന്നപ്പോൾ പ്രസ്താവിച്ചതു്. നെഹ്റുവിന്റെയും ഇടക്കാലഗവമ്മെന്റിലെ അദ്ദേഹത്തിന്റെ സഹപ്രവത്തകരുടെയും നിലയോടു പാർലമെന്റിലെ അഭിപ്രായം കൂടുതലും അനുകൂലിക്കുന്നതായിട്ടാണു പറയപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇൻഡ്യയിലേക്കുള്ളയാത്രയിൽ മി. സുന്ദരം നാലുദിവസം ലണ്ടനിൽ താമസിച്ചിരുന്നു.

—o—

# വർഗ്ഗീയചിന്തതന്നെ

—o—

## അതു മാറിയാൽ തെററുപററുകയില്ല

കൊറോവാ, ഫെബ്റ: ൧൪—ആളുകൾ വർഗ്ഗീയചിന്തയിൽതന്നെ മുഴുകിയിരിക്കുന്നുവെന്നും, അതില്ലാതെ ഓരോ പ്രശ്നത്തെയും അതാതിന്റെ ഗുണദോഷങ്ങൾ അനുസരിച്ചുമാത്രം പരിഗണിച്ചാൽ തെററുപററുകയില്ലെന്നും മഹാത്മജി പ്രസ്താവിച്ചിരിക്കുന്നു. കാർഷികോല്പന്നങ്ങളിൽ ഉടമസ്ഥന്റെ ഓഹരി പകുതിയിൽനിന്നു മൂന്നിലൊന്നായി കുറയ്ക്കണമെന്നുള്ള അദ്ദേഹത്തിന്റെ നിർദ്ദേശത്തെപ്പററിയുള്ള ഒരു ചോദ്യത്തിനുത്തരമാണ് മേൽക്കാണിച്ചതു്. അദ്ദേഹത്തിന്റെതത്വം ശരിയാണെങ്കിലും മദ്ധ്യവർഗ്ഗീയരെ ആകെ നശിപ്പിക്കാത്തവിധത്തിൽ ക്രമേണ അതു് നടപ്പിൽ വരുത്തണമെന്നു ചോദ്യം ചോദിച്ചവർ പറഞ്ഞു. താൻ തത്വത്തെപ്പററി മാത്രമേ പറഞ്ഞുള്ളു എന്നും, സ്ഥലത്തെ സ്ഥിതിഗതികൾ തനിക്കറിവില്ലെന്നും പക്ഷെ ഭൂമിഉടമസ്ഥന്മാർ നശിക്കാൻ പോകുന്നതായി താൻ വിചാരിക്കുന്നില്ലെന്നും അദ്ദേഹം മറുപടി നൽകി. അവരുടെ ഭൂമി കണ്ടുകെട്ടണമെന്നില്ല. ഭൂമിയിൽ അവരുടെ പങ്കു് കുറവുചെയ്യണമെന്നേയുള്ളു. കണ്ടുകെട്ടലിനുപകരം മിതമായ കുറവുവരുത്തലിനു ആളുകൾ സമ്മതിക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. (എ-പി)

—o—

# മി: ചുന്ദ്രിഗറിന്റെ പ്രസ്താവന

ലാഹോർ, ഫെബ്റ: ൧൫—കാൺഗ്രസ്സുകാരും ബ്രിട്ടീഷ്മിഷൻപദ്ധതി വാസ്തവത്തിൽ സ്വീകരിച്ചിട്ടില്ലെന്നുള്ളതിനാൽ മുസ്ലിംലീഗ് ഇടക്കാലഗവമ്മെന്റിൽനിന്നു പിന്മാറുകയെന്ന പ്രശ്നം ഉദിക്കുന്നില്ലെന്നു മി. ചുന്ദ്രിഗർ പ്രസ്താവിക്കുന്നു. (എ. പി)

—o—

# മദ്രാസ്ഗവർണ്ണരും പത്നിയും

## മധുര മീനാക്ഷിക്ഷേത്രം സന്ദർശിച്ചു

മധുര ഫെബ്റവരി ൧൬ - മദ്രാസ് ഗവർണ്ണരും പത്നിയും ഇന്നു ഇവിടെ എത്തി ശ്രീ. മീനാക്ഷിക്ഷേത്രം സന്ദർശിച്ചു. അവർക്കു സ്വർണ്ണഹാരങ്ങൾ അണിയിച്ചു. വിശേഷാൽ പൂജകൾ ക്ഷേത്രത്തിൽ നടത്തപ്പെട്ടു. (എ. പി)

—o—

# ദക്ഷിണാഫ്റിക്കയിൽനിന്നുള്ള പാസ്സ്പോർട്ടുനിഷേധം

—o—

ന്യൂഡൽഹി, ഫെബ്റവരി ൧൪—ജി. എം. നായിക്കർ, ഡാ. ഡാഡു എന്നിവർക്കു ദക്ഷിണാഫ്റിക്കൻഗവമ്മെന്റു പാസ്സ്പോർട്ടു നിഷേധിച്ചതു സംബന്ധിച്ചു കേന്ദ്രഅസംബ്ളിയിൽ മഹാരാജകുമാർ സർ വിജയം ആനന്ദ ചോദിച്ച ഒരു ഷാർട്ടുനോട്ടീസ് ചോദ്യത്തിനു കാമൺവെൽത്ത് റിലേഷൻസ് മെമ്പർ പണ്ഡിതജവഹരിലാൽനെഹ്റു നൽകിയ മറുപടി സ്വന്തം നാഷണൽസിനു പാസ്സ്പോർട്ടു നൽകുന്നകാര്യം യൂണിയൻഗവമ്മെന്റിന്റെ യുക്തമാണ്. ദക്ഷിണാഫ്റിക്കൻ ഗവമ്മെന്റിന്റെ നയങ്ങളെപ്പററി ഇൻഡ്യൻപൊതുജനങ്ങൾക്കറിവു നൽകുകയും ഏഷ്യൻറിലേഷൻസ് കാൺഫറൻസിൽ സംബന്ധിക്കുകയും ചെയ്യുന്നതിനു ഇപ്പറഞ്ഞ ഇരുവർക്കും പാസ്സ്പോർട്ടു നിരസനത്താൽ സാദ്ധ്യമല്ലാതായിരിക്കുന്നതിൽ ഇൻഡ്യാഗവമ്മെന്റിനുഖേദമുണ്ട്.

—o—

# ൩൦ കോടി രൂപാ കമ്മി

—o—

## കേന്ദ്രബഡ്ജററിനെപ്പററി ലഭിക്കുന്ന ചിത്രം

ന്യൂഡൽഹി ഫെബ്റ ൧൪—കേന്ദ്രബഡ്ജററു മുപ്പതുകോടിരൂപാ കമ്മിവരുന്ന ഒന്നായിരിക്കുമെന്നു കാര്യജ്ഞകേന്ദ്രങ്ങളിൽ കരുതപ്പെടുന്നതായി ഇൻഡ്യൻഎക്സ്പ്രസ്സിലെ ഒരു റിപ്പോർട്ടു സൂചിപ്പിക്കുന്നു. ൧൩ കോടിയ്ക്കുമേൽ ൨൧ കോടിയ്ക്കു കൂടുതൽചിലവ് ഉൾക്കൊള്ളുന്ന സെൻട്രൽപേകമ്മിഷന്റെ ശുപാർശകൾ, ഫുഡ്ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിൽനിന്നുത്ഭവിക്കുന്ന ൨൦ കോടിയുടെ കൂടുതൽചിലവ് ഉല്പന്നികുതി കുറച്ചാൽ മുതലെടുപ്പിലുണ്ടാകുന്ന ൯ കോടിരൂപായുടെ കുറവു ഇവയൊക്കെ ഗണ്യങ്ങളായ കമ്മി ഇനങ്ങളാണ്: ഡിഫൻസുചിലവു ൧൯൪൭-൪൮ ലേക്കു ൨൦൦ കോടിതന്നെയായിരിക്കും. അതിനടുത്തവർഷം അതു പകുതിയായിത്തീരാൻ മതി. ചില പുതിയ ചിലവിനങ്ങളും ഗൗനിക്കത്തക്കവയാണ്. വിമാനസർവീസു്, വിമാനപരിശീലനപദ്ധതി തുടൻപോകൽ, പൊലീസുവകപ്പിലെശമ്പളം പുതുക്കലും കൂടുതൽ എസ്റ്റാബ്ളിഷ്മെന്റും, പൂനായിൽ ഒരു പുതിയ എൻജിനീയറിംഗ്റിസച്ചുസ്റ്റേഷൻ എന്നിവ അവയിൽ ചിലതു മാത്രമാണ്.

റയിൽവേബഡ്ജററിലും വരവു കുറവും ചിലവു കൂടുതലുമാണ് ഊഹിക്കപ്പെടുന്നതു്. കൂലിനിരക്കു വർദ്ധിപ്പിക്കാതെ നിർവാഹമില്ലെന്നും കാണുന്നു. ആകപ്പാടെ ധനനില തൃപ്തികരമല്ലെന്നാണ് വിവരിക്കപ്പെടുന്നതു്.

—o—

# ഹിച്ച്കാക്ക്സ്മാരകം മാററുന്നു

—o—

മദ്രാസ് ഫെബ്റവരി ൧൫

തെക്കെമലബാറിലെ ഹിച്ച്കാക്ക് സ്മാരകം ഇപ്പോഴത്തെ സ്ഥാനത്തുനിന്നും മാററി മലബാർ സ്പെഷ്യൽപോലീസിന്റെ മലപ്പുറം ആഫീസിൽ സ്ഥാപിക്കാൻ മദ്രാസ്ഗവമ്മെണ്ടു ഉത്തരവിട്ടിരിക്കുന്നു. ൧൯൨൧-ലെ മാപ്പിളലഹളക്കാലത്തു പോലീസ്സൂപ്രണ്ടായിരുന്ന ഹിച്ച്കാക്കിന്റെ സേവനങ്ങളെ പരിഗണിച്ചു പൊതുജനസംഭാവനകളാൽ ഏർപ്പെടുത്തിയതാണ് പ്രസ്തുത സ്മാരകം. മുസ്ലിങ്ങൾക്കു അതൊരു അവമതിയാണെന്നുള്ള പ്രക്ഷോഭണവാദത്തെ ആദരിച്ചാണ് ഇപ്പോൾ ഗവമ്മെണ്ടു മേൽപ്പറഞ്ഞ ഉത്തരവിട്ടിരിക്കുന്നതു്. (എ. പി.)

—o—

# എ ററി. സി. സി. സമ്മേളനം

—o—

## പരിപാടികൾ

തിരു: കുംഭം 4—ഇന്നു കൂടിയ സ്റ്റേററ് കാൺഗ്രസ്സ് പ്രവർത്തകസമിതിയോഗത്തിൽ ഏ. ററി. സി. സി. സമ്മേളനപരിപാടി താഴെക്കാണുംപ്രകാരമായിരിക്കുമെന്നു തീരുമാനിച്ചിരിക്കുന്നു. നാളെ വൈകുന്നേരം ൭-മണിക്കു പതാകഉയർത്തൽ, സ്റ്റേററുകാൺപ്രസിഡന്റ മി. പട്ടം താണുപിള്ള നിർവഹിക്കുന്നതാണ്. മൂന്നരമണിക്കു സമ്മേളനമാരംഭിക്കുന്നതും മി. ടി. എം. വർഗ്ഗീസ് ഭരണപരിഷ്കാരത്തെ ആസ്പദമാക്കിയുള്ള വക്കിംഗ്കമ്മററിപ്രമേയം അവതരിപ്പിക്കുന്നതുമാണ്. പ്രമേയത്തെ അനുകൂലിച്ചുകൊണ്ടുള്ള മി. സി. നാരായണപിള്ളയുടെ പ്രസംഗത്തിനുശേഷം സമ്മേളനം ചൊവ്വാഴ്ച തുടൻ കൂടുന്നതും പ്രമേയത്തെപ്പററിയുള്ള ചർച്ചകൾ തുടരുന്നതുമാണ്. (സ-ലേ)

—o—

## മിററുടെ പ്രസ്താവനയെ പ്പററി സചിവോത്തമൻ

—o—

മദ്രാസ്, ഫെബ്ര: ൧൬—സചിവോത്തമ സർ സി. പി. രാമസ്വാമിഅയ്യർ അവർകൾ താഴെക്കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—

നാട്ടുരാജ്യനെഗോഷ്യേററിംഗ് കമ്മിററിയുടെ പ്രവർത്തനങ്ങളെപ്പററിയുള്ള ഈയിടയിലെ ചില പ്രസ്താവനകളെയും ബറോഡായിലെ പ്രസ്സ്കാൺഫറൻസിൽ സർ ബി. എൽ. മിററർ ചെയ്തതായി പറഞ്ഞുകാണുന്ന പ്രസ്താവനകളെയും സംബന്ധിച്ച അഭിപ്രായങ്ങൾ വിശദമാക്കുവാൻ സമീപിക്കപ്പെട്ടിരിക്കുന്നു. എനിക്കു എന്റെ ജോലി ഇന്നു കാലത്തു നരേന്ദ്രമണ്ഡലം ചാൻസലർ പുറപ്പെടുവിച്ചിരിക്കുന്ന ഔദ്യോഗികപ്രസ്താവനയാൽ ലഘൂകരിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് ഞാൻ കാണുന്നതും ആ പ്രസ്താവനയോടു പ്രയോജനപ്രദമായി എന്തെങ്കിലും കൂട്ടിച്ചേർക്കുവാനുണ്ടെങ്കിൽ ഇത്രമാത്രമാണ്. നാട്ടുരാജ്യനെഗോഷ്യേററിംഗ് കമ്മിററിയുടെയും കാൺസ്റ്റിററ്യൂഷനൽ അഡൈ്വസറികമ്മിററിയുടെയും ഇവ-രണ്ടിലും ഞാൻ അംഗമാണ്—എല്ലാം യോഗങ്ങളിലും സംബന്ധിച്ചിട്ടുള്ള എനിക്കു ഒരു കാര്യം ഉറപ്പിച്ചു പറവാൻ കഴിയും. ആ കമ്മിററികളുടെ തീരുമാനങ്ങൾ, അണിയറയിലോ അനൗപചാരികസംഭാഷണവേളയിലോ നടന്നതെന്തുതന്നെയായിരുന്നാലും—അവയെപററി എനിക്കറിവില്ല—എതിർപ്പുകൂടാതെ പാസാക്കപ്പെട്ടിട്ടുള്ളവയാണ്.

കാൺഗ്രസ്സിനെ എതിർക്കുവാനായി ചാൻസലറുടെയും മുസ്ലീംലീഗിന്റെയും നേതൃത്വത്തിൽ നാട്ടുരാജ്യങ്ങൾ തമ്മിൽ കൂട്ടുകെട്ടു നടക്കുന്നതായി ഡൽഹിയിൽ അവ്യക്തമായ ചില ഊഹാപോഹങ്ങൾ ഉണ്ടായിരുന്നു. അത്തരം യാതൊരു കൂട്ടുകെട്ടിനെപ്പററിയും എനിക്കറിവില്ല.

രാജാക്കന്മാരിൽ ചിലരെയോ എല്ലാപേരെയുമോ അടിമത്തത്തിൽ വച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെട്ടിരിക്കുന്ന വലയത്തെ ഭേദിക്കുന്നതിൽ ബറോഡാ നേതൃത്വം വഹിച്ചതായും അതിൽ വിജയം പ്രാപിച്ചതായും പറഞ്ഞുകാണുന്നതിനെപ്പററി എനിക്കു ഒന്നും പറവാൻ കഴിവുള്ളതല്ല. എന്തെന്നാൽ അപ്രകാരം ഒരു വലയം എനിക്കു അനുഭവപ്പെട്ടിട്ടില്ല. അതിന്റെ ഭേദനവിധമെന്തെന്നു അറിവായിട്ടുമില്ല. എനിക്കു അറിയാവുന്നതു ഇത്രമാത്രമാണ്. രാജാക്കന്മാരുടെയും മന്ത്രിമാരുടെയും കഴിഞ്ഞ സംയുക്തസമ്മേളനത്തിൽ—ഇവരുടെ സംഖ്യ മുപ്പതിൽകവിയും—സർ ബി. എൽ മിററർ സന്നിഹിതനായിരുന്നു. ഫെബ്ര: ൧൦-ാംനു-യിലെ ആ യോഗത്തിൽ അദ്ദേഹംപറഞ്ഞിരുന്നതു് രാജാക്കന്മാരുടെ പ്രമേയങ്ങളിലെ മൗലികകാര്യങ്ങളിൽ മിക്കതും സ്പഷ്ടവും യഥാർത്ഥത്തിൽ ചർച്ചകളുടെ പരിധിയിൽപെടാത്തതുംആണെന്നും തന്മൂലം അവയെപ്പററി എടുത്തുപറയേണ്ടകാര്യമില്ലെന്നും താൻ കാൺഗ്രസ്സ് നേതാക്കന്മാരെ അറിയിച്ചിട്ടുണ്ടെന്നാണ്. അദ്ദേഹത്തിന്റെ മനോഭാവത്തെ ചാൻസലരും നവനഗറിലെ ജാംസാഹിബ്ബും സ്വാഗതംചെയ്കയും അദ്ദേഹം തന്റെ രാജാവു സമ്മതിക്കുന്നപക്ഷം നാട്ടുരാജ്യനെഗോ: കമ്മിററിയും കാൺസംബ്ലി നിയമിച്ചിട്ടുള്ള കമ്മിററിയും മാർച്ച് ൧-ാംനു സമ്മേളിക്കുമ്പോൾ താനും സംബന്ധിക്കുന്നതാണെന്നു ഹാർദ്ദമായി മറുപടിപറകയും ചെയ്തു.

അണിയറയിൽ നടന്നതായി പറയപ്പെടുന്നതിനെപ്പററി അറിഞ്ഞിരുന്നില്ലെങ്കിലും എനിക്കു ബറോഡാ പല വിഷമങ്ങളും നേരിടേണ്ടിവന്നു എന്നും നാട്ടുരാജ്യങ്ങൾ അവകാശപ്പെടുന്ന അധികാരവിശേഷങ്ങളുടെ വിഷയത്തിൽ എതിർക്കേണ്ടിവന്നു എന്നും മററും പറഞ്ഞുകേട്ടതിൽ അത്ഭുതമാണു തോന്നിയതു്.

രണ്ടു നെഗോഷ്യേററിംഗുകമ്മിററികളുടെയും നടപടികളുടെ ഒരു റിപ്പോർട്ടു പണ്ഡിതനെഹ്റു ചാൻസലർക്കു നൽകുകയും സർ മിററർ സന്നിഹിതനായിരുന്ന യോഗത്തിൽ അതു വായിക്കപ്പെടുകയുമാണു ചെയ്തിട്ടുള്ളതു്. അതു പ്രസിദ്ധംചെയ്യപ്പെട്ടുമെങ്കിൽ, ഭോപാൽനവാബ് പ്രസ്താവിച്ചതുപോലെ, നാട്ടുരാജ്യങ്ങൾ ഉന്നയിച്ച വിഷയങ്ങളിൽ കാൺഗ്രസ്സുകൈക്കൊണ്ട ന്യായയുക്തമായ മനോഭാവമാണു കാര്യങ്ങളുടെ തൃപ്തികരമായ പര്യവസാനത്തിനു നിദാനമെന്നു വെളിപ്പെടുന്നതാണ്.

—o—

## രാജിവയ്ക്കാൻ

—o—

### മദ്രാസ് മന്ത്രിമാർ തയാർ

മദ്രാസ് ഫെബ്രുവരി ൧൬—നഗരത്തിൽ ഇപ്പോഴില്ലാത്ത മി. കുമാരസ്വാമി രാജാ ഒഴിച്ചുള്ള സകല മന്ത്രിമാരുടെയും രാജിക്കത്തുകൾ താൽക്കാലികമായി സ്വീകരിച്ചുകൊണ്ടു പ്രധാനമന്ത്രി മി. പ്രകാശം ഇന്നു രാവിലെ വിമാനമാർഗ്ഗം ഡൽഹിയിലേക്കു പോയിരിക്കുന്നു. കാൺഗ്രസ്സ് ഹൈക്കമാൻഡിനു് അദ്ദേഹം തന്റെ രാജിസഹിതം അവ സമർപ്പിക്കുന്നതാണ്. മി. കാലാ വെങ്കിട്ടറാവു ഡാക്ടർ രാജൻ എന്നിവരും ഡൽഹിയിലേക്കു പോയിട്ടുണ്ട്. മി: പ്രകാശത്തിന്റെ കൈവശം കാൺഗ്രസ്സ് ഹൈക്കമാൻഡ് ആവശ്യപ്പെടുമ്പോൾ കാണിക്കാത്തക്കരേഖകളും ഒരു കെട്ടുതന്നെയുണ്ടത്രേ.

നേരത്തെ നടന്ന മന്ത്രിമാരുടെ യോഗത്തിൽ എല്ലാവരുംകൂടി ഒന്നിച്ചു തുടരുകയോ ഒന്നിച്ചു രാജിവയ്ക്കുയോ ചെയ്യണമെന്നു പൊതുവേ അഭിപ്രായമുണ്ടായി. പക്ഷെ രാജിവയ്ക്കാൻ കാരണമെന്തു്? പല നടപടികളും അതിവേഗത്തിൽ നടപ്പിൽവരുത്താൻ ശ്രമിച്ചു എന്നുള്ളതു മാത്രമാണ് മന്ത്രിസഭയുടെ കുററം. ഏതായാലും എല്ലാവിവരങ്ങളും ഹൈക്കമാൻഡിനെ ധരിപ്പിക്കാൻതന്നെ മി. പ്രകാശം തീരുമാനിച്ചു. തങ്ങളുടെ യോഗത്തിൽ അവിശ്വാസപ്രമേയത്തെപ്പററി ചർച്ചകൾ നടന്നു എന്നും പക്ഷെ കാര്യമൊന്നും വെളിപ്പെടുത്താൻ നിവൃത്തിയില്ലെന്നും യോഗാനന്തരം വെളിയിൽവന്ന മന്ത്രിമാർ പറയുകയുണ്ടായി.

മെ. പ്രകാശം, ഫുഡ്മിനിസ്റ്റർ മി: രാഘവമേനോൻ, ആന്ധ്രാകാൺഗ്രസ്സ്കമ്മിററിയിലെ മി. കാലാവെങ്കിട്ടറാവു ഡാക്ടർ ടി. എസ്. എസ്. രാജൻ എന്നിവർ ഇന്നു വൈകുന്നേരം ഡൽഹിയിലെത്തിയിരിക്കുന്നു. തിങ്കളാഴ്ചയിലെ ഫുഡ്കാൺഫറൻസിൽ മെ. പ്രകാശവും രാഘവമേനോനും സംബന്ധിക്കുന്നതാണ്.

### അവിശ്വാസപ്രമേയം പിൻവലിയ്ക്കണമെന്നു്

അനന്തപുരം, ഫെബ്ര: ൧൬—പ്രകാശം മന്ത്രിസഭയിൽ പൂർണ്ണവിശ്വാസം പ്രകടമാക്കിക്കൊണ്ടും നേതൃത്വത്തിൽ വിശ്വാസം രേഖപ്പെടുത്തിക്കൊണ്ടും പ്രധാനമന്ത്രിക്കെതിരായുള്ള അവിശ്വാസപ്രമേയം അഭിമാനപൂർവം പിൻവലിക്കണമെന്നു് മദ്രാസു് കാൺഗ്രസ്സ് നിയമസഭാകക്ഷിയോടഭ്യർത്ഥിച്ചുകൊണ്ടുമുള്ള ഒരു പ്രമേയം മി. രാമാചാരിന്റെ അദ്ധ്യക്ഷതയിൽ ഇന്നലെ നടന്ന ഒരു പൊതുയോഗത്തിൽ വച്ചു് സർവസമ്മതമായി പാസാക്കിയിരിക്കുന്നു. നഗരത്തിലെ വിദ്യാർത്ഥികൾ 'പ്രകാശവിരുദ്ധവിഭാഗം നശിക്കട്ടെ' എന്നു വിളിച്ചുകൊണ്ടു് ഒരു ഘോഷയാത്ര നടത്തി. പ്രകാശം മന്ത്രിസഭയിൽ വിശ്വാസമുണ്ടെന്നും മററുമുള്ള മുദ്രാവാക്യങ്ങൾ എഴുതിയ പ്ലാക്കാർഡുകൾ പലയിടത്തും കാണപ്പെട്ടു. പ്രകാശത്തിനെതിരായി പ്രമേയത്തിലൊപ്പിട്ടവരോടു ഒരു ദുർഘടസന്ധി തരണംചെയ്യാൻ ... നഭ്യർത്ഥിച്ചുകൊണ്ടു് പ്രധാനപ്പെട്ട കാൺഗ്രസ്സുകാർ കമ്പിയടിച്ചിരിക്കുന്നു. നീഡമംഗലം നഗരകാൺഗ്രസ്സും യൂത്തു് കാൺഗ്രസ്സും ദേശീയമുസ്ലീങ്ങളും മററും മി: പ്രകാശത്തിന്റെ നേതൃത്വത്തിനു പിൻതുണ നൽകുന്നു. ഈ നേതൃത്വത്തിൽ പൂർണ്ണവിശ്വാസം രേഖപ്പെടുത്തിക്കൊണ്ടുള്ള കമ്പികളും ആചാര്യകൃപലാനി, സർദാർ പട്ടേൽ, പ്രൊഫ: രംഗ എന്നിവർക്കയച്ചിട്ടുണ്ട്.

ബാപ്പത്ലായിൽ ഇന്നലെ നടന്ന ഒരു പൊതുയോഗത്തിൽ പ്രകാശം മന്ത്രിസഭയിൽ പൂർണ്ണവിശ്വാസം പ്രകടമാക്കിക്കൊണ്ടു് ഒരു പ്രമേയം പാസാക്കിയിരിക്കുന്നു.

## തിരുവനന്തപുരം

—o—

കുംഭം ൩—ബോംബെയിലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിസർച്ചും സ്റ്റാറ്റിസ്റ്റിക്സും ഡിപ്പാർട്ടുമെന്റിൽ ൧൫൦-൧൦-൨൫൦-൧൫-൪൦൦ ക ശമ്പളസ്കെയിലിൽ എക്കണോമിക് അഥവാ സ്റ്റാററിസ്റ്റിക്കൽ അസിസ്റ്റൻറന്മാരായും, പ്രസ്തുത ബാങ്കിൽ ൧൦൦ മുതൽ ൨൨൫ ക വരെയുള്ള ഒന്നാംഗ്രേഡും ൬൦-൫-൧൬൦ ക വരെയുള്ള രണ്ടാംഗ്രേഡും ക്ലാർക്കന്മാരായും നിയമിക്കപ്പെടുന്നതിലേക്കു് യോഗ്യതയുള്ളവരിൽനിന്നു് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. നിയമിക്കപ്പെടുന്നവർക്കു് ശമ്പളത്തിന്റെ ൨൦ ശതമാനം ഡിയർനസ്സ് അലവൻസും ൧൦ ശതമാനം ലോക്കൽഅലവൻസും ലഭിക്കുന്നതായിരിക്കും. അപേക്ഷകൾ അയയ്ക്കേണ്ട അവസാനദിവസം മാർച്ച് ൧-ാംനു-യാണ്. കൂടുതൽ വിവരങ്ങൾ തിരുവനന്തപുരം സ്ററുഡൻസ് അഡൈ്വസറി സെക്രട്ടറിയിൽനിന്നു ലഭിക്കുന്നതുമാണ്.

### അഖിലേന്ത്യാ ഫുട്ബാൾ ടൂർണ്ണമെൻറു്

അഖിലേന്ത്യാ ഫുട്ബാൾ ടൂർണ്ണമെൻറു് കഴിഞ്ഞ മൂന്നുകൊല്ലങ്ങളെപ്പോലെതന്നെ ഇക്കൊല്ലവും ഇവിടെവച്ചു് നടത്തുന്നതാണെന്നും ഫെബ്രുവരി ൨൦-ാം തീയതി (കുംഭം ൮-ാംനു) വ്യാഴാഴ്ച ടൂർണ്ണമെൻറു് ആരംഭിക്കുന്നതാണെന്നും മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എല്ലാദിവസവും യൂണിവേഴ്സിററി സ്റ്റേഡിയത്തിൽവച്ചു് വൈകുന്നേരം ൪-൧൫-ന് കളി തുടങ്ങുന്നതാണ്. ഫൈനൽസ് മാർച്ച് ൧൧-ാംനു-യായിരിക്കും. ഓരോദിവസത്തേയും കളിയിൽ പങ്കെടുക്കുന്ന ടീമുകളുടെയും മററു വിവരങ്ങൾ താഴെചേർക്കുന്നു. ആരംഭദിവസമായ ഫെബ്രുവരി ൨൦-ാംനു തിരുവനന്തപുരം റേഞ്ചേഴ്സും ഗുണ്ടൂർ ഓംഗോൾ ഗ്രീൻസും തമ്മിലും ൨൧-ാംനു നാഗർകോവിൽ എസ്സ്. എം. ററിയും ബോംബെ ടാററാസ്പോർട്ട്സ് ക്ലബ്ബും തമ്മിലും ൨൨-ാംനു മദ്രാസ് മൂൺലൈററും ഹൈദ്രാബാദ് സ്പോർട്ടിംഗ് ക്ലബ്ബും തമ്മിലും, ൨൩-ാംനു ആദ്യത്തെ രണ്ടുദിവസങ്ങളിൽ വിജയികളാകുന്ന ടീമുകൾ തമ്മിലും, ൨൪-ാംനുയിലെയും ൨൨-ാംനുയിലെയും, ൨൩-ാംനുയിലെയും ടീമുകളിൽ വിജയികളാകുന്നവർ തമ്മിലും, ൨൫-ാംനു കൊച്ചിൻബ്ലൂസും, ഡൽഹി യൂണിയൻക്ലബ്ബും തമ്മിലും, ൨൬-ാംനു ലാഹോർ സെമിൻഡാർ സ്പോർട്ട്സ് ക്ലബ്ബും പുതുക്കോട്ട വൈററ് ക്ലബ്ബും തമ്മിലും, ൨൭-ാംനു ൨൫-ം ൨൬-ം തീയതികളിൽ കളിക്കുന്ന ടീമുകളിൽ വിജയികളാകുന്നവർ തമ്മിലും ൨൮-ാംനു ൨൪-ം ൨൭-ം തീയതികളിൽ കളിക്കുന്ന ടീമുകളിൽ വിജയികളാകുന്നവർതമ്മിലും മാർച്ച് ൧-ാംനു തിരുവനന്തപുരം ഗോൾഡൻഈഗിൾസും വിശാഖപട്ടണം ഫുട്ബാൾ അസോസിയേഷനുംതമ്മിലും മാർച്ച് ൨-ാംനു കൊല്ലം അത്‌ലററിക് അസോസിയേഷനും മധുര ടി. വി. എസ്. ഗ്രീൻസും തമ്മിലും മാർച്ച് ൩-ാംനു ൧-ം ൨-ം തീയതികളിൽ കളിക്കുന്ന ടീമുകളിൽ വിജയികളാകുന്നവർ തമ്മിലും മാർച്ച് ൪-ാംനു തൃശ്നാപ്പള്ളി സ്പോർട്ടിംഗ് യംഗ്സ്റ്റേഴ്സും ബാംഗ്ലൂർ ജി. ഇ. എഫും തമ്മിലും ൫-ാംനു ൩-ം ൪-ം തീയതികളിൽ കളിക്കുന്ന ടീമുകളിൽ വിജയികളാകുന്നവർ, തമ്മിലും ൬-ാംനു തഞ്ചാവൂർ ഓറിയന്റൽ റഡ്സും കൽക്കട്ടാ ഈസ്റ്റ്ബംഗാളും തമ്മിലും ൭-ാംനു മൈസൂർമുസ്ലീംസും ആലപ്പുഴ സെൻറു് ഇന്ത്യാസ്പോർട്സ് ക്ലബ്ബും തമ്മിലും ൮-ാംനു ൬-ം ൭-ം തീയതികളിൽ കളിക്കുന്ന ടീമുകളിൽ വിജയികളാകുന്നവർതമ്മിലും 9-ാംനു 5-ം 8-ം തീയതികളിൽ കളിക്കുന്ന ടീമുകളിൽ വിജയികളാകുന്നവർ തമ്മിലും കളിക്കുന്നതാണ്. മാർച്ച് ൧൧-ാംനു ഫൈനൽസ് കളിക്കുന്നതുമാണ്. (സ്വ. ലേ.)

—o—

### മഹാരാഷ്ട്രനാണത്രെ!

പാകിസ്ഥാൻ ടൈംസ് എന്ന പത്രത്തിൽ സർദാർ കെ. എം. പണിക്കർ ഒരു രജപുത്രരാജ്യത്തിലെ മഹാരാഷ്ട്രപ്രതിനിധിയാണെന്നു് പ്രസ്താവിച്ചിരിക്കുന്നു.

## രാജസഹകരണം

—o—

### തീർച്ചയാണ്—വേറെ ചേമ്പറില്ല

പട്യാല ഫെ: ൧൬—കാൺസംബ്ലിയുമായി രാജാക്കന്മാർ സഹകരിക്കുമെന്നുള്ളതു് തീർച്ചയാണെന്നു് പട്യാല പ്രധാനമന്ത്രി സർദാർ ഹരിദത്തസിംഗ് മല്ലിക പറയുന്നു. ഇപ്പോഴത്തെ നരേന്ദ്രമണ്ഡലത്തിനെതിരായി കുറെ രാജാക്കന്മാർ മറെറാരു നരേന്ദ്രമണ്ഡലം സൃഷ്ടിക്കാൻ പോകുന്നു എന്നുള്ള വാർത്ത അടിസ്ഥാനരഹിതമാണെന്നു് അദ്ദേഹം പ്രസ്താവിക്കയുണ്ടായി. രാജാക്കന്മാരിൽ ഭൂരിപക്ഷവും ഇന്ത്യൻ ഐക്യവും സ്വാതന്ത്ര്യവും കാംക്ഷിക്കുന്നു എന്നും അദ്ദേഹം വെളിപ്പെടുത്തി. (എ. പി)

—o—

### 'കേവലം അസംബന്ധം'

—o—

#### സംയുക്തമന്ത്രിസഭയെപ്പററിയുള്ള പ്രസ്താവമെന്നു ആററ്ലി

സ്റ്റാഫോർഡുഷെയർ, ഫെബ്ര: ൧൬—ഒരു പുതിയ കോയിലിഷൻഗവൺമെൻറിനെപ്പററിയുള്ള പ്രസ്താവം 'കേവലം അസംബന്ധ'മാണെന്നു ബ്രിട്ടീഷുപ്രധാനമന്ത്രി മി: ക്ലെമൻറു ആററ്ലി ഇന്നു രാത്രി ഇവിടെവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പറകയുണ്ടായി. "അങ്ങനെയൊരുകാര്യം തീർച്ചയായും എന്റെ അടുക്കൽ എത്തിയിട്ടില്ല. ഒരു കോയിലിഷൻ വേണമെന്ന വിചാരം ഞങ്ങൾക്കില്ല. മറുപക്ഷത്തിനു അതു വേണമെന്നു കാണുമെന്നും ഞാൻ വിചാരിക്കുന്നില്ല." (റായിട്ടർ)

—o—

## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
പി. യു. ചിന്നപ്പ, ററി. ആർ. രാജകുമാരി, കുമരേശൻ, സരോജാ
അഭിനയിച്ച
### വികടയോഗി
തമിഴ്ചിത്രം.

കൊല്ലം ലക്ഷ്മീടാക്കീസിൽ
### പൂഞ്ചി
ഹിന്ദിചിത്രം
എം. ഇസ്മെയിൽ, രാഗിണി, മനോരമ ജയന്തി തുടങ്ങിയവർ അഭിനയിച്ചതു്
3 യുവതികളുടെ ചിരിയിലും കണ്ണീരിലും ചിത്രീകരിച്ചിട്ടുള്ള ഒരു കഥ.

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
മഹത്തായ 7-ാംവാരം
എം. കെ. ത്യാഗരാജഭാഗവതർ, ററി. ആർ. രാജകുമാരി, എൻ. സി. വസന്തകോകിലം, കൃഷ്ണൻ, മധുരം, അഭിനയിച്ച
### ഹരിദാസ്

ചവറ ബേബിടാക്കീസിൽ
ഗുരുസ്വാമി, മിസ് രാമതിലകം, സത്യനാരായണ, രാജേശ്വരറാവു, പി. ജി. വെങ്കിടേശൻ, സുബ്ബറാവു മുതലായവർ അഭിനയിച്ച
### "ശ്രീകൃഷ്ണലീല"

കരുനാഗപ്പള്ളി
ശ്രീ വിദ്യാധിരാജ്ടാക്കീസിൽ
൪-൬ ൨൨-മുതൽ
ഹൊന്നപ്പ, വസന്ത, വസന്തകോകിലം, ററി. ആർ. രാമചന്ദ്രൻ മുതലായവർ അഭിനയിച്ച
### കുണ്ഡലകേശി
എന്ന നവീന പുരാണചിത്രം
(ശിവരാത്രിദിവസം മുതൽ പ്രദർശനം)

# പത്മരാഗനിരൂപണം

കെ. ശങ്കരപ്പിള്ള ബി. എ.

III

ഒരു ഖണ്ഡകാവ്യമെന്ന നിലയ്ക്ക് ഇതിനുള്ള ചില പ്രത്യേകതകളെ, ഇനി പരിഗണിയ്ക്കാം. സാധാരണ ഖണ്ഡകാവ്യങ്ങളിൽ കാണുന്ന വെറും യഥാസ്ഥിതികരീതിയല്ല ഇതിൽ സ്വീകരിച്ചിരിക്കുന്നത്. മനഃപ്രവർത്തനത്തിന് (working of the mind) അനുഭവസ്ഥാനീയമായ (Subjective) പ്രാമുഖ്യം കൊടുക്കുന്ന ഒരു യഥാസ്ഥിതികത്വം (Realism) ആണ് കവി ഇതിലെ വർണ്ണനയ്ക്കും, വിവരണത്തിനും, ആഖ്യാനത്തിനും, എവിടെയും പ്രയോഗിച്ചിട്ടുള്ളത്. അതിന്റെ ഫലം, വർണ്ണനയ്ക്ക്, തന്മയത്വഗുണത്തോടുകൂടി ഒതുക്കവും, വിവരണത്തിന് വൈശദ്യത്തോടുകൂടി (അനാർഭാടം അഥവാ) അകൃത്രിമത്വവും; ആഖ്യാനത്തിന്, വൈചിത്ര്യഭംഗിയോടുകൂടി സ്വാഭാവികതയും; സിദ്ധിക്കുന്നെന്നുള്ളതാകുന്നു. ഈ രീതിയ്ക്കാണ് കാവ്യാരംഭത്തിലെ പ്രഭാതം, വർണ്ണിക്കപ്പെട്ടിട്ടുള്ളത്. വെളുപ്പാൻകാലത്തെ പ്രകൃതിയുടെ കേളികൾ, അപ്പോളുണർന്നു ചുറ്റും നോക്കിയറിയുന്ന ഒരുവന്റെ അനുഭവത്തിൽ എവ്വിധം പതിയുമോ, അവ്വിധമാണ്, ഈ പ്രഭാതത്തെ കവി വർണ്ണിയ്ക്കുന്ന നവീനരീതി. ഇതാണ് അനുഭവസ്ഥാനീയമായ യഥാസ്ഥിതികത്വം. അല്ലാതെ, സാധനികമായ (Objective) യഥാസ്ഥിതികരീതിയ്ക്കല്ല ഈ വർണ്ണന. സാധനികരീതിക്കായിരുന്നു എങ്കിൽ, ആ പ്രഭാതസമയത്ത് പ്രകൃതിയിൽ കാണുന്ന എല്ലാ കാഴ്ചകളെയും, എണ്ണത്തിൽ മാത്രം ഒന്നുംവിടാതെ യഥേഷ്ടം വിവരിച്ചാൽ മതിയായിരുന്നു. ചിലപ്പോൾ ഇത്തരം വർണ്ണനയുടെ പരിണാമം, പ്രകൃതിയെ അലങ്കോലപ്പെടുത്തി പ്രദർശിപ്പിയ്ക്കുകയായിരിക്കും. നേരേ മറിച്ചാണ്, അനുഭവസ്ഥാനീയമായ യഥാർത്ഥവർണ്ണന. ഇതിൽ മിക്കപ്പോഴും എണ്ണങ്ങളിൽ കുറവുവന്നാലും, ആകപ്പാടെ പ്രകൃതിയുടെ അപ്പോഴത്തെ ഒരു ചിത്രം, സമഷ്ടിയായി പ്രകാശിപ്പിക്കാൻ, ഇതിനു നല്ല ശക്തിയുണ്ട്.

ഇവിടത്തെ വർണ്ണ്യവസ്തുക്കളുടെ വിന്യാസക്രമം ഒന്നു സൂക്ഷിക്കുക:—ഉഷസ്സിൽ ഭൂചക്രവാളത്തിന്റെ അടിവശം വെളുത്തുതുടങ്ങുന്നതും, അരുണൻ ഉദിച്ചുയരുന്നതും, ചന്ദ്രൻ മങ്ങിമറയുന്നതും, പക്ഷികൾ ഉണർന്നു ചിറകടിച്ചു ചലിച്ചുതുടങ്ങുന്നതും പിന്നെ ചിലച്ചുതുടങ്ങുന്നതും, ഇതിനകം പുഷ്പങ്ങളോരോന്നായ് വികസിച്ചുകൊണ്ടിരിക്കുന്നതും വണ്ടുകൾ കൂട്ടംകൂട്ടമായി അവിടവിടെ മുരണ്ടു പാഞ്ഞെത്തുന്നതും, ഇളംതെന്നൽ, മന്ദം മുഴങ്ങി പൊങ്ങിവീശി പൂമണം പരത്തുന്നതും, യഥാക്രമം, ആലേഖനം ചെയ്തുചേർത്തിട്ടാണ്, തൽചിത്രം പൂർത്തിയാക്കിയിരിക്കുന്നത്.

പ്രകൃതിയുടെ സ്ഥാനത്ത് വ്യക്തികളോ, സംഭവങ്ങളോ, പ്രത്യേകരംഗങ്ങളോ, ഈ രീതിക്കു വർണ്ണിക്കപ്പെടുമ്പോൾ അത്, തൂലികാചിത്രമായിത്തീരുന്നു. ഇളാപുരം ജയിലിൽ ബന്ധനസ്ഥനായ്ക്കിടക്കുന്ന ഉപേന്ദ്രന്റെ ഒരു തൂലികാചിത്രം തന്നെയാണ്, കവി, രണ്ടാം-വിഭാഗത്തിൽ, രണ്ടു പദ്യങ്ങളിലായി (പുനർ-പദ്യം ൩൬-൩൭) നമ്മുടെ മുമ്പിൽ സമർപ്പിക്കുന്നത്. "ഭാരതാംബയുടെ പുത്രരിൽപെട്ടന്നേഴകോടി" ദരിദ്രജനങ്ങളേയും കവി' ഏതാദൃശമയമായ മറ്റൊരു ചെറുചിത്രത്തിൽ നമുക്ക് കാട്ടിത്തരുന്നു. ചിതയിൽ വെയ്ക്കപ്പെട്ട യുവകേസരി— ഉപേന്ദ്രന്റെ—ജഡം കത്തിയെരിയുന്ന കാഴ്ചയേയും, ഇതിലെ, അത്യന്തം ഹൃദയാർദ്രമായ മറ്റൊരു ചിത്രത്തിൽ, നാം കാണുന്നു.

മനോവൃത്തിപ്രകടനങ്ങളെ, ഇപ്പറഞ്ഞ രീതിയ്ക്കു വർണ്ണിക്കുമ്പോൾ അവയ്ക്ക് ഭഹതുഭൂതമായ വികാരങ്ങളെ, അപഗ്രഥനരീത്യാ (Analytic Representation) കവി, പ്രസ്പഷ്ടമാക്കി കാണിയ്ക്കേണ്ടതായ് വരുന്നു. ബാഹ്യപ്രകടനങ്ങളാൽ വിഭിന്നമെന്നും ചിലപ്പോൾ വിരുദ്ധമെന്നും തോന്നിക്കുന്ന സൗഹാർദ്ദവികാരങ്ങൾക്ക് (Analytic Representation) തമ്മിൽ മൗലികമായ യോജിപ്പും ബന്ധവുമാണുള്ളതെന്ന്, ഈ അവസരത്തിൽ, കവി തന്റെ വർണ്ണനകൊണ്ട് അനുവാചകരെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ മനോവൃത്തി ഭേദങ്ങളെ സ്പർശിക്കുന്ന യഥാസ്ഥിതികവർണ്ണനകൾ, വിരാഗിണിയായ പത്മയുടെ മനോഭാവങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന രണ്ടാം വിഭാഗത്തിൽ പലേടത്തും പ്രയോഗിച്ചിട്ടുണ്ട്.

'വഴിയേതുമേ പിഴയാതെ' സാഹിത്യത്തിൽ പുരോഗമിക്കുന്ന ആധുനികഭാഷാകവികളുടെ, 'നേരിയനിഴലുകൾ'ക്കെല്ലാം കാതലായ

'രോദനോദിതനിനാദമാകിലും
രാഗമാധുരി, അതിങ്കലുംവരാം' എന്ന

തത്വസിദ്ധാന്തത്തെ, ഇ'പ്പുരോഗമന'ക്കാർ, കേരളക്കരയിലെങ്ങും നിഴലിച്ചുതുടങ്ങുന്നതിനു മുമ്പുതന്നെ, നമ്മുടെ കവി, പ്രസ്തുത കൃതിയിൽ, ഈ ഉപവനത്തിലെ പാട്ടുപാടും പൈങ്കിളിയുടെ ഒരു ചെറുചിത്രക്കോണിൽ രേഖപ്പെടുത്തിക്കാണുന്നത് വിസ്മയാവഹമായ വെറും ആകസ്മികത്വമോ, അതോ, ഇക്കവിയുടെ ക്രാന്തദർശനമോ? വായനക്കാർ തീർച്ചയാക്കിക്കൊള്ളട്ടെ!

ഇനി വിവരണത്തിലെ യഥാസ്ഥിതികത്വം കഥാപാത്രങ്ങളുടെ സ്വഭാവവിശേഷങ്ങളെ, പഴയ കാവ്യരീതിയിൽ നേരിട്ട് വിവരിക്കാതെ, അവരുടെ പ്രവൃത്തികളിലും പ്രഭാഷണങ്ങളിലുംകൂടി, 'ക്രിയാകേവലമുത്തര'മെന്നമട്ടിൽ, അനുവാചകർക്കു പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുന്ന രീതിയാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. 'പത്മരാഗ'ത്തിലെ നായകനായ ഉപേന്ദ്രന്റെ സ്വഭാവവിവരണം, ഒരിടത്തു സമാഹൃതമായ് നാം കാണുന്നത്, കാവ്യം അവസാനിക്കാറാകുമ്പോഴത്തെ പൗരജനങ്ങളുടെ പ്രഖ്യാപനത്തിലത്രേ. അതുപോലെ, നായികയായ പത്മയുടെ സംഗതിയിലും രംഗപ്രവേശംചെയ്യുന്ന സന്ദർഭങ്ങളിലെ അവളുടെ ഭാവഭേദങ്ങളിൽക്കൂടിയല്ലാതെ, നേരിട്ടൊരു പ്രത്യംഗവർണ്ണനയ്ക്കും കവി ഉദ്യമിക്കുന്നില്ല.

പത്മയുടെ ആകൃതിയ്ക്കും പ്രകൃതിയ്ക്കുമുള്ള സൗഭാഗ്യത്തികവ്, ഉപേന്ദ്രന്റെ ആത്മാർത്ഥമായ ഹൃദയാർപ്പണത്തിന് പാത്രമാകത്തക്കതായിരുന്നെന്ന് തെളിയിക്കാൻ പര്യാപ്തമായ വർണ്ണനയും വിവരണവും മാത്രമേ, ഇതിൽ പലേടത്തായി പ്രയോഗിച്ചുകാണുന്നുള്ളു.

കഥാപാത്രചേഷ്ടിതങ്ങളെ അപ്പോഴപ്പോഴത്തെ അതതു മനോവൃത്തികളുടെ പരിണാമഫലങ്ങളായ് പ്രകാശിപ്പിക്കുന്നതിൽ കവി, വളരെ നിഷ്കർഷിച്ചിരിക്കുന്നു. ഉപേന്ദ്രൻ കിടന്നുറങ്ങുന്ന മുറിയ്ക്കുള്ളിൽ അതിരാവിലെ പ്രവേശിക്കുന്ന പത്മയുടെ നടപ്പും, ഇടയ്ക്കുള്ള തളർന്നനിലയും, തിരിഞ്ഞുനോട്ടവും, കുഴങ്ങിയഭാവവും മറവും അപ്പോഴത്തെ ആ മനോവൃത്തിയ്ക്കൊത്തുയും യോജിച്ചവതന്നെയാകുന്നു! ഇതുപോലെ ഉപേന്ദ്രന്റെ ആദ്യത്തെ ഉത്തേജകമായ രാഷ്ട്രീയപ്രഭാഷണം കേട്ടമാത്രയിൽ, പത്മയ്ക്കുണ്ടായ ഹൃദയത്തുടിയും, രോമാഞ്ചവും അത്ഭുതാസ്ഫുരിക്കുന്ന നോട്ടവും, ആനന്ദാശ്രുപാതവും, മുഖപ്രസാദവും അവൾക്കപ്പോഴുണ്ടായ മാനസികപരിവർത്തനത്തിന്റെ നൈസർഗ്ഗികവും ക്രമാനുഗതവുമായ അവികലലക്ഷണങ്ങളാണെല്ലോ. രാജകിങ്കരന്മാർ രാമാലാലഗൃഹത്തിനുള്ളിൽ പെട്ടെന്നു കയറിവന്ന് അറസ്റ്റിനൊരുങ്ങുമ്പോഴത്തെ ഉപേന്ദ്രന്റെ പെരുമാറ്റങ്ങളും പറച്ചിലുകളും ഇതിനു മറ്റൊരുദാഹരണമാണ്. ഉപേന്ദ്രൻ, ഇളാപുരംജയിലിൽ ബന്ധനസ്ഥനായതിനെപ്പറ്റി, ദിനപത്രത്തിൽ എൺപതുവരികളിലായി അച്ചടിച്ചിരുന്ന വൃത്താന്തം, പത്മ ഒരു ഞൊടിയ്ക്കുള്ളിൽ ('ഇമചലിച്ചിട്ടുമുമ്പ്') വായിച്ചുതീർത്തത്, ചമൽക്കാരവശാൽ 'അതിശയോക്തി'യായേക്കാമെങ്കിലും, കാവ്യവശാൽ സ്വാഭാവികമാണ്. ആഖ്യാനത്തിലെ കവിയുടെ യഥാസ്ഥിതികത്വം പല നവീനകാവ്യകൗശലങ്ങൾക്ക് കാരണമാക്കിയിരിക്കുന്നു.

൧) അവിചാരിതസന്ദർഭത്തിൽ തന്റെ മുറിക്കുള്ളിലേയ്ക്ക് പെട്ടെന്നു കയറിവന്ന പത്മയെക്കണ്ടിട്ട് ഉപേന്ദ്രൻ ആദരിക്കാതെ കണ്ണുമടച്ച് കിടന്നതിന്, കവി ഇടയ്ക്കു കയറിക്കൊണ്ടെന്നമട്ടിൽ പത്മയോട്ട് സമാധാനംപറയുന്നു. (ഭാഗം ൻ. പ. ൩ൻ. ൪൦) 'നിന്നോടുചെയ്യും കുശലോക്തിയത്രേ' എന്നവസാനിക്കുന്നിടത്തേ ഈ സമാധാനംപറച്ചിൽ,—പത്മയിലുള്ള പ്രണയാധിക്യംനിമിത്തം, ഉപേന്ദ്രന് അപ്പോഴുണ്ടായ ഭാവചേഷ്ടകളെ, വായനക്കാർക്ക് സ്പഷ്ടമാക്കിക്കൊടുക്കാനുള്ള ഒരു കൗശലംമാത്രം ആണെല്ലോ. ഇതിനു വേറൊരുദാഹരണം— ഉപേന്ദ്രൻ എണീറ്റ് ശയ്യയിലിരുന്നതുകണ്ടപ്പോൾ പത്മ ഒന്നും മിണ്ടാൻ ശക്തയല്ലാതെ ആദ്യമൊന്നു കുഴങ്ങിനിന്നുപോയതിന്, കവി പറയുന്ന സമാധാനമാവിതു:—

നതാംഗിതൻനാവുപിടിച്ചുതാഴ്ത്തി
ഭയം, മുഖാലജ്ജ, മനം, സ്വധർമ്മം.

അസമയത്തുണ്ടായ തന്റെ ഈ വരവിനെപ്പറ്റി അപവാദഭയമോർത്ത് അവൾക്കു നാക്കുതാണുപോയതായിത്തീരുകയും, കമിതാവിന്റെ സാന്നിദ്ധ്യത്താലുണ്ടായ ലജ്ജനിമിത്തം, അവളുടെ മുഖം ഒന്നുകൂടി അവനമ്രമാകയും, കന്യകാധർമ്മത്തെപ്പറ്റിയുള്ള ആശങ്കയാൽ, അവൾക്കു മനസ്സിടിവുണ്ടാകയും ചെയ്തതിനാലാണ്, അവൾ തല്ക്കാലം മിണ്ടാതെനിന്നുപോയതെന്നത്രേ കവി പറയുന്നത്. ഇവിടെയും കവിയുടെ ഉദ്ദേശം, പ്രണയപരവശാവസ്ഥയിൽ പത്മയ്ക്കു വന്നുകൂടിയ സഞ്ചാരിഭാവങ്ങളെ യഥാസ്ഥിതികരീതിയ്ക്കു പ്രകടിപ്പിക്കണമെന്നുള്ളതാകുന്നു.

൨) വേറൊരുകൗശലം—സംഭാഷണം ഉൾക്കൊള്ളുന്ന പദ്യങ്ങളുടെ അവസാനത്തോടടുത്ത്, ആ സംഭാഷണത്തെ പെട്ടെന്നു വിരമിപ്പിച്ചിട്ട്, കവി, ഒരു നിരീക്ഷകനിലയിൽ, ഈ വിരാമത്തിനു കാരണമായ ആ കഥാപാത്രത്തിന്റെ വികാരോദ്വേഗലക്ഷണങ്ങളെ വിവരിച്ച്, ആ പദ്യം പൂർത്തിയാക്കിക്കൊള്ളുക. രാമാലാലഗൃഹത്തിലെ താമസം വിടേണ്ടിവന്നിരിക്കുന്നതിൽ ഉപേന്ദ്രനുള്ള അപാരദുഃഖം ഈ പ്രയോഗത്താലാണ് കവി നമ്മെ അറിയിക്കുന്നത്. ഉപേന്ദ്രൻ പത്മയോട്ട് തുടർന്നുപറഞ്ഞുവരികയാണ്:—

"നിൻതാതചിത്തത്തിലുമല്പമേതോ
സങ്കോചമുണ്ടിന്നതുകൊണ്ടു ഞാനും
ഇമ്മന്ദിരം", ഗദ്ഗദമേകിയപ്പോൾ
തൽക്കണ്ഠനാളത്തിനു വിശ്രമത്തേ.

ഇതിനു ഇനിയൊരു ദൃഷ്ടാന്തം ഉപേന്ദ്രന്റെ ജയിൽവാസവൃത്താന്തം അറിഞ്ഞു ദുഃഖിക്കുന്ന പത്മയുടെ ആത്മഗതം ഇങ്ങനെ വിരമിക്കുന്നു:—

"രണ്ടുകൊല്ലമിതുമട്ടിലായിരുൾ-
ക്കുണ്ടിലെൻപ്രിയനെയിട്ടടയ്ക്കുവാൻ
ഹന്തദുർവ്വിധി "വിറച്ചുകന്യതൻ
കണ്ഠനാളമിടർമുട്ടിയക്ഷണം."

(൩) സന്ദർഭസാംഗത്യം കവിതന്നെ ചൂണ്ടിക്കാണിച്ചിട്ട് അതുപ്രകാരം തുടർന്നു വിവരിച്ചുകൊള്ളുകയാണ് മൂന്നാമത്തെ സമ്പ്രദായം. പത്മയുടെ മനസ്സു സ്വാന്തരംഗപഞ്ജരംവിട്ടു ഉപേന്ദ്രന്റെ താല്ക്കാലികാവാസസ്ഥാനമായ ഇളാപുരം ജയിലിൽ പോയി അവിടംനോക്കിക്കണ്ടതിന്റെശേഷം തിരിച്ചുവന്നിരിക്കയാൽ, സ്വവസതിയിലെ തന്റെ സ്ഥിതിയേയും ജയിലിൽ കഴിച്ചുകൂട്ടുന്ന ഉപേന്ദ്രന്റെ സ്ഥിതിയേയും താരതമ്യപ്പെടുത്തിനോക്കുന്നതിന്, "എത്തിനല്ലൊരു മുഹൂർത്തമിത്തരം" എന്നു ചൂണ്ടിക്കാണിച്ചുകൊണ്ടാണ്, കവി, ഇവിടെ താരതമ്യനിരൂപണത്തിലേർപ്പെടുന്നത്. മറ്റൊരുദാഹരണം മൂന്നാംഭാഗത്തിന്റെ പ്രാരംഭത്തിൽ, ലഹളസ്ഥലത്തു ആരെയോ അന്വേഷിച്ചു നടക്കുന്ന യുവതി, വാസ്തവത്തിൽ പത്മതന്നെയാണെന്നു കവിയ്ക്കു വെളിപ്പെടുത്തേണ്ടിവന്നിരിക്കുന്നതിനടുത്തുമുമ്പായ്,

"അവൾതന്റെസമീപമൊന്നിനി
ത്തിരയാമീയിവൾ മന്ദഗാമിനി."

എന്ന സന്ദർഭം കവിതന്നെ നിർദ്ദേശിച്ചുകാട്ടുന്നു. ഇപ്പറഞ്ഞ മൂന്നു കൗശലങ്ങളും കഥയുടെ ഒരു ഘട്ടത്തിൽനിന്ന് മറ്റൊരു ഘട്ടത്തിലേയ്ക്കും കടക്കുവാനുള്ള പുരോഗമനപ്പാതകളായും, തീരുന്നതെന്ന് നാം പ്രത്യേകം ഓർക്കേണ്ടതാണ്.

കഥനടക്കുന്നതായ് വിവരിക്കുന്ന നാട്ടിലെ സാമുദായികവും, രാഷ്ട്രീയവും, സാമ്പത്തികവും, ആയ പശ്ചാത്തലങ്ങളെ കവി അവിടവിടെയായ് ഇതിനുള്ളിൽ യഥാതഥം, വിശദീകരിച്ചിട്ടുമുണ്ട്.

ഈ ഖണ്ഡകാവ്യത്തിലെ ചിന്തോദ്ദീപകത്വത്തിനുള്ള പ്രത്യേകതയെപ്പറ്റിയാണിനിപ്പറയുന്നത്. ജീവിതത്തെ സ്പർശിക്കുന്ന ചില സാരവത്തായ സംഗതികളെക്കുറിച്ച്, കവി ഇതിൽ അവധാനപൂർവ്വം ചെയ്തിരിക്കുന്ന ചർച്ചകൾ, അനുവാചകരെക്കൊണ്ട് അതതുവിഷയങ്ങളെപ്പറ്റി കൂട്ടതലായ് ചിന്തിക്കുവാൻ വഴിതെളിച്ചുകൊടുക്കുന്നു.

ആസ്തിക്യബുദ്ധി അഥവാ ഈശ്വരവിശ്വാസത്തിന്റെ പ്രായോഗിക ഫലങ്ങളിലൊന്ന്, അതു മനുഷ്യരെ ഭയരഹിതരാക്കുകയാണെന്നു കവി പ്രസ്താവിക്കുന്നു. ഈ പ്രസ്താവംകേൾക്കുമ്പോൾ, 'ഭയരാഹിത്യംകൊണ്ട് ലോകത്തിനുണ്ടാകുന്ന പ്രയോജനം എന്ത്?' എന്ന് ആരുമൊന്നു ചിന്തിച്ചുപോകാതിരിക്കയില്ല. 'ഭയം, മനുഷ്യരിൽ ആധിവ്യാധികളെ ഉണ്ടാക്കുന്നു. ഭയന്നു ജീവിക്കുന്നവന് ഒരിക്കലും സുഖമില്ല—സംതൃപ്തിയില്ല. ഭയമുള്ളവൻ, മിക്കപ്പോഴും വ്യാജംപറകയും പ്രവർത്തിക്കയും ചെയ്യേണ്ടിവരും. സ്വകൃത്യാനുഷ്ഠാനത്തിൽ നിന്ന് ഭയം, എത്ര അധികം ജനങ്ങളെ പിൻതിരിപ്പിക്കുന്നില്ല? ചുരുക്കത്തിൽ ലോകാഭിവൃദ്ധിയ്ക്ക്, ഭയം, എല്ലാംകൊണ്ടും ഒരു വിഘാതംതന്നെ' എന്നിങ്ങനെ പലതും ഓർത്തറിയുമ്പോഴാണ്, ഭയത്തെ നശിപ്പിക്കുന്ന ആസ്തിക്യബുദ്ധിയെപ്പറ്റി കവിയുടെ പരാമർശത്തിനുള്ള പ്രാധാന്യം മുഴുവൻ, നമുക്കു മനസ്സിലാകുന്നത്. (തുടരും)


## കൃഷിപോഷണം

കെ. എസ്സ്. നീലകണ്ഠാ L. Ag.
(അഗ്രികൾചറൽ ഡിവിഷൻആഫീസർ)

യുദ്ധകാലത്തും സമാധാനകാലത്തും ഒന്നുപോലെ ശ്രേയസ്കരവും പാവനവുമായ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയവഴികളും, എല്ലാ വളങ്ങളേയുംപറ്റിയുള്ള വിശദവിവരണങ്ങളും, ഗ്രന്ഥകാരന്റെ പ്രായോഗികപരിജ്ഞാനത്തിന്റെ പരിണതഫലങ്ങളും ഇതിലടങ്ങിയിരിക്കുന്നു. ശാസ്ത്രത്തിന്റെ പൂർണ്ണതയും സാഹിത്യത്തിന്റെ രസികതയും ഒത്തിണങ്ങിയ ഈ ഗ്രന്ഥത്തിൽ, വളവും കൃഷിവർദ്ധനവും സംബന്ധിച്ച് ഏതൊരു കൃഷിക്കാരനുമറിഞ്ഞിരിക്കേണ്ട 250-ൽ പരം നൂതനവസ്തുതകൾ പ്രതിപാദിച്ചിട്ടുണ്ട്. വലിയ മുതൽമുടക്കില്ലാതെ നടത്താവുന്ന ഏറ്റവും ലാഭകരമായ അനേകം കൃഷികളെപ്പറ്റിയും, ബുദ്ധിപൂർവ്വമായ വളംചേർക്കലിനാൽ അൻപതിരട്ടി ലാഭമെടുക്കാനുള്ള പുതനമാർഗ്ഗങ്ങളെക്കുറിച്ചും നിങ്ങൾക്കു ഗ്രഹിക്കാം. സിവിൽസപ്ലൈസ് കമ്മീഷണർ ശ്രീ: കെ. ആർ. നാരായണയ്യർ, സഹകരണസംഘംരജിസ്ട്രാർ ശ്രീ: കെ. മാധവക്കുറുപ്പ്, ആ: കൃഷിഡയറക്ടർ ശ്രീ: റ്റി. സി. കൊച്ചുണ്ണിപ്പിള്ള തുടങ്ങിയവരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായ അപൂർവ്വപ്രസിദ്ധീകരണം!

200-ൽപരം പുറങ്ങൾ. വില 1-ക. 8-ണ.

ഉദയാബുക്ക്സ്റ്റാൾ, പുനലൂർ.

## ഹിന്ദീ സ്വയംശിക്ഷക്

—o—

**പരസഹായംകൂടാതെ ഹിന്ദി പഠിക്കാവുന്ന ഒരു ഉത്തമഗ്രന്ഥം**

വില രൂ. ൧. ണ. ൨.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

---

### സിവിൽപലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

കോട്ടയം ജില്ലാകോർട്ടിൽ

B. I.

൧൧൨൨-ാമാണ്ട് അസൽ ൭൨

വാദികൾ—൩ പുളിംകുന്നപകുതിയിൽ കോട്ടഭാഗം മുറിയിൽ മങ്കൊമ്പിൽ മാവേലിക്കളത്തുമഠത്തിൽനിന്നും നന്ത്യാട്ടുമഠത്തിൽ താമസം കൃഷ്ണയ്യർ സുബ്രഹ്മണ്യയ്യൻ ൪ ടിയിൽ കൃഷ്ണയ്യൻ വെങ്കിടാചലമയ്യൻ ൫ ടിയിൽ കൃഷ്ണയ്യൻ അനന്തശിവയ്യൻ.

പ്രതികൾ—൨ ടി മുറിയിൽ മങ്കൊമ്പിൽ കൊട്ടാരത്തുമഠത്തിൽ കൃഷ്ണയ്യൻ അനന്തശിവയ്യൻ മു: പേർ

ടി വാദികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ ൨-ം ൫-ം പ്രതികളുടെ ചെലവുംകൂടി അനുവദിച്ചുകൊടുക്കാൻ ഉത്തരവുണ്ടാകണമെന്നും മററും ൨-ം ൫-ം പ്രതികൾ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് സിററിൽ പലവക ൨൨൧-ാംനമ്പർ ഹർജിസംഗതി ൧൨൨ കുംഭമാസം ൧൪ ാംനു വിചാരണനിശ്ചയിച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൨൨ മകരം ൨൩-ാംനു

—o—

### വസ്തുഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്സ്.

—o—

സിവിൽ നടപടിനിയമത്തിൻെറ ആഡർ ൨൧, റൂൾ ൩൨ ൩൪ ൩൫ ൩൨
കോട്ടയം ജില്ലാകോർട്ടിൽ
൧൧൨൨-ാമാണ്ടു ൧൯-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൨-ാമാണ്ടു പലവക അപേക്ഷ
നമ്പർ ൩൧൪൭

ലേലത്തീർകാർ—വാഴൂർ പകുതിയിൽ ടി മുറിയിൽ പുത്തൻപുരയ്ക്കൽ നാരായണൻ നാരായണൻ മുതൽപേർ ൨

പ്രതികൾ—൧ വാഴൂർപകുതിയിൽ ടി മുറിയിൽ മാത്തിൽവീട്ടിൽ ഇരവിപ്പണിക്കർ പത്മനാഭപ്പണിക്കർ ൨. ടി കരയിൽ പുത്തൻപുരയ്ക്കൽ നാരായണൻ കുഞ്ഞുകുട്ടൻ എന്നെഴുതിവരുന്ന നാരായണൻ ശങ്കരൻ ൩ ടി പുത്തൻപുരയ്ക്കൽ താമസിക്കും കൊച്ചുപെണ്ണു ലക്ഷ്മി ൫ ടി മുറിയിൽ നരിപ്പാറച്ചേരിക്കലിൽ താമസിക്കും നാരായണൻ ശങ്കു ൬ ടി മുറിയിൽ ടിയിൽ കുഞ്ഞൻ നാരായണൻെറ ഭാര്യ നാരായണി ൭ ടി കരയിൽ വല്യകാപ്പകാട്ടിൽ കുഞ്ഞൻ നാരായണൻ ൧൨. ടി കരയിൽ നരിപ്പാറച്ചേരിക്കലിൽ താമസം ശങ്കരൻ വേലു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ കൊണ്ട വസ്തു ഒഴിപ്പിച്ചു കൊടുപ്പിക്കണമെന്നു സന്നതിൽ ലേലതീർകാർ അപേക്ഷിച്ചതനുസരിച്ചു ൧൨൨ കുംഭമാസം ൧൨-ാംനു സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമൃന ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൨൪—൩—൧൨൨

—o—

### പ്രതിസമൻസ്

—o—

കൊല്ലം പ്രിൻസിപ്പാൾ
മുൻസിഫ് കോർട്ടിൽ
൧൨൧ സി ൩൪൧

വാദി—ചടയമംഗലം പകുതിയിൽ മലപ്പേരൂർ മുറിയിൽ പനങ്ങോട്ടു കുന്നുവിളപുത്തൻവീട്ടിൽ ഉമ്മുമ്മൻ യോഹന്നാൻ

പ്രതികൾ—൨ വെളിനല്ലൂർ പകുതിയിൽ ചെറിയ വെളിനല്ലൂർ മുറിയിൽ പുതുവീട്ടിൽ കാസീൻ മുഹമ്മദാലി ൨൩ അഞ്ചൽ പകുതിയിൽ പൊടിയാട്ടുവിളമുറിയിൽ താന്നിക്കൽവീട്ടിൽ കുഞ്ഞുരാമൻ കുഞ്ഞുകുഞ്ഞ് ൨൪ ടിയിൽ കുഞ്ഞുരാമൻ ജോർജ്ജ്

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി പ്രതികൾക്കു ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൨ കുംഭം ൧൪-ാംനു പകൽ ൧൧ മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതികളെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨—൩—൧൨൨

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ് R ൧൪.

—o—

കൊല്ലം പ്രി: മുൻസിഫ് കോർട്ടിൽ
൧൧൩-ാമാണ്ടു സിവിൽ ൩൨൨.

മേഡോവർ വാദി—കൊല്ലം കരീപ്പുഴച്ചേരിയിൽ ആലുവിളയിൽവീട്ടിൽ കൊച്ചുകുഞ്ഞു പത്മനാഭൻ.

പ്രതികൾ—൪) തേവലക്കര പുത്തൻതങ്കേതം മുറിയിൽ ഒററത്തെങ്ങിൽ പാർവ്വതി കുഞ്ഞിക്കുട്ടി. ൪൧) ടിയിൽ കൃഷ്ണൻ ഭാസ്കരൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേഡോർ വാദിയായി കക്ഷിചേർത്തു് ഉത്തരവുണ്ടാകണമെന്നും മററും മേ: വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് ഇ. പി. വക ൨൩൫-ാംനമ്പർ ഹർജിസംഗതി ൧൨൨-ാമാണ്ടു കുംഭമാസം ൧൨-ാം തീയതി വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്ത (ഒപ്പ്)

൧൨൨-ാമാണ്ടു മകരമാസം ൧൨-ാംനു

—o—

### പരസ്യം

ഏററമാനൂർ മു: കോർട്ടിൽ
൧൨൧-ൽ സിവിൽനമ്പ്ര ൩൩൦

വാദി—കൈപ്പുഴപകുതി ആർപ്പൂക്കരകരയിൽ പെരുവാഴപ്പറമ്പിൽ അവുസേപ്പുവക്കി.

൧-ാംപ്രതി—അകലക്കുന്നംപകുതി ആതിക്കാട്ടവടക്കംഭാഗംകരയിൽ മരുതൊലിപുരയിടത്തിൽ താമസിക്കും ആഗസ്തി ജോസഫ്.

പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്കു ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൨ കുംഭം ൧൨-ാംനു പകൽ ൧൧ മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻേറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെക്കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

ഏററമാനൂർ, ൩—൩—൧൧൨൨.

—o—

### പ്രതിസമൻസ്

—o—

കൊല്ലം പ്രിൻസിപ്പാൾ
മുൻസിഫ് കോർട്ടിൽ
൧൨ സീ. ൩൨൫.

വാദി—തൃക്കോവിൽവട്ടംപകുതിയിൽ കണ്ണനല്ലൂർചേരിയിൽ കിഴക്കേകല്ലുവിള വീട്ടിൽ മത്തു അന്ന.

൨-ാംപ്രതി—മാലിൻസയിഡി ഏലിയാ, C/o സി. വി. ഏലിയാസ് പ്രണാൻറസ്, ബ്ളാക്ക്നമ്പർ ൫൪—റൂം നമ്പ്ര ൧. എച്ച്. എം. നാവൽബേയിസ്, സെലേത്താർ, സിംഗപ്പൂർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്കു കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററിയിട്ടില്ലാത്തതാകയാൽ അടുത്ത വിചാരണദിവസമായ ൧൨൨ കുംഭം ൧൩-ാംനു പകൽ ൧൧ മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻേറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെക്കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൨ മകരം ൫-ാംനു.

—o—

### പരസ്യം

—o—

ഏററമാനൂർ മു: കോർട്ടിൽ
൧൧൨൧ ൽ സിവിൽ ൩൨൧

വാദി—അയ്മനം പകുതി പരിപ്പ്കരയിൽ മാവിലശേരിമഠത്തിലായ വടക്കേമഠത്തിൽപ്പള്ളിമഠത്തിൽനിന്നും കൊല്ലം ടഷേറിയിൽ ജോലി സുബ്രഹ്മണ്യയ്യൻ ഹരിഹരയ്യൻ:

പ്രതി—കൈപ്പുഴപകുതി ആർപ്പൂക്കരകരയിൽ ചാക്കോശേരിലായ ചെറുവള്ളിൽപറമ്പിൽ ഇട്ടിയവിരാ വക്കിയെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതിക്കു ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെമടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണയായ ൧൧൨൨ കുംഭം ൧൨-ാംനു പകൽ ൧൧ മണിക്കു കക്ഷിനേരിട്ടോ അധികാരപ്പെടുത്തിയ ഏജൻേറാ മുഖാന്തിരം ഈ കോടതിയിൽ ഹാജരായി ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

ഏററമാനൂർ
൩-൩-൧൧൨൨ }

—o—

### പരസ്യനോട്ടീസ്സ്

—o—

സിവിൽ നടപടി നിയമത്തിൻെറ
ആർഡർ ൨൧—റൂൾ ൩൪.
വകുപ്പ്
കാഞ്ഞിരപ്പള്ളി മുൻസിഫ് കോർട്ടിൽ
൧൧൨൧-ാമാണ്ടു സി. ൩൩൧-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൨-ൽ വിധിനടത്തു ഹർജി
നമ്പർ ൩൧.

വാദി—കാഞ്ഞിരപ്പള്ളി വടക്കുപകുതിയിൽ തമ്പലക്കാട്ടു മുറിയിൽ മഞ്ഞുക്കളത്തു വെള്ളത്തേടത്തുകാട്ടിൽനിന്നും വട്ടോത്തുതാമസം പിലിപ്പോസു ഔസേപ്പ്.

പ്രതി—൨. ളാലംപകുതിയിൽ കീഴ്തകിടിയൂരു മുറിയിൽ മണ്ഡപത്തിൽവീട്ടിൽ താമസം കുഞ്ഞമ്മ എന്നു വിളിക്കുന്ന മിസ്സിസ് ടൈററസ്.

ടി പ്രതിയേ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽവില്പിച്ചു വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും, വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ടു കുംഭമാസം ൧൨-ാംനുക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ടു മകരമാസം ൪-ാംനു

—o—

### സിവിൽ ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു കക്ഷിചേർക്കാൻ എതൃകക്ഷിക്കു നോട്ടീസ്

—o—

ചേർത്തല മുൻസിഫ് കോർട്ടിൽ
൧൧൨൨-ാമാണ്ടു സി. ൪൧൩.

ഹർജിക്കാരൻ—മാരാരിക്കുളംമുറിയിൽ ഈരേശേരിൽ ലോനൻപിള്ള മാമ്മൻ.

പ്രതി ൩—ആലപ്പുഴ പുന്നപ്രമുറിയിൽ അഞ്ചൽആഫീസിനു പടിഞ്ഞാറുവശം ആലിശ്ശേരിൽ താമസിക്കും വാവ വേലുവിനെ തെര്യപ്പെടുത്തുന്നതു്.

ഹർജിക്കാരനെ ജപ്തിവാദിയായി കക്ഷിചേർത്തു് ഉത്തരവുണ്ടാകണമെന്നും മററും ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ടു സിവിൽ ൨൩-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു കുംഭമാസം ൨-ാം തീയതി വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൨-ാമാണ്ടു മകരമാസം ൧൬-ാംനു

—o—

### പ്രതിസമൻസ്

—o—

ആലപ്പുഴ പ്രി: മു: കോർട്ടിൽ
൧൧ സി. ൧൩൪.

വാദി—നെടുമുടിപകുതിയിൽ നടുഭാഗംമുറിയിൽ പുത്തൻവേലിൽ ചാക്കോ ജോസഫ്.

പ്രതി—൨, നെടുമുടിപകുതി വൈശ്യംഭാഗംമുറിയിൽ ഇടയ്ക്കാട്ടുനിന്നും തകഴിപകുതിയിൽ ചിറയകംമുറിയിൽ കോട്ടയത്തായ നടുവിലെചന്തിരത്തിൽ നാരായണപിള്ള ദിവാകരൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനു ഉത്തരം പറവാനായി ൧൧൨൨ കുംഭമാസം ൧൨-ാംനു അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു നിങ്ങൾ നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെക്കൂടാതെ കേസ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨ മകരം ൧൬-ാംനു.

—o—

### സിവിൽപലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

കരുനാഗപ്പള്ളി മുൻസിപ്പുകോർട്ടിൽ
൧൧൨൬-ാമാണ്ട് സി. ൨൨൨

കൂട്ടതൽവാദി—തഴവാ തെക്കുംമുറി കിഴക്കേക്കരമുറി നടയുടെ തെക്കേപുത്തൻമഠത്തിൽ രാമസ്വാമിഅയ്യൻ നാരായണയ്യൻ.

പ്രതി—൯ ചവറ പകുതി കുളങ്ങരഭാഗംമുറിയിൽ മുല്ലശ്ശേരിൽ വേലായുധൻപിള്ള അയ്യപ്പൻപിള്ള

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

കൂട്ടതൽ വാദിയെ കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൨൧-ാമാണ്ട് സിവിൽ പലവക ൧൨൭൨-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് കുംഭമാസം ൧൩-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൨൩—൩—൧൧൨

—o—

## പരസ്യം

—o—

പത്തനംതിട്ട മുൻസിപ്പുകോർട്ടിൽ
ഫഫൌ സി എം. പി. ൻഫന്ന

ഹർജിക്കാരൻ—മല്ലപ്പുഴശ്ശേരി പകുതിയിൽ കോഴഞ്ചേരിമുറിയിൽ മേലേകിഴക്കേതിൽനിന്നും ഒററപ്ലാവുനില്ക്കുന്നതിൽ താമസം ചെറിയാൻ മത്തായി.

എതൃഹർജിക്കാർ—ഫ ടി മുറിയിൽ വല്യവീട്ടിൽ തെള്ളീരേത്തു് ഇടിച്ചാണ്ടി ഗീവറുഗീസു് വ ടി മുറ്റിയിൽ ടി വല്യവീട്ടിൽ കുഞ്ഞൻ കുഞ്ഞൻ ന ടി മുറിയിൽ കല്ലുവെട്ടാംകുഴിയിൽ പീലിപ്പോസു് മത്തായി ർ ടി പകുതിയിൽ വഞ്ചിത്രമുറിയിൽ കൈതവനമലയിൽ ഗീവറുഗീസു് ഗീവറുഗീസു് ൭ ഫനൃ-ാംനമ്പ്ര കോഴഞ്ചേരി പരസ്പരസഹായസംഘം വകയ്ക്കു പ്രസിഡൻറു മല്ലപ്പുഴശ്ശേരിപകുതിയിൽ വഞ്ചിത്രമുറിയിൽ തേലപ്രത്തു ഗീവറുഗീസു് മാത്യു (ററി. ജി. മാത്യു) നൃ ഫർ൭ന-ാംനമ്പ്ര കോഴഞ്ചേരികിഴക്കു പരസ്പരസഹായസംഘംവകയ്ക്കു ലിക്വിഡേററർ മാവേലിക്കര ലിക്വിഡേഷൻഇൻസ്പെക്ടർ ൧ കോഴഞ്ചേരി മർക്കൻറയിൽബാങ്ക് ക്ലിപ്തംവകയ്ക്കു മാനേജർ കോഴഞ്ചേരിമുറിയിൽ കോയിക്കപ്പറമ്പിൽ മത്തായി വറുഗീസു്

ഇതിനാൽ തെര്യപ്പെടുത്തുന്നതു്

അടിയിൽച്ചേർത്തിരിക്കുന്ന ഹർജിക്കാരൻറവക വസ്തുവിൻെറ നാലിൽഒന്നു നീക്കി നാലിൽ മൂന്നുഭാഗം ഫവവ കുംഭമാസം വ്യ-ാംനു പകൽ ഫ൦ മണിക്കു സ്ഥലത്തുവച്ചു പരസ്യമായി ലേലത്തിൽ വില്ക്കപ്പെടുന്നതും കൂടുതൽതുകയ്ക്കു ലേലംകേറുന്നയാളിൻെറ പേരിൽ സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതുമാകുന്നു. ലേലത്തിൽ സംബന്ധിക്കണമെന്നുള്ളവർ വ൭ രൂപാ നിരതദ്രവ്യം കെട്ടിവച്ചു ലേലത്തിൽ സംബന്ധിക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നയാൾ ഉടൻതന്നെ ലേലസംഖ്യ കെട്ടിവയ്ക്കേണ്ടതുമാകുന്നു എന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

വസ്തുവിവരം—പത്തനംതിട്ട താലൂക്കിൽ മല്ലപ്പുഴശ്ശേരി പകുതിയിൽ കോഴഞ്ചേരിമുറിയിൽ എടത്തിൻെറകിഴക്കേതിൽപുരയിടത്തിനും മേക്കു നക്കരംകുളത്തു വടക്കേപുരയിടത്തിനുംവടക്കു മേലേകിഴക്കേതിൽപുരയിടത്തിനും കിഴക്കു നാരകത്തിനാൽപുരയിടത്തിനുംതെക്കു പണ്ടാരപാട്ടം സർവ്വേ നം൭/൭ ഒരേക്കർ നന്ന സെൻറുള്ള ഒററപ്ലാവുനില്ക്കുന്നതിൽ പുരയിടത്തിൻെറ തെക്കുഭാഗം നാലിൽ ഒന്നു നർ സെൻറു നീക്കി വടക്കുഭാഗം ഒരേക്കർ രണ്ടുസെൻറുള്ള പുരയിടമാകുന്നു.

കമ്മീഷണർ (ഒപ്പ്)

വഫ-നൃ-ഫവവ

—o—

## പരസ്യം

ചേർത്തല പ്രിൻസിപ്പാൾ
മുൻസിപ്പുകോർട്ടിൽ
ഫവവ സിവിൽനമ്പ്ര ഫനന

വാദി—ചേർത്തല വടക്കുംമുറിയിൽ ചിറയിൽ സുബ്രഹ്മണ്യനാശാരി തങ്കപ്പനാശാരി

പ്രതി—ചേർത്തല വടക്കുംമുറയിൽ വെളിമ്പറമ്പുവീട്ടിൽ ശങ്കരനാരാ പിള്ള നയിനാർപിള്ള

മേല്പറഞ്ഞ പ്രതിയുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ഫവവ-ാമാണ്ടു കുംഭമാസം വ്യ-ാംനു വ്യാഴാഴ്ച പകൽ ഫഫ മണിക്കു ഈ കോടതിമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാം ചോദ്യങ്ങൾക്കും ഉത്തരംപറവാൻ തക്കവണ്ണം വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാം ചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററു വല്ല ആളോടുകൂടിയോ വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോട്ടുവക്കീൽമുഖാന്തിരമോ ഹാജരായിരിക്കേണ്ടതും വേണം അല്ലാത്തപക്ഷം പ്രതികളെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

ഫ൧-നൃ-ഫവവ

—o—

## പരസ്യനോട്ടീസ്സ്

—o—

സിവിൽനടപടിനിയമത്തിൻെറ
ആർഡർ വഫ—രൂൾ ന്നർ.
റികപ്പ്
കരുനാഗപ്പള്ളി മുൻസിഫ്കോർട്ടിൽ
ഫഫാ൭-ാമാണ്ടു സി. ൭വ൦-ാംനമ്പർ
ആദ്യവ്യവഹാരം

വാദി—തിരുവിതാംകൂർ നാഷണൽ ആൻറു ക്വയിലോൺബാങ്ക്.

പ്രതി—ഫ൧. കരുനാഗപ്പള്ളിപടനായർകുളങ്ങര വടക്കുംമുറിയിൽ ചക്കാലത്തു മൈതീൻകുഞ്ഞുമേത്തരു് അബൂബക്കർകുഞ്ഞു്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽവില്പിച്ചു വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ഫഫവവ-ാമാണ്ടു കുംഭമാസം ൻ-ാംനു-യ്ക്കു് അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

ഫഫവവ-ാമാണ്ടു മകരമാസം വഫ-ാംനു-

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്സ്

—o—

കൊല്ലം ജില്ലാകോർട്ടിൽ
Contributory 1890 Company
Petition No. 10/13

വാദി—T. N. and Q Bank Ltd in Liquidation

പ്രതി—തിരുവനന്തപുരം വി. ററി. പബ്ളിഷിംഗ് ഹൗസ്സിൽ തോമസ് ജാഞ്ജ്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ഡിക്രി വിധിനടത്തുന്നതിനു് ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ഫവവ-ാമാണ്ടു് സിവിൽ പലവക ഫവനൃ-ാംനമ്പർ ഹർജിസംഗതി ഫഫവവ-ാമാണ്ടു് കുംഭമാസം ൻ-ാം തീയതി വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ഫഫ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

ഫഫവവ-ാമാണ്ടു് മകരമാസം വ൭-ാംനു-

—o—

## പരസ്യം

—o—

കൊല്ലം അ: മു. കോർട്ടിൽ
ഫവഫ സി വ്യവെ

വാദി-കൊല്ലം കരീപ്പുഴചേരിയിൽ മുഴവേലിവീട്ടിൽ വേലായുധൻപിള്ള രാമകൃഷ്ണപിള്ള.

പ്രതികൾ-ഫ കൊല്ലം വടക്കേവിളപകുതിയിൽ ടി ചേരിയിൽ വെളിയിൽപുത്തൻവീട്ടിൽ കെ. പി. രാഘവൻപിള്ള പ ടിയിൽ ജാനകിഅമ്മ തങ്കമ്മ

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി വാദിപ്രതികളുടെമേൽ അന്യായം ബോധിപ്പിച്ചതനുസരിച്ചു കോർട്ടിൽനിന്നും സമൻസ് അയച്ചതുമടങ്ങിവന്നിട്ടുള്ളതിനാൽ വീണ്ടും ടി നമ്പർ കേസ്സ് ഫവവ കുംഭം ൻ-ാംനു-യ്ക്കു വിചാരണയ്ക്കു വച്ചിരിക്കുന്നു. അന്നേദിവസം പകൽ ഫഫ മണിക്കു ടി പ്രതികളോ അല്ലാത്തപക്ഷം ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോടതിമുമ്പാകെ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരംചെയ്യാത്തപക്ഷം പ്രതികളെകൂടാതെ അന്യായം തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

ഫ൧-നൃ-ഫവവ

—o—

## പ്രതിസമൻ

കൊല്ലം അഡീഷണൽ
മുൻസിപ്പുകോർട്ടിൽ
ഫവഫ സി ഫാൻറ

വാദി—സെൻട്രൽബാങ്ക് കാപ്പറേഷൻ ആഫ് ട്രാവൻകൂർ ലിമിറഡ് ആലപ്പുഴ. ടി ബാങ്കിനുവേണ്ടി കൊല്ലം ബ്രാഞ്ച് ഏജൻറു് ടി ബാങ്കുകെട്ടിടത്തിൽ താമസം കോര എം. പുളിമൂട്ട്

പ്രതികൾ—൧ മാവേലിക്കര തെക്കേക്കരപകുതിയിൽ പെന്നേഴമുറിയിൽ ചൂനാട്ടു എന്നുകൂടി വീട്ടുപേരുള്ള കുരമ്പേലിവീട്ടിൽ ജി. പി. നാരായണപിള്ള. വ്യ. ടിയിൽ ജി. പി. നീലകണ്ഠപ്പിള്ള

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

വാദി ടി പ്രതികളുടെമേൽ അന്യായം ബോധിപ്പിച്ചതനുസരിച്ചു കോട്ടിൽനിന്നും സമൻസയച്ചതു മടങ്ങിവന്നിട്ടുള്ളതും വീണ്ടും ടി നമ്പ്ര കേസ്സ് ഫവവ കുംഭം ഫാ-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ഫഫ മണിക്കു ടി പ്രതികളോ അല്ലാത്തപക്ഷം ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോടതിമുമ്പാകെ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം ടി പ്രതികളെകൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

വവ്യ-നൃ-ഫവവ

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്സ്

ആലപ്പുഴ അ: മു. കോർട്ടിൽ
ഫഫന-ാമാണ്ടു സി. ൭ർഫ

വാദി-ആലപ്പുഴപകുതിയിൽ ടി മുറിയിൽ കടപ്പുറത്തു തൈപ്പറമ്പുപണ്ടകശാലയിൽഇതിക്കാം ഇസ്മായിൽ ഇസ്മാൽ സേട്ടു്.

പ്രതി-മുണ്ടക്കയംചന്തയിൽ കച്ചവടം പന്തളം തോന്നല്ലൂർ കൂടത്തിനാൽവടക്കേതിൽ വാപ്പു പീരുവാവാരാവുത്തർ

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽവിധിനടത്താൻ അനുവദിച്ചുത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ഫവാ-ാമാണ്ടു ഇ. പി. ർവഫ ാംനമ്പർ ഹർജിസംഗതി ഫവവ ാമാണ്ടുകുംഭമാസം ൻ-ാംനു- വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ഫഫ മണിക്കുകക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈകോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കണം അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുംആകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

ഫവവ മകരം വ൭

—o—

## പരസ്യനോട്ടീസ്

സിവിൽ നടപടിനിയമത്തിൻെറ
ആഡർ വഫ, രൂൾ ന്നർ
തിരുവല്ലാ മു. കോർട്ടിൽ
ഫഫ൧-ാമാണ്ടു ർഫെ-ാംനമ്പർ
ആദ്യവ്യവഹാരം

ഫവഫ-ൽ വിധിനടത്തു ഹർജി ന: ന്നവ൧

വാദി—പെരിങ്ങരപകുതിയിൽ കാരയ്ക്കൽമുറിയിൽ പ്ലാന്തോട്ടത്തിൽ ജോസഫ് തോമ്മസ്.

പ്രതി—ഫ കവിയൂർപകുതിയിൽ പടിഞ്ഞാററുംചേരിമുറിയിൽ വല്യമനയ്ക്കൽ താഴത്തേക്കുററു് പോത്ത തോമസ്സ്.

ഫ-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കികൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ഫവവ-ാമാണ്ടു കുംഭമാസം ഫാ-ാംനു-യ്ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

122 മകരം 16

## പരസ്യം

ചേർത്തല ടെമ്പററി മു: കോർട്ടിൽ
ഫഫന്ന സി ഫന്നെ

വാദിദാർ-പാലിയം എസ്റ്റേററിനുവേണ്ടി കൊച്ചീഗവമ്മെൻറു ചീഫ്സെക്രട്ടറിഅവർകൾ.

പ്രതി-കൂട്ടതൽ ർ൧) വയലാർ ഉഴവമുറിയിൽ തറയിൽപറമ്പിൽ താമസിക്കും ചേന്നങ്ങനേഴത്തു കണക്കു നാരായണൻ ഗോവിന്ദപ്പിള്ള.

മേൽപറഞ്ഞപ്രതിയുടെമേൽ വാദിവ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരംബോധിപ്പിക്കാനായി ഫവവ-ാമാണ്ടു കുംഭമാസം ഫർ-ാംനു-പകൽ ഫഫ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായിക്കൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
122 മകരം 16 ഹെഡ്ഗുമസ്തൻ (ഒപ്പ്)

—o—

### വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്

സിവിൽ നടപടി നിയമത്തിൻെറ
ആഡർ വഫ-രൂൾ നന,നർ,ൻവ,ൻന.
മാവേലിക്കര മുൻസിഫ് കോർട്ടിൽ.
ഫഫന്ന-ാമാണ്ടു് നനന-ാം നമ്പ്ര
ആദ്യവ്യവഹാരം.

വാദി—മാവേലിക്കര പകുതിയിൽ കണ്ടിയൂരുമുറിയിൽ കണ്ടിയൂർ വാര്യത്തുനിന്നും ടി മുറിയിൽ തെക്കെവാര്യത്തു് ശങ്കരവാര്യർ ഗോവിന്ദവാര്യർ എന്നുകൂടി പേരുള്ള ശങ്കരവാര്യർ വല്യകുഞ്ഞുവാര്യർ വാദിവക്കീൽമി. ആർ. ബാലകൃഷ്ണപിള്ള.

പ്രതികൾ—ഫ. മാവേലിക്കര പകുതിയിൽ കണ്ടിയൂരു മുറിയിൽ കണ്ടിയൂർവാര്യത്തു, നീലകണ്ഠവാര്യർ ഉണ്ണികൃഷ്ണവാര്യർ. വ, ടിയിൽനിന്നും ആലങ്ങാട്ടു ചെറിയത്തു വാര്യത്തു് നീലകണ്ഠവാര്യർ രാമവാര്യർ. ന, ടിയിൽകൊച്ചുകുട്ടിയമ്മ കുട്ടിയമ്മ. ർ, ടിയിൽ മൈനർ കുട്ടിയമ്മ പാപ്പിയമ്മ. ൭, ടിയിൽ മൈനർ കുട്ടിയമ്മ കുഞ്ചിയമ്മ. നൃ, ടി കണ്ടിയൂർ വാര്യത്തു് ലക്ഷ്മിയമ്മ സരസ്വതിഅമ്മ ൧, മരിച്ചു. വ്യ, ടിയിൽ ശങ്കരവാര്യർ ഗോവിന്ദവാര്യർ. .ർ, മരിച്ചു. ഫാ, ടിയിൽ നിന്നും ആലങ്ങാട്ടു വെളിയത്തുനാട്ടു കരയിൽ ചെറിയത്തു വാര്യത്തു നീലകണ്ഠവാര്യർ മാധവവാര്യർ. ഫഫ, ടിയിൽ നീലകണ്ഠവാര്യർ ശേഖരവാര്യർ. ഫവ, ടി കണ്ടിയൂർ വാര്യത്തു് നീലകണ്ഠവാര്യർ പരമേശ്വരവാര്യർ. ർ-ാം ൭-ാം പ്രതികളുടെ രക്ഷകർത്താ ന-ാംപ്രതി കൊച്ചുകുട്ടിയമ്മ കുട്ടിയമ്മ. ൧-ാം, ൻ-ാം പ്രതികളുടെ അവകാശികൾ ശേഷം പ്രതികളാണ്.

പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ ചേർന്നതിൽകൊണ്ട വസ്തു ഒഴിപ്പിച്ചു കൊടുക്കണമെന്നു് ടി വാദി അപേക്ഷിച്ചതനുസരിച്ചു് ഫവവ കുംഭമാസം ഫ൧ ാംനു- സ്ഥലത്തു് ഹാജരായി വസ്തു ഒഴിപ്പിച്ചു കൊടുക്കുന്നതിനു് ആമൃനത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

നോട്ടീസു വിചാരണ ഫാ-൧-ഫവവ.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

ഫഫവവ-മകരമാസം വന-ാംനു-

—o—

## പരസ്യം

തൊടുപുഴ മുൻസിഫ്കോടതിയിൽ
ഫഫ൧-ൽ സി നമ്പർ വ൦വ

വാദി—മഞ്ഞപ്രാപകുതി അരിക്കുഴ കരയിൽ ഇഞ്ചുങ്കവ്യാലിൽ ചെറിയ ഉലഹന്നാൻ

പ്രതി—ഫഫ തിരുമാറാടിപകുതി മണ്ണത്തൂരുകരയിൽഉറമ്പുംതടത്തിൽ തൊമ്മൻ എന്നു വിളിക്കുന്ന സ്കറിയാ മക്കോസ്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ വാദി ബോധിപ്പിച്ചിട്ടുള്ള അന്യായത്തെ സംബന്ധിച്ചു് ടി ഫഫ-ാംപ്രതിക്കു് തക്കമുണ്ടെങ്കിൽ ഈ കേസു വിചാരണയ്ക്കുവച്ചിരിക്കുന്ന ഫവവ കുംഭമാസം ഫന-ാംനു- പകൽ ഫഫ മണിക്കു് ടി ഫഫ-ാംപ്രതി നേരിട്ടോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീൽ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും ആകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

ഫഫവവ—ഞ—ഫവ്യ-ാംനു-

# ഇൻഡ്യാഗവമ്മെൻറും പുരോഗമനപദ്ധതികളും

എൻ. ശങ്കരൻനായർ ബി. ഏ., തിരുവല്ലാ

ഇതരരാജ്യങ്ങളേപ്പോലെ, ഇൻഡ്യയും അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ രണ്ടാണ്—രാഷ്ട്രീയം, സാമ്പത്തികം. ദൂരവ്യാപകമായ സാമ്പത്തികപ്രശ്നങ്ങൾക്കു വിജയകരമായ പരിഹാരം ഉണ്ടാകണമെങ്കിൽ ഭാരതീയരുടെ ഹിതാനുസരണമുള്ള രാഷ്ട്രീയസാഹചര്യങ്ങളും ഭരണക്രമവും ഉണ്ടായിരിക്കേണ്ടതു് ഏററവും ആവശ്യമാണ്. ജനങ്ങളോടു് ഉത്തരവാദിത്വമുള്ള ഒരു ഭരണക്രമമാണു സാമ്പത്തികോന്നമനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതെങ്കിലും ഇപ്പോഴത്തെ രാഷ്ട്രീയാന്തരീക്ഷം എപ്രകാരമുള്ളതായാലും, ഭാവിപദ്ധതികളുടെ പ്രവത്തനത്തിനായുള്ള വഴി തെളിച്ചിടുക എന്ന കൃത്യം നീട്ടിവയ്ക്കുവാൻ സാധിക്കുന്ന ഒന്നല്ല. അതിനാൽ കൂടുതൽ സമ്പൽസമൃദ്ധവും സംതൃപ്തവുമായ ഒരു ഭാരതത്തെ ഭാവനചെയ്തു്, അതിനായുള്ള പദ്ധതികൾ രൂപീകരിച്ചു പ്രവത്തനങ്ങൾ ആരംഭിക്കപ്പെട്ടിരിക്കുന്നു. ഈ ഉദ്യമത്തിൽ കേന്ദ്രഗവമ്മെൻറും, ദേശീയഗവമ്മെൻറുകളും നാട്ടുരാജ്യഗവമ്മെൻറുകളും, സകലരാഷ്ട്രീയസംഘടനകളും പൊതുക്കാര്യപ്രസ്ഥാനങ്ങളും ഒന്നുചേന്നു സഹകരണബുദ്ധിയോടെ പ്രയത്നിച്ചിട്ടുണ്ടു്. തൽഫലമായി രൂപീകരിച്ചിട്ടുള്ള പ്രധാനപദ്ധതികളേപ്പററിയാണു താഴെ പ്രസ്താവിക്കുന്നതു്.

## ദേശീയസമ്പത്‌വദ്ധനവു്

സാമ്പത്തികപദ്ധതികളുടേയെല്ലാം അന്ത്യോദ്ദേശം ജനങ്ങളുടെ ജീവിതത്തോതു വദ്ധിപ്പിക്കയും സകലക്കും ഉപജീവനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കയും ചെയ്കയാണു്. ഇതു സാദ്ധ്യമാക്കിത്തീക്കുന്നതിനു ചില രാജ്യങ്ങളിൽ വ്യാവസായികാഭിവൃദ്ധിയിൽ ശ്രദ്ധപതിപ്പിക്കയായിരിക്കും വേണ്ടിയതു്. മററു ചില രാജ്യങ്ങളിൽ കാർഷികാഭിവൃദ്ധിയായിരിക്കും ശരിയായ മാർഗ്ഗം. എന്നാൽ ഇൻഡ്യയിൽ—ഏഴു ലക്ഷം ഗ്രാമങ്ങളിലായി അന്യോന്യം സമ്പക്കമില്ലാതെ, പ്രധാനമായി കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നതായ ൪൦ കോടി ജനങ്ങളുള്ള നമ്മുടെ രാജ്യത്തിൽ—നാനാവിധത്തിലുള്ള പദ്ധതികൾ—ഹ്രസ്വകാലികവും ദീർഘകാലികവുമായവ—നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## കൃഷി

ഗവമ്മെൻറുപദ്ധതികളിൽ കാർഷികാഭിവൃദ്ധിക്കു പ്രാമാണ്യം നൽകിയിട്ടുണ്ടു്.

൭ കോടി പവൻ ചിലവഴിച്ചു് ഇൻഡ്യയിലെ കാർഷികോല്പാദനത്തെ ൧൫ വർഷംകൊണ്ടു് ഇരട്ടിക്കുന്നതിനായി ഒരു പദ്ധതി രൂപീകൃതമായിട്ടുണ്ടു്. ആഹാരസാധനങ്ങളുടെ ഉല്പാദനവദ്ധനവിനു വളരെ പ്രാധാന്യം കൊടുത്തിട്ടുണ്ടു്. ധാന്യവർഗ്ഗങ്ങൾ ൧൦ ശതമാനം, സസ്യവർഗ്ഗങ്ങൾ ൧൦൦ ശതമാനം, എണ്ണകളും കൊഴുപ്പുകളും ൨൫൦ ശതമാനം, പാൽ ൩൦൦ ശതമാനം എന്നീ തോതിൽ വദ്ധിപ്പിക്കുക എന്നതാണു ലക്ഷ്യം. തരിശുഭൂമികളിൽ കൃഷിചെയ്തും, കാർഷികരീതികൾ അഭിവൃദ്ധിപ്പെടുത്തിയും ഉല്പാദനം വദ്ധിപ്പിക്കയും, അതിനായി കൂടുതൽ ജലസേചനപദ്ധതികൾ, കൂടുതൽ വളങ്ങൾ, നല്ലതരം വിത്തുകൾ, പ്രചരണം, പ്രദർശനകൃഷിസ്ഥലങ്ങൾ, കൂട്ടുകൃഷി, സഹകരണപ്രസ്ഥാനം എന്നിവയെല്ലാം അതിനു സഹായകമാക്കിത്തീക്കേണ്ടതുമാണു്.

## വിദ്യുച്ഛക്തി

അമേരിക്കൻ ഐക്യനാടുകൾ ഒരു ദിവസത്തിൽ ഉപയോഗിക്കുന്നിടത്തോളം വിദ്യുച്ഛക്തി ഇൻഡ്യ ഒരു വർഷത്തിൽ ജനിപ്പിക്കുന്നു എന്നതു് ഒരു നല്ല താരതമ്യപഠനമാണ്. ഇതിൽ ഏകദേശം ൪൨ ശതമാനം ബോംബേയിലും കൽക്കട്ടായിലും കൂടി ഉപയോഗിക്കപ്പെടുന്നു. അഹമ്മദബാദു്, കോൺപൂർ എന്നീ നഗരങ്ങൾ കൂടി ഉൾപ്പെടുത്തുകയാണെങ്കിൽ ഇൻഡ്യയിലെ വിദ്യുച്ഛക്തിയിൽ പകുതി, ഒന്നര ശതമാനം ജനങ്ങളടങ്ങിയ നാലു നഗരങ്ങളിൽ മാത്രം ഉപയോഗിക്കുന്നു എന്നു കാണാം. അതിനാൽ വിദ്യുച്ഛക്തിയുടെ ഉല്പാദനം അത്യധികം വദ്ധിപ്പിക്കേണ്ടിയിരിക്കുന്നു എന്നു മനസ്സിലാക്കാം. ഒരു ആദ്യപടിയെന്ന നിലയിൽ, സകല വ്യവസായകേന്ദ്രങ്ങളിലും പൗവർഹൗസുകൾ സ്ഥാപിക്കുന്നതിനും ഇവയെല്ലാംകൂടി സംഘടിപ്പിച്ചു് ഇപ്പോൾ വിദ്യുച്ഛക്തി ലഭിക്കാത്ത സ്ഥലങ്ങളിൽകൂടി വിതരണം ചെയ്യുന്നതിനും ആയി പദ്ധതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടു്. ഇതിനു ഉദ്ദേശം ൪ കോടി പവൻ വിലയ്ക്കുള്ള യന്ത്രസാമഗ്രികൾ തന്നെ വേണ്ടിയിരിക്കുന്നു.

## കൃത്രിമവളങ്ങൾ

കാർഷികോല്പാദനം വദ്ധിപ്പിക്കുന്നതിനു് അത്യന്താപേക്ഷിതമായ കൃത്രിമ വളങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി ബീഹാറിൽ ഒരു വ്യവസായശാല സ്ഥാപിക്കുന്നതിനു ശ്രമിച്ചു വരുന്നു. അതിനാവശ്യമുള്ള യന്ത്രങ്ങൾ വാങ്ങിക്കുന്നതിനും മററുമായി ഈയിടെ ഒരു സംഘം ഇംഗ്ലണ്ടിലേക്കു പോയിരുന്നു. മദ്ധ്യ ഇൻഡ്യയിലും ഇതുമാതിരി ഒരു വ്യവസായശാല സ്ഥാപിക്കുന്നതിനു ശ്രമിച്ചു വരുന്നു.

ഇംഗ്ലണ്ടിൽനിന്നു് ഒരു ശാസ്ത്രജ്ഞസംഘം ഈയിടെ ഇൻഡ്യയിൽ വരികയും കൃത്രിമ വളങ്ങളുടെ ഉല്പാദനത്തേപ്പററി ഇൻഡ്യാഗവമ്മെൻറിനെ ഉപദേശിക്കയും ചെയ്തിട്ടുണ്ടു്. ഇൻഡ്യയിലെ മണ്ണിൽ കുറവുള്ള ഏററവും പ്രധാന സസ്യാഹാരം നൈട്രജൻ (Nitrogen) ആണു്. Sulphate of Ammonia യിൽ ഏകദേശം ൨൨ ശതമാനം Nitogen ഉള്ളതിനാൽ അതാണു് ഇൻഡ്യയ്ക്കു ഏററവും ആവശ്യമുള്ള വളം. അതു വർഷംതോറും ഏകദേശം ൩൦ ലക്ഷം ടൺവീതം ഇൻഡ്യയ്ക്കു ആവശ്യമായിരിക്കുന്നു.

## ഗതാഗതം

(൧) റോഡുകളും തീവണ്ടിപ്പാതകളും—൧൩ ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഇൻഡ്യയിൽ ൪൧,000 മൈൽ റെയിൽവേയും, ൨൬,000 മൈൽ റോഡും സാരമില്ല. അതിനാൽ ൩൩൭ ലക്ഷം പവൻ ചിലവിൽ ൨൦ വർഷം കൊണ്ടു നാലു ലക്ഷം മൈൽ റോഡുകൾ ഉണ്ടാക്കുന്നതിനു് ഒരു പദ്ധതി തയാറായിരിക്കുന്നു. വിവിധ പ്രവിശ്യകളും നാട്ടുരാജ്യങ്ങളും ഇതുപോലെ റോഡുകൾ വദ്ധിപ്പിക്കുന്നതിനു ശ്രമിച്ചുകൊണ്ടുമിരിക്കുന്നു.

(൨) വാഹനങ്ങൾ—ഈസ്റ്റ് ഇൻഡ്യാ റെയിൽവേ കമ്പനിക്കാരുടെ വകയായി ബംഗാളിൽ സിങ്ഭം (Singbhum) എന്ന സ്ഥലത്തുള്ള റെയിൽവേ വക്‌ഷോപ്പു് ടാററാ കമ്പനിക്കാർ ഏറെറടുത്തിരിക്കുന്നു. തീവണ്ടികളും ബോയിലറുകളും മററും നിമ്മിക്കുവാനാണു് അവരുടെ ഉദ്ദേശം. വർഷംതോറും ൫൦ റെയിൽ വാഹനങ്ങൾ വീതം ഉല്പാദിപ്പിക്കുന്നതിനായി അവർ പദ്ധതി തയാറാക്കിക്കഴിഞ്ഞു. ഇതു താമസിയാതെ നടപ്പിലാകുന്നതാണു്. മററു ഫാക്ടറികളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്. അങ്ങിനെ അഞ്ചുവർഷംകൊണ്ടു് ഇന്ത്യയ്ക്കാവശ്യമുള്ള റെയിൽവാഹനങ്ങൾ ഇവിടെത്തന്നെ നിമ്മിക്കാവുന്നതാണു് എന്നു ഗണിക്കപ്പെടുന്നു.

(3) ജലമാർഗ്ഗഗതാഗതം—

ഇന്ത്യയുടെ ജലമാർഗ്ഗഗതാഗതസൗകര്യങ്ങളെ പരിപൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനായുള്ള സാദ്ധ്യതകളേപ്പററി ആരായുന്നതിനു് ഒരു കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. ഈ കമ്മീഷൻ (The central waterways irrigation And navigation commission) നദീജലത്തെ ആദായകരമാംവണ്ണം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങളേപ്പററി പ്രവിശ്യകളേയും നാട്ടുരാജ്യങ്ങളേയും ഉപദേശിക്കുന്നതാണു്.

(4) വ്യോമയാനം—

വ്യോമയാനത്തെ വിപുലീകരിക്കുന്നതിനുള്ള ഒരു പദ്ധതി ഇന്ത്യാഗവമ്മെൻറിന്റെ PostsandAir Department സമർപ്പിച്ചിട്ടുണ്ടു്. ഇന്ത്യയിലെ പ്രധാനനഗരങ്ങൾതമ്മിലും സമീപരാജ്യങ്ങളായ സിലോൺ, ബമ്മാ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങൾതമ്മിലും ഘടിപ്പിക്കുന്ന വിമാനസവ്വീസുകൾ നടപ്പിലാക്കണമെന്നുള്ളതാണു് ഉദ്ദേശം. ൧൧,000 മൈലിൽ കൂടുതൽ സവാരി ഇതിൽ അടങ്ങിയിരിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനു് ആദ്യമൂലധനമായി ൨൧,൯൦,000 പവനും, വർഷാവർഷം ൧൮,൬൦,000 പവനും വേണ്ടിവരുമെന്നു ഗണിക്കപ്പെടുന്നു.

ഇംഗ്ലണ്ടു്, മദ്ധ്യപൂർവ്വദേശം, കിഴക്കെ ആഫ്രിക്കാ, ചൈന, വിദൂരപൂർവ്വദേശം എന്നീ രാജ്യങ്ങളിലേക്കും വിമാനസവ്വീസുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയാറാക്കിയിട്ടുണ്ടു്. ഈ ആവശ്യത്തിലേക്കു ൨൦ ലക്ഷം പവൻ മൂലധനവും, വർഷാവർഷം ഏകദേശം അത്രയുംതന്നെയും ചിലവും വരുന്നതാണ്.

ഈ പദ്ധതികൾ അനുസരിച്ചു ൧൧൧ വിമാനത്താവളങ്ങൾ സജ്ജമാക്കേണ്ടിയിരിക്കുന്നു. വിമാനത്താവളങ്ങൾ, ആവശ്യമുള്ള കെട്ടിടങ്ങൾ, റെസ്റ്റ്ഹൗസുകൾ, റേഡിയോസ്റ്റേഷൻകെട്ടിടങ്ങൾ എന്നിവയ്ക്കായി ൧൨൦ ലക്ഷംപവനും റേഡിയോസ്റ്റേഷനിലേയ്ക്കുള്ള യന്ത്രസാമഗ്രികൾക്കു നാലരലക്ഷംപവനും വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

## വ്യവസായം

ഇന്ത്യയുടെ വ്യാവസായീകരണത്തിനായി അനേകം പദ്ധതികൾ ഗവമ്മെണ്ടു സ്വീകരിച്ചിട്ടുണ്ടു്. അവയിൽ ഒരുപക്ഷെ ഏററവും പ്രധാനമായിട്ടുള്ളതു ഇരുമ്പുവ്യവസായം, വാഹനനിമ്മാണം മുതലായ ഏററവും പ്രധാനപ്പെട്ട ൨൦ വ്യവസായങ്ങളുടെ നിയന്ത്രണാധികാരം പ്രവിശ്യാഗവമ്മെണ്ടിൽനിന്നു കേന്ദ്രഗവമ്മെണ്ടിലേക്കു മാററണമെന്നുള്ളതായിരിക്കാം. ദേശീയപ്രാധാന്യമുള്ള ഏതെങ്കിലും വ്യവസായത്തിന്റെ നടത്തിപ്പിനു ജനങ്ങളിൽനിന്നു ആവശ്യമുള്ള മൂലധനം ലഭിക്കുന്നില്ലെന്നുകണ്ടാൽ അതു ഗവമ്മെണ്ടുതന്നെ ഏറെറടുത്തുനടത്തുന്നതാണ്:

വ്യവസായത്തെ നാനാപ്രകാരത്തിൽ പ്രോത്സാഹിപ്പിക്കുകഎന്നതായിരിക്കും ഗവമ്മെണ്ടിന്റെ നയം. ഇതിനായി ഗ്രാൻറുകൾ നൽകുക, കുറഞ്ഞ പലിശയിൽ പണംകടംകൊടുക്കുക, അവരിൽനിന്നു സ്ഥിരമായി വ്യാവസായികോല്പന്നങ്ങൾ വിലയ്ക്കെടുക്കുക എന്നിങ്ങനെ പല മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. ഗവർമ്മെണ്ടിന്റെ സഹായത്തെ ആശ്രയിച്ചിരിക്കുന്നതോ, കുത്തകയുടെ രീതിയിലുള്ളതോ ആയ വ്യവസായങ്ങളെ ഗവമ്മെണ്ടു നിയന്ത്രിക്കുന്നതുമാണ്.

വ്യാവസായീകരണം സാദ്ധ്യമാകുന്നതിനു് ആവശ്യംപോലെ ജോലിക്കാരേയും വിവിധജോലികളിൽ പരിശീലനവും പരിചയവും ലഭിച്ചിട്ടുള്ള ആളുകളേയും ലഭിക്കേണ്ടിയിരിക്കുന്നു. യുദ്ധകാലത്തു് ഇന്ത്യയിൽത്തന്നെ സ്ഥാപിതമായിട്ടുള്ള യുദ്ധസംബന്ധമായ തൊഴിൽശാലകളിൽ അനേകം ചെറുപ്പക്കാർക്കു പരിശീലനം ലഭിച്ചിട്ടുണ്ടു്. പട്ടാളത്തിൽ ചേന്നിട്ടുള്ളവരും വിവിധതൊഴിലുകളിൽ പരിശീലിച്ചിട്ടുണ്ടു്. സ്കോളർഷിപ്പുകളും മററും കൊടുത്തു പലരേയും ഉപരിപഠനത്തിനും പരിശീലനത്തിനുമായി വിദേശരാജ്യങ്ങളിൽ അയച്ചിട്ടുമുണ്ടു്. ഇപ്രകാരമുള്ളവരെ ഇന്ത്യൻവ്യവസായശാലകളിൽ നിയമിക്കുന്നതിനായി ഇന്ത്യയുടെ നാനാഭാഗങ്ങളിൽ ലേബർ എക്സ്ചേഞ്ചുകൾ (Labour Exchanges) സ്ഥാപിച്ചിട്ടുണ്ടു്.

## ശാസ്ത്രീയഗവേഷണം

സകല പദ്ധതികളും തമ്മിൽ യോജിപ്പിക്കയും പുതിയ കണ്ടുപിടിത്തങ്ങൾ പൊതുജനപ്രയോജനകരമാംവണ്ണം വിനിയോഗിക്കയും ചെയ്യുന്നതാണ്. ഇതിനായി ശാസ്ത്രീയപരവും വ്യവസായപരവുമായ ഗവേഷണങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഒരു പഞ്ചവത്സരപദ്ധതി ൧൯൪൪-ൽ നിയമിക്കപ്പെട്ടിരിക്കുന്ന Industrial Research Planning Committee യാൽ രൂപവൽകരിക്കപ്പെട്ടിട്ടുണ്ടു്. ഇന്ത്യയിൽ ഗവേഷണം ഇപ്പോഴും ശൈശവാവസ്ഥയിലിരിക്കുന്നതേയുള്ളു എന്നും ഇതരരാജ്യങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ അഗണ്യനിലയേ അതിനുള്ളുവെന്നും ഈ കമ്മിററി അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. ഗവേഷണത്തെ പുരോഗമിപ്പിക്കുന്നതിനായി ഒരു ദേശീയഗവേഷണസമിതി (National Research Council) സ്ഥാപിക്കണമെന്നും വിവിധരീതിയിലുള്ള ഗവേഷണശാലകൾ ഏർപ്പെടുത്തുകയും ഇപ്പോഴുള്ളവയെ കൂടുതൽ ശക്തമാക്കിത്തീക്കയും, ഗവേഷകന്മാരെ ഇതരരാജ്യങ്ങളിലയച്ചു വേണ്ട പരിശീലനം കൊടുക്കയും ചെയ്യണമെന്നും അവർ അഭിപ്രായപ്പെടുന്നു. ഇവയ്ക്കെല്ലാമായി ആദ്യത്തെ അഞ്ചുവർഷത്തേക്കു ആറുകോടിരൂപ ചിലവുവരുമെന്നു കണക്കാക്കപ്പെടുന്നു.

## വിദ്യാഭ്യാസം

സാമ്പത്തികാഭിവൃദ്ധിയോടുകൂടിത്തന്നെ സാമുദായികോന്നമനവും ആവശ്യമാണ്. അതിൽ ഏററവും പ്രധാനപ്പെട്ടതും വളരെ കുഴഞ്ഞതുമായ പ്രശ്നം വിദ്യാഭ്യാസമാണ്. ഇതേസംബന്ധിച്ചുള്ള പദ്ധതികളിൽ ഏററവും പ്രധാനപ്പെട്ടതു് മി: ജോൺ സാർജെൻറിന്റേതാണ്. ഇതു നടപ്പിലാക്കുന്നതിനു ൪൦ വർഷവും ഇരുപത്തിമൂന്നരകോടി പവനും വേണ്ടിവരും. ൬ മുതൽ ൧൪ വയസ്സുവരെയുള്ള കുട്ടികൾക്കു് നിർബ്ബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഏർപ്പെടുത്തുക എന്നതാണു സാർജെൻറുപദ്ധതിയുടെ ലക്ഷ്യം. ഇതനുസരിച്ചു ൫൨ ലക്ഷം കുട്ടികളെ പഠിപ്പിക്കുന്നതിനു ൧൮ ലക്ഷം അദ്ധ്യാപകന്മാർ വേണം. അഞ്ചുകുട്ടികളിൽ ഒന്നിനെങ്കിലും ഹൈസ്കൂൾവിദ്യാഭ്യാസത്തിനു അർഹതയുണ്ടായിരിക്കും. ൨,൪൦,000 കുട്ടികൾ സവ്വകലാശാലയിൽ പോകുന്നവരുമായിരിക്കും. സാങ്കേതികവിദ്യാഭ്യാസവും വയോജനവിദ്യാഭ്യാസവും നടപ്പിലാക്കപ്പെടുന്നതാണ്. മൊത്തത്തിൽ ഒരു ലക്ഷത്തി എൺപതിനായിരം ബിരുദധാരികളായ അദ്ധ്യാപകന്മാരും, ൨൦ ലക്ഷം ബിരുദധാരികളല്ലാത്തവരും ആവശ്യമായിരിക്കും. ഇവക്കുവേണ്ടി അനേകം ട്രെയിനിംഗ്സ്കൂളുകളും കോളേജുകളും സ്ഥാപിക്കേണ്ടിവരും. കുട്ടികളുടെ ആരോഗ്യസംബന്ധമായ കാര്യങ്ങൾക്കായി ൭,൫൦൦ ഡോക്ടറന്മാരേയും, ൧൫ 000 നേഴ്സുമാരേയും നിയമിക്കയും വേണ്ടിയിരിക്കുന്നു.

## പൊതുജനാരോഗ്യം

ഇൻഡ്യയിലെ പൊതുജനാരോഗ്യത്തേപ്പററി അന്വേഷിക്കുന്നതിനായി ൧൯൪൩-ൽ 'ഭോർ'കമ്മിററി (Sir Joseph Bhore-ന്റെ നേതൃത്വത്തിൽ) നിയമിക്കപ്പെട്ടു. ആരോഗ്യത്തേപ്പററി പൊതുവേയും, ആരോഗ്യശാസ്ത്രത്തേപ്പററിയുള്ള വിദ്യാഭ്യാസം, പ്രചരണം, സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യം എന്നിവയേപ്പററി പ്രത്യേകിച്ചും അവർ പഠനം ചെയ്യുന്നു. ഇപ്പോൾ ചിലവാകുന്നതിന്റെ ഏഴിരട്ടിപണം ചിലവഴിക്കേണ്ടിവരുമെന്നു വിചാരിക്കപ്പെടുന്നു.

ഇപ്രകാരം ഓരോ വകുപ്പുകളിലേക്കും പദ്ധതികൾ രൂപവൽക്കരിക്കപ്പെട്ടിട്ടുണ്ടു. എന്നാൽ ഇവയ്ക്കെല്ലാം ആവശ്യമുള്ള പണം എവിടെ? കരം, നികുതി എന്നിവ വദ്ധിപ്പിച്ചു കുറെ പണം ഉണ്ടാക്കാം. എന്നാലും ഒരു വലിയ തുക കടമായി വാങ്ങേണ്ടിവരും. ധനികരായ വ്യക്തികൾ സ്വന്തമായി വ്യവസായങ്ങളും മററും ആരംഭിക്കയോ, അല്ലെങ്കിൽ അവരുടെ പണം ഇവയ്ക്കുപകരിക്കത്തക്ക രീതിയിൽ കൊടുത്തു സഹായിക്കയോ ചെയ്യേണ്ടതാണ്. എല്ലാവരുടേയും സഹകരണം ഉണ്ടെങ്കിൽ ഈ പുരോഗമനപദ്ധതികൾ എല്ലാം സാധിതപ്രായമാക്കിത്തീക്കാവുന്നതും അങ്ങിനെ ഇൻഡ്യയ്ക്കു സാമ്പത്തികമായി ഗണ്യമായ പുരോഗതി പ്രാപിക്കാവുന്നതുമാകുന്നു.

—o—

സഹകരണപംക്തി

# സഹകരണകൃഷി

(തിരുവിതാംകൂർ സഹകരണഇൻസ്റ്റിറ്റ്യൂട്ട്)

വ്യക്തികളായ കൃഷീവലന്മാർ അവരുടെ കൃഷിഭൂമികൾ പ്രത്യേകം പ്രത്യേകമായി വച്ചുകൊള്ളുവാൻ അനുവദിക്കുന്നതുമുതൽ ക്രയവിക്രയങ്ങൾ കൃഷിആയുധങ്ങളുടെ വിനിയോഗം മുതലായവവരെയുള്ള സഹകരണപരിശ്രമങ്ങളേ 'സഹകരണകൃഷി' എന്നു വിവക്ഷിക്കാറുണ്ട്. വേറെ ഭാഷയിൽ പറയുകയാണെങ്കിൽ കൃഷി ഒഴിച്ചുള്ള വിവിധമണ്ഡലങ്ങളിൽ സഹകരണമുണ്ട്. കാർഷികപ്രവൃത്തനങ്ങളിൽ സഹകരണത്തെ വിഭിന്നരീതികളിൽ സംഘടിപ്പിക്കാം. പരിമിതമായ ഒരു തോതിലാണെങ്കിൽ വ്യക്തികളായ കർഷകരുടെ പൊതു ആവശ്യങ്ങളായ വിത്തുവിതരണം, കൃഷിപരിവർത്തനം ജലസേചനം ഈ കാര്യങ്ങൾക്ക് അതു് സ്വീകരിക്കാം. പല കൃഷിക്കാർക്കുമുള്ള കൃഷിഭൂമികൾ ഒന്നിച്ചുചേർത്തു പങ്കാളികളായ കർഷകരുടെ സംയുക്തപ്രയത്നം കൊണ്ട് നടത്തുന്ന ഒരു "കൃഷിയിട"മാക്കുന്നതിന്‌വരെ അതിനെ വിപുലീകരിക്കാം.

സഹകരണകൃഷിയുടെ പര്യായമായി വിവിധോദ്ദേശ സഹകരണത്തെ ഗണിക്കാമോ, എന്നും പ്രത്യേകങ്ങളായ കൃഷിയിടങ്ങൾ ഒന്നിച്ചുചേർത്ത് വലിയതാക്കുന്നതിനെ ആണോ സഹകരണകൃഷി എന്നു പറയേണ്ടതു് എന്നും ആണ് ആദ്യമായി ചിന്തിക്കുവാനുള്ളതു്. രണ്ടും ഒരേ ആശയമാണെന്നു ധരിക്കുന്നതു് അബദ്ധമാണ്. പ്രത്യേകമായ കൃഷിയിടങ്ങളെ സ്വരൂപിച്ചു വിപുലമാക്കുന്നതു് സഹകരണകൃഷിയിൽ ഒരു പ്രമുഖഘടകമായിരിക്കണമെന്നുള്ളതു് നിർബന്ധമാണ്.

വ്യക്തികളുടെ പ്രത്യേക കൃഷിയിടങ്ങൾ ഇല്ലാതാക്കുക സഹകരണകൃഷിയിലും സമഷ്ടികൃഷിസമ്പ്രദായത്തിലും ഉള്ള ഒരു പ്രത്യേകസമാനസ്വഭാവമാണ്. അതുകൊണ്ട് സഹകരണകൃഷിയെപ്പറ്റി പൂർണ്ണമായ ഒരു ജ്ഞാനം ലഭിക്കാൻ അതിനെ വിവിധോദ്ദേശസഹകരണത്തിൽനിന്നും വ്യഷ്ടിതാകൃഷിയിൽനിന്നും വിശദമായി തിരിച്ചറിയേണ്ടതത്യാവശ്യമാണ്. സഹകരണകൃഷിയും വ്യഷ്ടിസമ്പ്രദായത്തിലുള്ള കൃഷിയുംതമ്മിൽ വളരെ ലോലമായ വ്യത്യാസങ്ങളെ കാണാനുള്ളു എങ്കിലും മൂന്നു പ്രധാന വിഷയങ്ങളിൽ അവ തമ്മിലുള്ള അന്തരം സ്പഷ്ടമാകുന്നതാണ്. രണ്ടു സമ്പ്രദായങ്ങളിലും കൃഷിഭൂമി പൊതു പ്രവൃത്തനത്തിലും ഭരണത്തിലും ആണെങ്കിലും സഹകരണകൃഷിയിൽ വ്യക്തികൾക്ക് അവരുടെ ഭൂമിയിലുള്ള ഉടമാവകാശം നഷ്ടപ്പെടുന്നില്ല. അവിടെ ഓരോ വ്യക്തിയ്ക്കും അവന്റെ അവകാശത്തിന്റെ ഓരംശം പുലർത്തിക്കൊണ്ടുപോകാം. ഉടമാവകാശത്തെ അടിസ്ഥാനമാക്കിയുള്ള ആദായവീതത്തിന് അവനു അർഹതയിരിക്കും. ഒരുപക്ഷെ വ്യക്തി തന്റെ ഉടമാവകാശം പ്രത്യേകമായി പുലർത്താതെ അവൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ പ്രത്യേക ഉടമയായും അതു രൂപമെടുത്തെന്നുവരാം. ഉടമാവകാശം പ്രതിഫലം പററി പരിവർജ്ജിക്കുന്നതായാൽ തൽഫലമായുണ്ടാകുന്ന കൂട്ടുകൃഷി സഹകരണകൃഷിയാവുകയില്ല. വ്യക്തിയായോ സമൂഹമായോ ഉടമാവകാശംമൂലം ആദായവീതത്തിനുള്ള അർഹതയുണ്ടോ ഇല്ലയോ എന്നുള്ളതിനെ അടിസ്ഥാനമാക്കിയാണ് സഹകരണകൃഷിയോ വ്യഷ്ടികൃഷിയോ എന്നു നിശ്ചയിക്കേണ്ടതു്. കൃഷിയിടംസ്വരൂപിക്കുന്നതിന്റെ പ്രാരംഭത്തിൽ ഓരോ വ്യക്തിയും നൽകിയിട്ടുള്ള സംഭാവനയെ അടിസ്ഥാനമാക്കിയാണ് ഈ വീതാംശം സാധാരണ നിശ്ചയിക്കാറുള്ളതു്. ഉടമാവകാശത്തിന്റെ ഒരു അംഗീകരണമായി ഇതു് തുടർന്നുവരുന്നു. സാമൂഹ്യഉടമസഹകരണത്തിൽ വളരെ അപൂർവമാണ്. വ്യഷ്ടികൃഷിസമ്പ്രദായത്തിൽ പങ്കാളികൾക്ക് അവരുടെ ജോലിയുടെ തോതനുസരിച്ചുള്ള പ്രതിഫലത്തിനുള്ളവകാശമേയുള്ളൂ.

രണ്ടാമതായിചിന്തിക്കുവാനുള്ളതു് "സമ്മത"ത്തിന്റെ സ്ഥാനത്തെപ്പററിയാണ് ചരിത്രപരമായി വിശേഷിച്ചു റഷ്യൻസമ്പ്രദായത്തെ ഉദാഹരണമാക്കി കൂട്ടുകൃഷി സമ്പ്രദായവും നിർബന്ധപ്രയോഗവുമായി ഘടിപ്പിച്ചു വരുന്നു. എന്നാൽ സമ്മതത്തോടുകൂടിയ സാമൂഹ്യകൂട്ടുകൃഷിയും ആകായ്കയില്ല. സ്വമേധം തത്വത്തിൽ സഹകരണം അധിഷ്ഠിതമാകയാൽ വ്യക്തികളുടെ സമ്മതം അവിടെ പ്രധാനമാണ്. പക്ഷേ രാഷ്ട്രത്തിന്റെ നിശ്ചയത്തിനുൾപ്പെട്ട് ഉടമസ്ഥർക്ക് ലാഭവീതത്തോടുകൂടിയ നിർബ്ബന്ധിതസഹകരണ കൃഷിവിഭാവനം ചെയ്യുന്നതിൽ അസംഭവ്യതയില്ലതാനും.

മൂന്നാമതായിട്ടുള്ളതു് വേലക്കൂലിയാണ്. രണ്ടുസമ്പ്രദായങ്ങളിലുംവ്യക്തികളുടെ ജോലിക്കുള്ള സാമർത്ഥ്യത്തേയും കഴിവിനേയും ജോലിയുടെ തരവ്യത്യാസങ്ങളേയും കൂലിയുടെ വിഷയത്തിൽ പരിഗണിക്കുന്നുണ്ട്. അതുകൊണ്ട് രണ്ടിലും മേൽ പറഞ്ഞ വ്യത്യാസങ്ങൾക്കനുസരണമായി കൂലിയിൽ വ്യത്യാസമുണ്ട്.

സഹകരണകൃഷിയുടെ പ്രധാന ഘടകങ്ങൾ ആകെക്കൂടി നോക്കുന്നതായാൽ (൧) വ്യക്തികളുടെ പ്രത്യേക കൃഷിയിടങ്ങൾ ഒന്നിച്ചു ചേർത്തു ഒരു പുതിയ പ്രവൃത്തന ഘടകമാക്കുകയും (൨) സഹകരണകൃഷിക്കു പങ്കുകാരായി വസ്തുക്കൾ വിട്ടുകൊടുക്കുന്ന വ്യക്തികൾ ഉടമാവകാശക്കാരെന്നുള്ള നിലക്ക് ആദായവീതത്തിനുള്ള അർഹത തുടർന്നുകൊണ്ടു പോവുകയും അതിന്റെ പ്രത്യേക സ്വഭാവമാണെന്നുകാണാം. വ്യക്തികളായ കർഷകർക്കു കൂട്ടുകൃഷിയിൽനിന്നും അവരുടെ വസ്തുവുമായി പിരിഞ്ഞുപോകാമോ വയ്യയോ എന്നുള്ളകാര്യം ഈ നിർവ്വചനത്തിൽ അത്ര പ്രാധാന്യമർഹിക്കുന്നില്ല. ആരെങ്കിലും അങ്ങനെ പിരിഞ്ഞുപോകുന്നെങ്കിൽ അയാൾ അവകാശങ്ങൾ ഒഴിഞ്ഞുകൊടുക്കുന്നതിനു് പര്യാപ്തമായ പ്രതിഫലം നൽകുന്നമെന്നുള്ളതു് അത്യന്താപേക്ഷിതമാണ്. മേൽപറഞ്ഞ രണ്ടു സ്വഭാവങ്ങളിൽ വിവിധോദ്ദേശസംഘങ്ങളുമായിട്ടുള്ള വ്യത്യാസം ആദ്യത്തെതിലും വ്യഷ്ടികൃഷിയുമായിട്ടുള്ള വ്യത്യാസം രണ്ടാമത്തേതിലും ആണെന്നു സ്പഷ്ടമാകുന്നു. സഹകരണകൃഷിക്കു കൂട്ടുകൃഷിയേപ്പോലെ കൂട്ടുചേർന്നിട്ടുള്ളതോ സംയോജിച്ചുള്ളതോ ആയ വസ്തുഭരണവും ജോലിയുടെ ആകെയുള്ള അളവും വിലയും അടിസ്ഥാനമാക്കിയുള്ള വ്യത്യസ്ഥപ്രതിഫലങ്ങളും സമാനസ്വഭാവങ്ങളായുണ്ട്, വ്യഷ്ടികൃഷി യന്ത്രികകൃഷിയാണെന്നു പറയുന്നതു് അബദ്ധമാണ്. എന്നാൽ യന്ത്രസജ്ജമാകുന്നിടത്തോളം പ്രവൃത്തനങ്ങളെ നിർദ്ദിഷ്ടമാതൃകയിലാക്കുകയും ജോലിയെ ദിവസഘടകമായി കണക്കാക്കുക നടപ്പിലാക്കുകയും ചെയ്യാൻ അതു് സഹായിക്കുന്നു.

സഹകരണ കൃഷിയെപ്പററി എല്ലാരാജ്യങ്ങളിലും അംഗീകരിച്ചുവരുന്ന വിധത്തിലുള്ള നിർവ്വചനം മേൽപ്പറഞ്ഞതിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഇൻഡ്യയെ സംബന്ധിച്ചിടത്തോളം രണ്ടുകാര്യങ്ങൾ കൂടെ ചിന്തിക്കുവാനുണ്ട്. ഒന്നാമതായി സഹകരണകൃഷിയുടെ അടിസ്ഥാനഘടകം "എന്താണ്?" അടുത്തടുത്തു കിടക്കുന്ന കൃഷിഭൂമികളുടെ ഉടമസ്ഥരായ വ്യക്തികൾ ഒന്നിച്ചുചേരുമെന്നു വിചാരിക്കാമോ? ഘടകം ഒരു ഗ്രാമമായിരിക്കണമോ? അതിനെക്കാൾ വിസ്തൃതിയുള്ള സ്ഥലം ആവശ്യമാണോ? ഈ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാമെന്നു വരികിലും സഹകരണകൃഷിക്കോ ഗ്രാമോദ്ധാരണത്തിനോ സാമാന്യഘടകം ഒരു ഗ്രാമമായിരിക്കണമെന്നുള്ള അഭിപ്രായത്തിനു് ഭൂരിപക്ഷാനുകൂല്യം ഉണ്ട്. അതിൽച്ചെറിയ ഘടകങ്ങൾ അസ്ഥിരങ്ങളും സാമ്പത്തികമായും സംഘടനാപരമായും തീരെ അപര്യാപ്തങ്ങളും ആയിരിക്കും. രണ്ടാമതായി ചിന്തിക്കുവാനുള്ളതു് കൃഷി പുനരുദ്ധാരണത്തിനു് സഹകരണകൃഷികൊണ്ടുമാത്രം ഫലസിദ്ധിയുണ്ടാകുമോ എന്നാണ്. ഒരു ഗ്രാമത്തിലെ കൃഷിമാത്രം സഹകരണപരമായി സംഘടിപ്പിച്ചതുകൊണ്ടായില്ല. ഗ്രാമീണപ്രശ്നത്തിന്റെ പ്രമുഖാംശം കൃഷിയാണെന്നുവരികിലും നമുക്കു നമ്മുടെ ലക്ഷ്യത്തെ വിപുലതരമാക്കി സകല ഗ്രാമവിഭവങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. മനുഷ്യർ ജന്തുക്കൾ ഭൂമി എന്നുവേണ്ട സാമുദായികജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും ആ ആശയത്തെ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. മറപ്രകാരത്തിൽ പറയുകയാണെങ്കിൽ സഹകരണകൃഷി, സഹകരണഗ്രാമഘടനയുടെ ഒരു പ്രമുഖാംശം മാത്രമാണെന്നു മനസ്സിലാക്കണം. സഹകരണകൃഷി എന്ന ആശയം ഏകീകൃത ഗ്രാമഭരണം എന്ന ആശയമായി വ്യാപിക്കുന്നു. അതിൽ സഹകരണകൃഷിയുടെ പ്രാധാന്യം ഉൾപ്പെടുന്നതിനു പുറമെ ഗ്രാമത്തിന്റെ മൗലികപ്രാധാന്യത്തെ വ്യക്തമാക്കുകയും സാമുദായികവും സാമ്പത്തികവുമായ ജീവിതത്തിൽ ഒരു പൊതു സംഘടനയുടെ ആവശ്യകതയെ സുശക്തം പ്രഖ്യാപിക്കുകയും ചെയ്യുന്നു. പ്രയോഗം പുത്തനെന്നുമാത്രമല്ല അതിനു് ഒരു പുതിയ നാദംതന്നെയുണ്ട്. ഇൻഡ്യയുടെ ഗ്രാമീണപുനരുദ്ധാരണപരിപാടിയുടെ മോഹനചിത്രം രചിക്കുന്ന വിവിധവർണ്ണങ്ങളുടെ സമ്മേളനത്തെ ശരിയായും സൂക്ഷ്മമായും ഉല്ലേഖനം ചെയ്യുന്നതിനുള്ള കഴിവും അതിനുണ്ട്. ഈ രാജ്യം മുഴക്കെയുള്ള ഗ്രാമീണസമുദായക്കെട്ടുപാടിന്റെ ചരിത്രപരമായ പരിവർത്തനത്തിനു അതു് അനുഗുണവുമാണ്.

—ം—

# മാനസാന്തരം

മുത്തൂർ നാരായണപിള്ള

ആതിരാനിശാരംഭം; പൂനിലാവെളിപ്പൂശി
ഭൂതി ഭൂഷിതമാകുമങ്കണവെള്ളിത്തിര
പൂതമറുമിളങ്കുളിർതെന്നലിലിളകിയ
മാധവീലതയുടെ മംഗളനൃത്യച്ഛായ
ഉരവേ കളവാണിമാരുടെ മധുരഗാ-
നാരവ,മങ്ങോട്ടായിപ്പോകുന്ന നാരീവൃന്ദം
ഏകാന്തഗൃഹഭർത്രി, പ്രൗഢയാം വിഭർത്തൃക
ശോകാന്ധമനോരാജ്യസഞ്ചാരനിരതപോൽ.
പാല്ക്കാരിവിളിച്ചോതി "കൊച്ചമ്മേ പാലില്ലിന്നു
വില്ക്കാനുമറയ്ക്കാനും വേണ്ടെന്നെൻകാമധേനു."
മൂന്നുരുപറഞ്ഞിട്ടു കേട്ടില്ലാമാതാവിതു
പിന്നെയുമരിയാടി ഖിന്നയാംപാല്ക്കാരിസ്ത്രീ
"കൊച്ചമ്മേ പാലില്ലിന്നു മൂശേട്ടപ്പെട്ടചതിച്ചു
കൊച്ചുകുഞ്ഞുറങ്ങിയോ? ചേച്ചിയുമായിപ്പോയോ?
തൂർണ്ണയോടകിടിന്മേൽമുട്ടുന്ന കിടാവിനെ
തീക്ഷ്ണവൈരാഗ്യം തള്ളിമാറുന്നു തള്ളപ്പശു
പുല്ലൂട്ടിലൊരുക്കിയ നല്ലിളങ്കറുകയിൽ
നോക്കുന്നില്ലവൾ, കഞ്ഞിയപ്പാടെയിരിക്കുന്നു."
ഇവമോടഥ കഥാശേഷവും ചെവിക്കൊൾവാൻ
വെമ്പിയാമുഗ്ദ്ധഭാമിനി; പാല്ക്കാരി തുടർന്നോതി

"അമരുന്നില്ലെൻനോക്കിലമരുമതുച്ചത്തിൽ
ക്രമക്കേടിതുകണ്ടു കെട്ടൊട്ടൊന്നയയ്ക്കവേ
പാഞ്ഞുപോയ് മറിഞ്ഞെങ്ങോ പണ്ടാര,മെവിടെച്ചെ-
ന്നീഞ്ഞാനീരാവിൽത്തേടിക്കാണുമപ്പിശാചിനെ!"
ശാപവാക്ശരംമുട്ടി പാപേച്ഛാഗ്രസ്ഥപൊട്ടി
സ്വല്പമുൾബോധംകിട്ടിച്ചൊല്ലിനാൾ കുലവതി
"ഈവഴിതന്നേനിന്റെ പൂവാലിപറന്നതാ-
ത്തേവന്റെ കുളക്കൂട്ടിലുണ്ടിനിപ്പോരും ചെല്ലു"
"വായടക്കാതെനിന്നുകേഴുന്ന പൈക്കുട്ടി
വായനയില്ലേഇന്നു? പാട്ടിനുപോയോതക്കം?
കുട്ടനെങ്ങുറങ്ങിയോ? കുഞ്ഞിന്റെകഥയോർത്തും-
ത്തട്ടെനിയ്ക്കുലയുന്നു, നോക്കട്ടെ പയ്യിനെഞാൻ"
പാവമീമൊഴിയൊന്നുംകേട്ടില്ല ഹൃദയത്തിൽ
പാവനമൊരുവിദ്യുദ്ദീപമുജ്ജ്വലിക്കയാൽ
"പാലിനായ്ക്കേണെ പിഞ്ചുപൈതലിൻതുടക്കാമ്പിൽ
പാഴ്ക്കനുപതിച്ചുഞാൻ പയ്യിനെക്കാളുംകഷ്ടം!!
വിസ്മയം സ്മരനിന്റെ മാസ്മരമന്ത്രംമൂലം
വിസ്മൃതാസ്മൽധർമ്മം ഭസ്മംമത്പുത്രസ്നേഹം"
ഏങ്ങിക്കൊണ്ടുറങ്ങുന്ന പൈതലിൻചാരത്തെത്തി
മങ്ങിയവെളിച്ചത്തിൽ ചുംബിച്ചാൾ വീണ്ടുംവീണ്ടും.
വാടിയചെന്തളിർപോലെ കണ്ണീരാൽനനയ്ക്കയായ്;
തേടിപ്പാൽപാത്രംപേറിയോടിനാളതിവേഗം.
'തീണ്ടായ്കെൻഗൃഹോപാന്തം,ചണ്ഡാല,ഖ്ളരെ,സ്ത്രീഘ്ന്നം'
മണ്ടിയീവാക്കമ്പോററ കീചകനെതിർവന്നോൻ.

കണിച്ചുകുളങ്ങര

മഹോത്സവം

കുംഭം 6-ം 7-ം തീയതികളിൽ

വിവിധകലാപ്രകടനങ്ങൾ

വേലപടയണി, ഗരുഡൻതൂക്കം, വെടിക്കെട്ട്, ദീപക്കാഴ്ച, ഇവ പൂർവാധികം ഭംഗിയായി നടത്തുന്നതാണ്. ദീപക്കാഴ്ചയ്ക്കു് ചന്ദനത്തിരി ഉപയോഗിക്കുവാൻപാടില്ല. ചേർത്തല, ആലപ്പുഴ ഈ സ്ഥലങ്ങളിൽനിന്നും സ്പെഷ്യൽബസ്സ് സർവീസ് ഉണ്ടായിരിക്കുന്നതാണ്.

ഐ. രാമൻ

ലേ: പ്രസിഡന്റ്.

ശ്രീകൃഷ്ണകഥാവർണ്ണനം

—ം—

ഭക്തന്മാർക്കും സാഹിത്യരസികന്മാർക്കും ഉപയുക്തമായ ഈ ഗ്രന്ഥം ശ്രീകൃഷ്ണഭഗവാനെപ്പററിയുള്ള സുപ്രസിദ്ധ കവിതകൾകൊണ്ട് അലംകൃതമാണ്.

വില ണ 15

—ം—

ഹിന്ദീ സ്വയംശിക്ഷക്

—ം—

പരസഹായംകൂടാതെ ഹിന്ദി പഠിക്കാവുന്ന ഒരു ഉത്തമഗ്രന്ഥം

വില രൂ. ൧. ണ. ൮.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

FREE!

A HIGHLY INFORMATIVE BOOKLET ON LOSS OF

SEX-VIGOUR

and VITALITY

WRITE TO THE MANAGER

DARUL SHAFA QOLIAN (Regd)

BATALA (Punjab)

# അമേരിക്കയിലെ നീഗ്രോ

(ഒന്നാംപേജിൽനിന്നും തുടർച്ച)

വാഷിംഗ്ടണിൽനിന്നു തെക്കൻനാട്ടുകളിലേക്കുള്ള തീവണ്ടി നീങ്ങാറായി. "നീഗ്രോകൾ സൈഡ്കാറുകളിലേക്കു പോകുക" എന്നു കണ്ടക്ടർ വിളിച്ചു പറയുന്നതു കേൾക്കാം. വെള്ളക്കാർ കയറിയ വണ്ടികളിൽനിന്നു നീഗ്രോവർഗ്ഗക്കാർ ഇറങ്ങിക്കഴിയുന്നതുവരെ അയാൾ അതു വിളിച്ചുപറഞ്ഞുകൊണ്ടിരിക്കും. നീഗ്രോകൾക്കു പ്രത്യേകം ഒരു കമ്പാർട്ടുമെൻറ് ആ ട്രെയിനിൽ ഘടിപ്പിച്ചിട്ടുണ്ട്.

വെയിററിംഗ്റൂം നീഗ്രോയ്ക്കു പ്രത്യേകമാണ്, വൃത്തിഹീനമായവ. വെള്ളക്കാർക്കു സുഖമായി വിശ്രമിക്കുന്നതിനു വേണ്ട സജ്ജീകരണങ്ങളോടുകൂടിയ വൃത്തിയുള്ള വിശ്രമമുറികളുണ്ട്.

"നീഗ്രോകൾക്കു പ്രത്യേകം വിശ്രമമുറി ഏർപ്പെടുത്തിയിരിക്കുന്നതെന്താണ്?" എന്ന് ഒരു സഹയാത്രക്കാരനായ അമേരിക്കനോടു ഞാൻ ചോദിച്ചു. ഈ ചോദ്യം അയാളിൽ അത്ഭുതമാണു ഉദിപ്പിച്ചതു. എന്തു? നീഗ്രോകൾ ഞങ്ങളുടെകൂടെ യാത്രചെയ്യുകയെന്നോ? അവർ വൃത്തികെട്ടവരും അപരിഷ്കൃതരുമാണ്. അവരെ നാറും!

## പുതിയ അനുഭവം

നീഗ്രോകളിൽ അധികവും വൃത്തിയില്ലാത്തവരാണെന്നുള്ളതു പരമാർത്ഥമാണ്. വെള്ളക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ അവർ സാംസ്കാരികമായി ദരിദ്രരുമാണ്. അവൻെറ വൃത്തിവിഹീനതയ്ക്കു കാരണം അമേരിക്കയിലെ ഒരു സാമാന്യനീഗ്രോയുടെ വസതിയിൽ ഒരു കുളിമുറിപോലുമില്ലെന്നുള്ളതാണ്.

അമേരിക്കരുടെ അഭിമാനമായി പുകഴ്ത്തപ്പെടുന്ന ന്യൂയോർക്കുനഗരത്തിലെ ചില നീഗ്രോഭവനങ്ങൾ ഒരു സ്നേഹിതനുമൊന്നിച്ച് ഒരിക്കൽ ഞാൻ സന്ദർശിച്ചു. അതു എൻെറ ജീവിതത്തിലെ ഒരു പുതിയ അനുഭവംതന്നെയായിരുന്നു. വെള്ളക്കാരുടെ ഭവനങ്ങളിൽ ചൂടുവെള്ളവും പച്ചവെള്ളവും ഇരുപത്തിനാലുമണിക്കൂറും ലഭിക്കുന്നതിനും മുറികൾ ചൂടാക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ സുലഭമാണെങ്കിൽ ഇവിടത്തെക്കഥ നേരെമറിച്ചാണ്. ഇവിടെ കുളിമുറിയില്ലാത്ത വീടുകൾ; ഒററമുറിയിൽ അഞ്ചും ആറും പേർ ഒരുമിച്ചു കഴിച്ചുകൂട്ടുക; ഒരൊററടാപ്പിൽനിന്നു അനേകം പേർ ഭക്ഷണം തയാറാക്കുന്നതിനു വേണ്ട വെള്ളം എടുക്കണം!

അർക്കാൻസാസ് എന്ന സ്റ്റേററിൽ ബസ്സുകളിൽ വെള്ളക്കാർ ഇരിക്കുന്ന ഭാഗത്തു നീഗ്രോ ഇരിക്കാൻ പാടില്ല. തെക്കൻസ്റ്റേററുകളിൽ പലതിലും ടെലഫോൺ ഡയറക്ടറികളിൽപോലും വർഗ്ഗവിവേചനം പ്രദർശിപ്പിച്ചുകാണുന്നു. നീഗ്രോകളും വെള്ളക്കാരുമായി ആ നാടകങ്ങളിൽ കായികവിനോദങ്ങളിലോ ഗുസ്തിയിലോ ഏർപ്പെടാൻ പാടില്ല. രണ്ടു വർഗ്ഗക്കാരും ഒരേ ദൈവത്തിൻെറ പേരിലാണു സത്യവാചകം ചൊല്ലുന്നതെങ്കിലും കോടതികളിൽ പ്രത്യേകം വേദപുസ്തകങ്ങൾ ഇരുവർഗ്ഗക്കാർക്കുമായി സൂക്ഷിക്കപ്പെടുന്നു. ഒരു നീഗ്രോ ഒരിക്കൽ തൊട്ടിട്ടുള്ള സത്യവേദപുസ്തകം വെള്ളക്കാരനായ ഒരു ക്രിമിനൽപുള്ളി സ്പർശിക്കയില്ല.

ഫ്ളോറിഡാ, കെൻറക്കി, ഓക്കലഹോമ, ടെന്നസ്സീ ഈ സ്റ്റേററുകളിലെ സ്കൂളുകളിൽ രണ്ടു വർഗ്ഗങ്ങളിലെയും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതു കുററകരമാണെന്നാണു നിയമം. നീഗ്രോവിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ളതായി കണ്ടാൽ ഹെഡ്മാസ്റ്ററും അദ്ധ്യാപകന്മാരും അറസ്റ്റുചെയ്യപ്പെടുന്നതാണ്.

അമേരിക്കയിലെ ചില സ്റ്റേററുകളിൽ നിർബന്ധിതവും സൌജന്യവുമായ വിദ്യാഭ്യാസം നൽകപ്പെട്ടുവരുന്നുണ്ട്. ഗവണ്മെൻറിൽനിന്നു വിദ്യാർത്ഥികൾക്കു സൌജന്യമായി പുസ്തകങ്ങൾ വാങ്ങിക്കൊടുക്കുന്ന പതിവു ഈ സ്റ്റേററുകളിൽ നടപ്പിലുണ്ട്. എന്നാൽ ഒരു നീഗ്രോവിദ്യാർത്ഥി ഉപയോഗിച്ച ഒരു പുസ്തകം ഒരു വെള്ളക്കാരനായ വിദ്യാർത്ഥിക്കു ഉപയോഗിക്കാവുന്നതല്ല. ഇതു നിയമമാണ്. വടക്കൻ സ്റ്റേററുകളിൽ ഇപ്രകാരമല്ല. ലൂസിയാനായിൽ കെട്ടിടം ഉടമസ്ഥന്മാർ നീഗ്രോകൾക്കു മുറികൾ വാടകയ്ക്കു കൊടുക്കാൻ പാടില്ല. ഫ്ലോറിഡായിൽ ഒരു വെള്ളക്കാരൻ നീഗ്രോവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതു ശിക്ഷിക്കാവുന്ന ഒരു കുററമാണ്.

ഐക്യനാടുകളിലെവിടെയും നീഗ്രോയുടെ പരാതി അവർക്കു ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ശുചീകരണവ്യവസ്ഥകളുടെ അപര്യാപ്തതയെപ്പററിയും, വെള്ളക്കാർ അവരോടു അനുവർത്തിക്കുന്ന വർഗ്ഗവിവേചനനയത്തെപ്പററിയുമാണ്.

ഉത്തരനാടുകളിലെ ജനങ്ങൾ നീഗ്രോകളോടു കുറെക്കൂടി ഉദാരമായാണു പെരുമാറിവരുന്നതെങ്കിലും, ബസ്സിലും തീവണ്ടിയിലും വർഗ്ഗവിവേചനം പ്രദർശിപ്പിക്കാറില്ലെങ്കിലും, അവിടെയും നീഗ്രോകൾക്കു നിരോധിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഉണ്ട്. ഉദാഹരണമായി താഴെപ്പറയുന്ന സംഭവം നോക്കുക. സുപ്രസിദ്ധയായ ഒരു ഗായികയാണു മരിയാൻ ആൻഡേഴ്സൺ. രാജ്യത്തിൻെറ നാനാഭാഗങ്ങളിലും അവരെ ആരാധിക്കുന്നവരായി ആയിരക്കണക്കിനു സംഗീതഭ്രമക്കാരുണ്ട്. "വിപ്ലവപുത്രിമാർ" എന്ന സംഘത്തിൻെറ ആഭിമുഖ്യത്തിൽ സംഗീതക്കച്ചേരി നടത്തുന്നതിനു വാഷിംഗ്ടണിലേക്കും, ന്യൂയോർക്കിലേക്കും അവർ ക്ഷണിക്കപ്പെട്ടു. സുന്ദരിയായ ആ സംഗീതവിദുഷി വാഷിംഗ്ടണിലെത്തിയപ്പോൾ മാത്രമാണു അവർ നീഗ്രോവർഗ്ഗത്തിൽ പെട്ടവളാണെന്നു ഭാരവാഹികൾ ഗ്രഹിച്ചതു. നീഗ്രോവർഗ്ഗക്കാരെ വെള്ളക്കാരുടെ വക ഹാളിൽ പാടുന്നതിനു അനുവാദമില്ലെന്നുള്ള കാരണത്തിന്മേൽ "വിപ്ലവപുത്രിമാർ" അവർക്കു നിരോധനാജ്ഞ നൽകി. മിസ്സിസ് ട്രൂമാൻ, മിസ്സിസ് റൂസ്വെൽട്ടു എന്നീ മഹതികളും ഈ സംഘത്തിൽ അംഗങ്ങളാണെന്നുള്ള വസ്തുത ഇവിടെ പ്രസ്താവ്യമാണ്. മിസ്സിസ് റൂസ്വെൽട്ട് തൻെറ സ്ഥാനം രാജികൊടുത്തു. മിസിസ് ട്രൂമാൻ സ്ഥാനം രാജി വച്ചില്ല.

നീഗ്രോയുടെ ക്രയശക്തി തുലോം താണതാണ്. ഡാക്ടന്മാർക്കു കൊടുക്കുന്നതിനുപോലും പണം അവനില്ല. അവൻ അത്രയ്ക്കു താഴ്ത്തപ്പെട്ടവനാണ്, അമേരിക്കയിൽ അവനു പത്തുവയസ്സു തികഞ്ഞാൽ ചെരുപ്പുമിനുക്കുന്ന ജോലിയുമായി അവൻ തെരുവിൽ ഇറങ്ങുന്നു. ഇരുപതോ മുപ്പതോ ആയാൽ വെയിററോ, ഗഫ്ററുകാരനോ, ഡ്രൈവറോ ആകും. അവൻെറ അവശതകൾ ഇന്നു നീഗ്രോ മനസ്സലാക്കിത്തുടങ്ങിയിട്ടുണ്ട്. വെള്ളക്കാർക്കു അതറിയാം. നീഗ്രോയെ അമർത്തിവച്ചുകൊണ്ടിരിക്കാൻ ഇനിമേൽ സാധിക്കയില്ലെന്നു അവർക്കറിയാം.

അമേരിക്കയിൽ ഇന്നു രണ്ടു ചിന്താഗതിയാണുള്ളതു. ഒന്നു നീഗ്രോകളുടെ അവകാശങ്ങൾക്കായി പോരാടുന്നവരായ പാലസ്, റൂസ്വെൽട്ട് എന്നിവരും അനേകസഹസ്രം സർവ്വകലാശാല വിദ്യാർത്ഥികളും പ്രതിനിധീകരിക്കുന്നതു. നീഗ്രോകളെ അമർച്ചചെയ്തു താഴ്ത്തിവച്ചുകൊണ്ടിരിക്കണമെന്നു ആഗ്രഹിക്കുന്ന ഹേഴ്സററ്, റോക്കഫെല്ലർ, ഫോർഡ് മോർഗൻ എന്നിവരുടേതും. ഈ രണ്ടു ചിന്താഗതിയും തമ്മിൽ ഒരു സംഘട്ടനം വിദൂരമല്ല. ഇതിൽനിന്നു അമേരിക്കൻപൌരന് അവൻെറ നാട്ടിലുണ്ടായിരിക്കേണ്ട അഭിമാനവും അന്തസ്സും നേടിയ സ്വതന്ത്രനായ നീഗ്രോ സംജാതനാകും.

(പകർപ്പവകാശം എൻ. പി. എസ്.)

—o—

# തെക്കൻ പയററ്

(൧൩-ാംപേജിൽനിന്നും തുടർച്ച)

പ്പോൾ വാര്യർ ചാലക്കുടിയിൽച്ചെന്നു നടുവംമഹനോടുതന്നെ മേല്പടി നോട്ടുപുസ്തകം വാങ്ങിച്ചുകൊണ്ടുപോയതായി നടുവം മഹൻ പിന്നീടൊരിയ്ക്കൽ എന്നോടു പറകയുണ്ടായിട്ടുണ്ട്."

ശ്രീ. പി. വി. കൃഷ്ണവാര്യർ മരിച്ചുപോയിഎന്ന വിശ്വാസം വെച്ചുകൊണ്ടാണ് മി. ഉണ്ണി ഇതൊക്കെ എഴുതിയിരിക്കുന്നതു. എന്നാൽ ഭാഗ്യവശാൽ ശ്രീ. കൃഷ്ണവാര്യർ പത്തെഴുപതു വയസ്സായവർക്കു പ്രതീക്ഷിക്കാവുന്നിടത്തോളം സ്വാസ്ഥ്യത്തോടുകൂടി ഇന്നും ജീവിച്ചിരിക്കുന്നു—ഇനിയും അനേകമാണ്ടു ജീവിച്ചിരിക്കുമാറാകട്ടെ! അദ്ദേഹത്തിൽനിന്നു ഞാനാശ്ലോകങ്ങളാവശ്യപ്പെട്ടുകൊണ്ടു എഴുതിയ കത്തിനു കിട്ടിയ മറുപടി ഇതാണ്. "........കഴിഞ്ഞ രണ്ടു വ്യാഴവട്ടത്തിനുള്ളിൽ മി. ഉണ്ണി എനിക്കു ഒരു കത്തും, അയച്ചിട്ടില്ലെന്നു ശപഥം ചെയ്യാം!........ കുഞ്ഞിക്കുട്ടൻതമ്പുരാൻെറ ഒരു പദ്യഖണ്ഡം—അതെന്തായിരുന്നാലും—കിട്ടിയാൽ അതിനു വേണ്ടുന്ന പ്രകാശനം വരുത്തുവാൻ പാടുപെടുന്ന ഞാനുണ്ടോ, ശാകുന്തളം കിട്ടിയാൽ വെറുതെ വിടുന്നു? നടുവംമഹൻ മരിച്ചാലും, ആ നോട്ടുബുക്കിൽ ഇങ്ങനെയൊന്നുണ്ടെങ്കിൽ, ഇന്നും അന്വേഷിച്ചാൽ അതു കിട്ടും. തമ്പുരാൻെറ പല കൃതികളും നടുവം എനിയ്ക്കയച്ചുതന്നിട്ടുണ്ട്. ശാകുന്തളം തർജ്ജമയുള്ള വിവരം ശബ്ദിച്ചിട്ടേഇല്ല. 'ആരാൻെറ അപരാധം വാര്യൻെറ തലയ്ക്കു'എന്നു കേട്ടിട്ടേഉള്ളൂ........"

കുഞ്ഞിക്കുട്ടൻതമ്പുരാൻ തൻെറ ജീവിതകാലത്തു ചെന്നേടത്തൊക്കെ വിതറിയിട്ടുപോയ പലപല കൃതികളും തേടിപ്പിടിച്ചു വാല്യംവാല്യമായി അച്ചടിച്ചുപ്രസിദ്ധീകരിച്ചുപോന്നആളാണ് ശ്രീ. പി. വി. കൃഷ്ണവാര്യർ. അതിലദ്ദേഹത്തെ, തമ്പുരാൻെറ മററു സഹചരന്മാരെന്നപോലെ, നടുവംമഹനും സഹായിച്ചിരിക്കുമെന്നതിൽ സംശയിപ്പാനില്ല. എന്നിട്ട്, മി. ഉണ്ണിമുഖേന വേണ്ടിവന്നു, ആ ശകുന്തളതർജ്ജമകൾ വാര്യർക്കു കിട്ടാൻ എന്നുവരികതന്നെ അസംഭാവ്യം; അതു കിട്ടിയിട്ടും, കൃഷ്ണവാര്യർ അതു പ്രസിദ്ധീകരിക്കാൻ കൂട്ടാക്കാതെ, ചാലക്കുടിയിൽ ചെന്ന് ആ നോട്ടുപുസ്തകംതന്നെ വാങ്ങിക്കൊണ്ടുപോന്ന് ഇന്നോളം (ഇന്നു) പുറത്തു വിടാതെ സൂക്ഷിച്ചുവെന്നതു അതിലുമധികം അസംഭാവ്യം.

അതല്ല, കൃഷ്ണവാരിയർ ആ ശാകുന്തളതർജ്ജമയെ സമൂലം പറിച്ചെടുത്തു പൂഴ്ത്തിവെച്ചിരിക്കയാണെന്നു തന്നെ വിചാരിക്കുക, വല്ലൊരു പ്രയോജനവും കരുതിയാവണമല്ലോ. അതെന്താവാം? കേരളശാകുന്തളം പിഷാരോടിതന്നെയാണ് തർജ്ജമചെയ്തതെന്നു കാണിക്കുന്ന ആ ഒന്നാംതരം തെളിവു പൂഴ്ത്തിവെച്ചാൽ, കേരളശാകുന്തളത്തെ സംബന്ധിച്ച ആ കിംവദന്തിനിലനിന്നുകൊള്ളുമെന്നുവച്ചിട്ട് എന്നാവാം മി. ഉണ്ണിവിവക്ഷിക്കുന്നതു. എന്തുകൊണ്ടെന്നാൽ, കൃഷ്ണവാരിയരെഴുതിയ ഒരു ലേഖനത്തിൽ കേരളശാകുന്തളത്തിൻെറ കർത്തൃത്വത്തെ സംബന്ധിച്ച് 'അല്പം സംശയമുണ്ടെന്നു ധ്വനി'പ്പിച്ചു എന്നു മി: ഉണ്ണി അന്യത്ര ആവലാതിപ്പെടുന്നുണ്ട്. എന്നാൽ, ആറൂരാണ് കേരളശാകുന്തളപ്രണേതാവെന്നു വരുന്നതിൽ വിരോധമുള്ള ആളോ വാങ്ങിയ പുസ്തകം തിരിച്ചു കൊടുക്കാത്ത ആളോ അല്ല മി. പി.വി. കൃഷ്ണവാരിയരെന്ന് ശ്രീ.ആററൂർ താൻതന്നെ പ്രസ്തുതമായ മറുപടിയിൽ തുറന്നു പറഞ്ഞിട്ടുണ്ട്. "ഈ വാദകോലാഹലകാലത്തു പി. വി. കൃഷ്ണവാരിയർ സൂക്ഷ്മമറിവാനായി ഇവിടെ വരികയും, ഞാൻ ൧൦൭൬-൧൦൭൭ കാലത്തു ശാകുന്തളശ്ലോകങ്ങൾ മാത്രം ക്രമത്തിൽ ഓരോന്നായി തർജ്ജമചെയ്ത് അക്കാലത്തെ അലക്കാൻ കൊടുത്ത കണക്കു പുസ്തകത്തിൽ തിരിച്ചും മറിച്ചും വെട്ടിയും തിരുത്തിയും എഴുതിവെച്ചിരുന്ന കരടു പകർപ്പു നോക്കി, അതു സഞ്ജയനെ കാണിക്കാനാണെന്നു പറഞ്ഞു വാങ്ങിക്കൊണ്ടു പോകയും, കുറച്ചു കാലത്തിനു ശേഷം തിരിച്ചയച്ചു തരികയും ഉണ്ടായിട്ടുണ്ട്." കൃഷ്ണവാരിയർ ആ പുസ്തകം ഇവിടെ മാതൃഭൂമി ആഫീസ്സിൽ കൊണ്ടുവന്നു സഞ്ജയനും മററും കാണിച്ചു കൊടുത്തതായി ഞാൻ പറഞ്ഞു കേട്ടിട്ടുമുണ്ട്.

അതുകൊണ്ട് മി: ഉണ്ണി പറയുന്ന ഈ അപഹരണ കഥ 'മൂക്കു കീഴ്പോട്ടായ'വർക്കും വിശ്വസിക്കുക സാദ്ധ്യമല്ല. കുഞ്ഞിക്കുട്ടൻ തമ്പുരാനു ശ്ലോകമുണ്ടാക്കാനറിഞ്ഞുകൂടാ എന്നു പറയുന്നതുപോലെ അവിശ്വാസ്യമാണ്, അദ്ദേഹത്തിൻെറ ഒരു കവിത കൃഷ്ണവാരിയർ പൂഴ്ത്തിവെച്ചു എന്നു പറയുന്നതു.

മി: ഉണ്ണിയുടെ ഈ അപൂർവ്വകഥയിലുള്ള ഭാവനാശക്തിയെക്കൂടി നമുക്കൊന്നു പരീക്ഷിക്കാം; ഒന്നാമതു, കോഴിക്കോട്ടുനിന്നു പുറപ്പെടുന്ന മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കാനുദ്ദേശിച്ച ആ ശ്ലോകങ്ങൾ മാതൃഭൂമി പത്രാധിപർക്കല്ലാതെ, കോട്ടയ്ക്കലുള്ള കൃഷ്ണവാരിയർക്കയച്ചുകൊടുത്തതിലെ ബുദ്ധിയെന്തു? കൃഷ്ണവാരിയരുടെ ആ സംശയംതീർക്കാൻ എന്നാണെങ്കിൽ, അതു മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചുകണ്ടാൽ മറെറല്ലാവരുടെയുമെന്നപോലെ കൃഷ്ണവാര്യരുടെയും സംശയം തീർന്നുകൊള്ളുമല്ലോ. രണ്ടാമതു "കേരളശാകുന്തളം പിഷാരോടിതന്നെയാണ് തർജ്ജമചെയ്തതെന്നു" കാണിപ്പാൻ ഏകാന്തശ്രദ്ധയുള്ള മി: ഉണ്ണി, അതിലേക്കുള്ള ആ 'ഒന്നാംതരം തെളിവു' കയ്യിൽ കിട്ടിയിട്ട്, അതിൻെറ ഒരു പകർപ്പെടുത്തു കരുതുകയോ ശ്രീ:ആററൂരിനയച്ചുകൊടുക്കുകയോ ഒന്നും ചെയ്യാതെ, കിട്ടിയപാടെ കൈവിട്ടുകളഞ്ഞതിലെബുദ്ധിയെന്താണ്? മൂന്നാമതു. ആ അയച്ചുകൊടുത്ത ശ്ലോകങ്ങൾ യഥാകാലം പ്രസിദ്ധീകരിച്ചുകാണാഞ്ഞിട്ടും അതിനെപ്പററി ഒരന്വേഷണവും നടത്താതെ, നടുവംമഹൻ മരിച്ചുപോകയും കൃഷ്ണവാര്യർ മരിച്ചുപോയി എന്നു വിശ്വസിക്കാനിടയാകയും ചെയ്ത ഈ കാലംവരെ മി: ഉണ്ണി ഒന്നുമിണ്ടാതിരുന്നതിലെ ബുദ്ധിയെന്താവാം?

അപ്പോൾ ഇതിലെല്ലാററിൽനിന്നുംകൂടി ഊറിവരുന്നതു്, 'മരിച്ചുപോയവരുടെ പേരിൽ എന്തു പച്ചക്കള്ളം പറഞ്ഞാലും അവർ നിഷേധിക്കാൻ വരില്ലല്ലോ എന്ന ധൈര്യത്തിന്മേൽ, കൃഷ്ണവാര്യർ ആ 'അല്പസംശയം ധ്വനിപ്പിച്ചതി'ലുള്ള പകവീട്ടുവാൻവേണ്ടി, മി: ഉണ്ണി കെട്ടിച്ചമച്ചതല്ല ഈ കഥയെന്ന് എങ്ങിനെ വിശ്വസിയ്ക്കാം? ആരെങ്കിലും ഒന്നുപറഞ്ഞുതരൂ, എങ്ങിനെ വിശ്വസിയ്ക്കാം?

അങ്ങിനെ, നടുവംമഹൻെറ നോട്ടുപുസ്തകത്തിൽ ഇരുപത്തിമൂന്നു ശ്ലോകം കണ്ടു എന്നതുമുതൽ മി. ഉണ്ണി പറയുന്നതിലൊന്നും വല്ല സത്യലേശവുമുണ്ടായെന്നു സംശയിക്കേണ്ടിയിരിക്കെ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ ശാകുന്തളം തർജ്ജമചെയ്തിട്ടേ ഇല്ലെന്നു ശ്രീ: ആററൂരിൻെറ പ്രസ്താവന സത്യമാവാം; അപ്പോൾ കേരളശാകുന്തളം ആററൂരിൻേറതുതന്നെയാണെന്നു വരികയും ചെയ്യാം. അതു പറയുന്നതും ശ്രീ: ആററൂർതന്നെയാണല്ലോ എന്നൊരു വൈകല്യമേ ഉള്ളൂ! പിന്നെ അദ്ദേഹത്തെ താങ്ങിപ്പറവാനുള്ളവർ ഡി. പത്മനാഭനുണ്ണി എം. ഏ. അവർകളെപ്പോലുള്ളവരും!

'മലയാളരാജ്യ'ത്തിലെ ആ 'തെക്കൻ പയററുകാരൻ' പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഏ. ഗോപാലമേനോൻ എം. ഏ. ബി. കോം. അവർകളുടെ ഒരു സാക്ഷ്യപത്രം രേഖപ്പെടുത്തിയതുകൊണ്ടും മഹാരാജാവു തിരുമനസ്സിലെ നാമധേയമുദ്ധരിച്ചതുകൊണ്ടും മററും എന്തുസാധിച്ചു എന്ന് എനിക്കു മനസ്സിലായില്ല. തൃശ്ശിവപേരൂരിലെ ആ കിംവദന്തി പറയുന്നതുപോലെയാണെങ്കിലും, ശ്രീ:ആററൂർ ആ ശ്ലോകങ്ങൾ തൻേറതാണെന്നു ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുമല്ലോ.

—o—

## അറിയിപ്പ്

അഭിപ്രായത്തിനു അയയ്ക്കുന്ന പുസ്തകങ്ങൾ, ലേഖനങ്ങൾ, ഫോട്ടോകൾ, മുതലായവ പത്രാധിപർ, മലയാളരാജ്യം (തിങ്കളാഴ്ചപ്പതിപ്പ്) കൊല്ലം എന്ന മേൽവിലാസത്തിൽ ആയിരിക്കേണ്ടതാണ്. ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെ സ്വന്തംപേരിൽ അയയ്ക്കുന്ന ഗ്രന്ഥങ്ങളും ലേഖനങ്ങളും ഗൌനിക്കപ്പെടുന്നതല്ല. ലേഖനങ്ങളുടെ ദൈർഘ്യം പരിമിതമായിരിക്കേണ്ടതും കടലാസിൻെറ ഒരുവശത്തു മാത്രം മഷിയിൽ വ്യക്തമായി എഴുതിയിരിക്കേണ്ടതുമാണ്. പ്രസിദ്ധപ്പെടുത്താത്ത ലേഖനങ്ങൾ തിരിച്ചയയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം ആഫീസിൽനിന്നും വഹിക്കുന്നതല്ല. അഭിപ്രായത്തിനുള്ള പുസ്തകങ്ങളുടെ രണ്ടു പ്രതികൾവീതം അയച്ചിരിക്കേണ്ടതാണ്.

പത്രാധിപർ









മുകളിൽ ഇടത്തു്—യു. എൻ. ഒ. ജനറൽഅസംബ്ളിയുടെ ഉൽഘാടനസമ്മേളനത്തിനു സന്നിഹിതരായ സോവിയററു് ഡെലിഗേററുകൾ. മൊളോറോവു് പ്രസിഡൻറു് ട്രൂമനെ അനുമോദിച്ച സമ്മേളനമാണു്. ചിത്രത്തിൽ ഇടത്തുനിന്നു വലത്തോട്ടു്—എം. ആൻഡ്റിവിഷിൻസ്കി സോവിയററു് ഡെപ്യൂട്ടിവിദേശകാര്യമന്ത്രി, എം മൊളോറോവു്, എം. ആൻഡ്മിഗ്രാമിക്കോവു്. വലത്തു്—ബർമ്മ ഭരണപരിഷ്കാരത്തെപ്പററി മന്ത്രിസഭാംഗങ്ങളുമായി സംഭാഷണംനടത്തുന്നതിനു് ലണ്ടൻ സന്ദർശിച്ച ബർമ്മീസ്നേതാക്കന്മാരെ പ്രധാനമന്ത്രിയുടെ ഔദ്യോഗികവസതിയിൽവച്ചു സ്വീകരിച്ച അവസരത്തിൽ എടുത്ത ചിത്രം. ജനറൽ ആംഗ്സാൻ (യൂണിഫാറത്തിൽ), പെത്തിക്‌ലാറൻസ്പ്രഭു (വലതുവശം), എ. വി. അലക്സാണ്ടർ (കണ്ണടവച്ചുകൊണ്ടു് ആംഗ്സാൻെറ പിന്നിൽ), താകിൻമിയാ, യു. ബാപെ (മി: ആററ്ലിയുടെ വലതുവശം.), താഴെ ഇടത്തു്—പുതിയ ഫ്രഞ്ചുറിപ്പബ്ളിക്കിൻെറ ആവിർഭാവത്തിനുശേഷം ഏതാനുംദിവസം ഫ്രഞ്ചു്സോഷ്യലിസ്റ്റു് പ്രധാനമന്ത്രിയായിരുന്ന എം. ലിയോൺബ്ളും. വലത്തു്—ബ്രിട്ടനിലെ ചെയറിംഗ്ക്രാസ് ഭൂഗർഭസ്റ്റേഷനിൽവച്ചു നടത്തപ്പെട്ട ജെററ്എൻജിൻ എക്സിബിഷൻ. പ്രദർശനത്തിൻെറ ഒരു ഭാഗംമാത്രമാണു ചിത്രത്തിൽ കാണുന്നതു്.

# 'തെക്കൻ പയററു്'

കുട്ടികൃഷ്ണമാരാരു്.

ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരോടിയുടെ 'കേരളശാകുന്തളം' കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തർജ്ജമചെയ്തതാണെന്നൊരു കിംവദന്തി, അതു പ്രസിദ്ധീകരിച്ച കാലത്തു തൃശ്ശിവപേരൂരിൽ പ്രചരിച്ചിരുന്നുവത്രേ. ഇക്കഥ, അതിനെ എതിർക്കാൻ വേണ്ടിയാണെങ്കിലും, ആദ്യമായി അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടതു്. ഡി. പത്മനാഭനുണ്ണി എം. എ. അവർകളാലാണു്. അന്നു തൃശ്ശിവപേരൂരിൽനിന്നു പുറപ്പെട്ടിരുന്ന 'രാജർഷി' എന്ന മാസികയുടെ ൧൧൧൧ ധനുലക്കത്തിലാണു് മി. ഉണ്ണി സന്ദർഭവശാൽ അതെടുത്തു പറഞ്ഞു നിഷേധിച്ചതു്.

അതുകഴിഞ്ഞു് അടുത്തമകരം ൧൧-ാം തീയതി (൧൯ ജനുവരി ൨൬) പുറപ്പെട്ട 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ എൻെറ കേരളശാകുന്തളനിരൂപണം വന്നു. അതിൽ ഞാൻ, ഒരു സാഹിത്യനിരൂപകൻെറ അതിരുകളെ ലംഘിയ്ക്കാതെ, കേരളശാകുന്തളത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻെറ അതേ രചനാഭംഗിതികഞ്ഞ പത്തിരുപതു ശ്ലോകമുണ്ടെന്നു ചൂണ്ടിക്കാണിയ്ക്കുകയേ ചെയ്തിരുന്നുള്ളൂ; അത്രമാത്രംകൊണ്ടും ആ പുസ്തകമാകെ തമ്പുരാൻെറതാണെന്നു വിചാരിയ്ക്കുന്നതു കേവലം അബദ്ധമാണെന്നും വ്യക്തമാക്കിയിരുന്നു. ആ പത്തിരുപതു ശ്ലോകങ്ങളുടെ മിടുക്കു് ഒരു തെളിവാകുമെങ്കിൽ അതൊന്നു മാത്രമല്ലാതെ, മേല്പറഞ്ഞ കിംവദന്തിയെ സാധൂകരിയ്ക്കുന്ന മററുവല്ല തെളിവും വല്ലവർക്കും കിട്ടിയിട്ടുള്ളതായി എനിക്കറിവില്ല.

പത്തുകൊല്ലത്തിനുശേഷം ഇപ്പോഴ്, ആ കിംവദന്തിയെ ആദ്യം രേഖപ്പെടുത്തിയ മി. ഉണ്ണിയിൽ നിന്നുതന്നെ, അതിനു മറെറാരു തെളിവുകൂടി പുറത്തുവന്നിരിയ്ക്കുന്നു. ഇതാണു്, 'മലയാളരാജ്യ'ത്തിലെ സി. എം. പി., അദ്ദേഹത്തിൻെറ ഭാഷയിൽ കേരളശാകുന്തളകലാപത്തെസ്സംബന്ധിച്ചു 'തെക്കൻനായന്മാരുടേതായ ഒരു പയററു' നടത്തിയതിൽനിന്നു് ആകെയുണ്ടായിട്ടുള്ള നേട്ടം. അതു വിവരിയ്ക്കുവാൻ മാത്രമാണു് ഞാനീ കുറിപ്പെഴുതുന്നതു്.

ഈ നിരൂപകൻ എഴുതിവരുത്തിയ ശ്രീ. ആററൂരിൻെറ മറുപടിയിൽ ഇങ്ങിനെ കാണുന്നു. "ഒന്നാമതായി കുഞ്ഞിക്കുട്ടൻതമ്പുരാൻ ശാകുന്തളം തർജ്ജമചെയ്തിട്ടുതന്നെയില്ല. അതു തർജ്ജമചെയ്യാൻ അവിടുത്തോടു ചിലർ ആവശ്യപ്പെട്ടപ്പോൾ, അങ്ങിനെചെയ്താൽ വലിയകോയിത്തമ്പുരാനു രസമാവില്ലെന്നു പറഞ്ഞു് ഒഴിയുകയാണുണ്ടായിട്ടുള്ളതു്. ഈ സംഗതി ഞാൻ കൊടുങ്ങല്ലൂർ പഠിച്ചുകൊണ്ടിരുന്ന കാലത്താണുണ്ടായതു്" അതായതു, തമ്പുരാൻ ശാകുന്തളം തർജ്ജമ ചെയ്തിട്ടില്ലെന്നു മാത്രമല്ല അതു ചെയ്യില്ലെന്നു മനഃപൂർവം നിശ്ചയിച്ചിരുന്നു എന്നും, ഇതു തനിക്കു കേട്ടുകേൾപ്പിച്ചിട്ടോമററോ അല്ല നേരിട്ടു പ്രത്യക്ഷപ്രായം അറിവുള്ളതാണെന്നും ശ്രീ. ആററൂർ നമ്മോടു തീർത്തു പറയുന്നു.

മി. പത്മനാഭനുണ്ണിയുടെ മറുപടിയിലാകട്ടെ, തമ്പുരാൻ ശാകുന്തളത്തിലെ ൧൨ ശ്ലോകം തർജ്ജമചെയ്തിട്ടുള്ളതു താൻ സ്വന്തം കണ്ണുകൊണ്ടു കണ്ടിട്ടുണ്ടെന്നും പറയുന്നു!

ഇതു രണ്ടുംകൂടി നേരാവുക വയ്യല്ലോ. രണ്ടിലൊന്നു പ്രസ്താവനയിൽ അല്പമെങ്കിലും അസത്യസ്പർശമുണ്ടെന്നു തീർച്ച. ഈ പ്രസ്താവനകൾ ചെയ്ത രണ്ടുപേർക്കും അവ കൊണ്ടു സ്ഥാപിപ്പാനുള്ളതോ, ഒരൊററ സ്സംഗതിയാണു് താനും. സത്യമായ ഒരു സംഗതിയെ അതിൻെറ കേവലരൂപത്തിൽ തെളിയിപ്പാൻ അസത്യത്തിൻെറ ആവശ്യം വരലില്ല. അസത്യത്തിൻെറ ആവശ്യം വന്നുവെങ്കിൽ, അവിടെ സത്യത്തിന്നെന്തോ പന്തികേടുണ്ടെന്നു തീർച്ചയാക്കാം. അപ്പോൾ മെസ്സേഴ്സ് ആററൂരിൻെറയും ഉണ്ണിയുടെയും ഈ വിരുദ്ധപ്രസ്താവനകൾ പിണങ്ങിനിന്നു് മുൻപറഞ്ഞ കിംവദന്തിയ്ക്കു നല്ലൊരൂന്നു കൊടുക്കുന്നു.

ഇനി മി. ഉണ്ണി കണ്ടു എന്നു പറയുന്ന ആ ശ്ലോകങ്ങളുടെ കഥയന്വേഷിയ്ക്കാം. "......കേരളശാകുന്തളം പിഷാരോടി തന്നെയാണു് തർജ്ജമ ചെയ്തതെന്നു കാണിയ്ക്കുന്നതിനു് ഒരു ഒന്നാംതരം തെളിവു് പിന്നീടു് എൻെറ കൈവശം വന്നുചേർന്നു. അതു കുഞ്ഞിക്കുട്ടൻതമ്പുരാൻെറ തർജ്ജമയാണു്.......നടുവത്തുമഹൻെറ ഒരു നോട്ടുബുക്കിലാണു ഞാൻ ഇതു കണ്ടെത്തിയതു്. കുഞ്ഞിക്കുട്ടൻതമ്പുരാൻെറ തർജ്ജമ എന്നു മുകളിൽത്തന്നെ എഴുതുകയും, താഴെ നമ്പറിടാതെ ൧൨ ശ്ലോകം അതിൽ എഴുതുകയും ചെയ്തിരുന്നു. കൈപ്പട തമ്പുരാൻേറതായിരുന്നില്ല. എന്നാൽ തമ്പുരാനും ഇതു കണ്ടിരിയ്ക്കണമെന്നു് ഊഹിക്കത്തക്കവിധത്തിൽ തമ്പുരാൻെറ കൈപ്പടയിൽത്തന്നെ ഒരു ധ്വജത്തെപ്പററി ഒരു ശ്ലോകം എഴുതിയിരുന്നു.......തമ്പുരാൻെറ ൧൨ ശ്ലോകവും ഞാൻതന്നെ ചാലക്കുടിയിൽവെച്ചു പകർത്തിയെടുത്തു (പി. വി. കൃഷ്ണ) വാര്യർക്കയച്ചുകൊടുക്കുകയും, മാതൃഭൂമിയിൽത്തന്നെ അതെല്ലാം പ്രസിദ്ധപ്പെടുത്തണമെന്നാവശ്യപ്പെടുകയും ചെയ്തിരുന്നു. എൻെറ കത്തുകിട്ടിയ

(ശേഷം പതിനഞ്ചാംപേജിൽ)

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.